4) A study in 2022 shows us that 7.7 lakh students went abroad to study. Despite the presence of a deep-rooted conceptual education system and well-reputed universities and colleges such as the IITs and IIMs, it is undeniable that a considerable amount of youth prefer going abroad for higher education. While financial issues prevent some, the majority of them complete their education in Western countries. Do you think this migration pattern due to educational reasons will see a change after the NEP?

Response: Recently I had a discussion with the placement officer of a reputed autonomous arts and science college, As per his UG placement survey among third-year students. Almost 58% prefer either to do their master’s in a foreign university or to migrate. Driving factors include Quality of Life, Safe and Inclusive Environment, and Post-Graduation Work Opportunities. The initial package for graduates is much lower in India in comparison to a student getting employed after completing an academic program in a foreign university and they give an added advantage of migration over time. Factors like the standard of living, the possibility of internship (Earn while you learn), and the experiential learning framework drive them to prefer foreign degrees rather than the Indian academic system.

5. An interview becomes fun with a hypothetical question. So Professor Nikhil, let’s say you’ve been appointed by the Ministry of Education and you’re given the power amend to the policy. You can either add a new provision or delete it. What would you do?

Response: Implementation of NEP is a herculean task and the first measure would be confined to drafting a framework at the university level, and ensuring proper awareness is given to different stakeholders. Currently, the Department of Higher Education has approved the exit in the third year, at a later phase I would prefer a student should have the freedom of entry and exit and to avail of possible merits mentioned in the NEP framework like a certificate at the exit of first year and diploma in the exit of second year. We have to move along the tides, or else we will not be a front runner in higher education.

# സ്വാതന്ത്ര്യം

മഴ.. ഇരുട്ടു മൂടിയ മഴ.. സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തിൻ കീഴിൽ ഉദിക്കാൻ ധൈര്യമില്ലാതെ സൂര്യദേവൻ ഒളിവിൽ പോയിരുന്നു. മേഘങ്ങൾ കറുത്തിരുണ്ടു. ചൊമപ്പും നീലയും വെള്ളയും നിറമുള്ള കുരിശുകൾ ഇടകലർന്ന രീതിയിൽ കാണപ്പെട്ട കുടയിലേക്ക് ഇരുണ്ട മേഘങ്ങളിൽ നിന്നും മഴയാർത്തു പെയ്തു. അവളറിയാതെ ആ കുടയിൽ മുറുകെപ്പിടിച്ചിരുന്നു. കുട മറന്ന് മഴയെ പുണരാൻ കാറ്റോർമ്മിപ്പിച്ചെങ്കിലും അവൾക്കതിനു കഴിഞ്ഞില്ല. പതിയെ കാറ്റും മഴയും സ്വരൂപം വീണ്ടെടുത്തു. ആ കുഞ്ഞു കൈയിലിരുന്ന കുട ആടിയുലഞ്ഞു. കുട കാറ്റെടുത്തു.. സൂര്യൻ ധൈര്യം വീണ്ടെടുത്തു. ഇരുണ്ട മഴത്തുള്ളികൾ വെട്ടിത്തിളങ്ങി. അവളുടെ മുഖത്തെ ത്രിവർണ്ണം ജ്വലിച്ചു. അതുവരെയറിയാതിരുന്ന മഴയവളെ പുണർന്നു.. മഴയെ പുണരാതിരിക്കാൻ അവൾക്കാവുമായിരുന്നില്ല.. പച്ചയും മഞ്ഞയും നീലയും വെള്ളയും ഇളകിയൊഴുകി. അടിമത്തത്തിനും അടിമത്തത്തിനുമിടയിൽ എപ്പഴോ. ഒരു നിമിഷം.. സ്വാതന്ത്ര്യം... ഒഴുകിയിറങ്ങിയ നിറങ്ങളെല്ലാം അതിനകം ഏകത്വം കൈ വെടിഞ്ഞിരുന്നു. നേരമൊട്ടും പാഴാക്കാതെ തന്നെ അവയവളെ തേടിയെത്തി. പുതുതായി കിട്ടിയെന്ന് കരുതിയ സ്വാതന്ത്ര്യം മുതലാക്കി അവൾ നിറങ്ങൾ മാറി മാറി ചൂടി., നിറങ്ങളാണവളെ തിരഞ്ഞെടുത്തതെന്നറിയാതെ.. ഇടയ്ക്കെപ്പഴോ നനവിന്റെ ഓർമകൾ അവളെ തേടിയെത്തിയെങ്കിലും നനയാൻ അവൾക്കായില്ല. സൂര്യൻ പതിയെ മറഞ്ഞു. ഇരുണ്ട മേഘങ്ങൾ നിറഞ്ഞു. മഴ ശമിച്ചു.. ഭൂമി വരണ്ടുണങ്ങി. മറഞ്ഞ സൂര്യനെ പിടിച്ചുകെട്ടാനെന്നോണം ഉയരമുള്ള ഇന്ദീവരത്തിന്റെ കീഴിലൊരാ കൂട്ടം നിറഞ്ഞു.ആ കൂട്ടത്തിൽ തനിയെ അവൾ.അവരുടെ കഴുത്തിലെ കുടുക്കുകൾക്ക് അധികം നീളമുണ്ടായിരുന്നില്ല. അവ ഇന്ദീവരത്തിന്റെ ചുവട്ടിലവസാനിച്ചു. പുതുതായി കിട്ടിയെന്ന് പറയപ്പെടുന്ന സ്വാതന്ത്ര്യത്തിന്റെ പാടുകൾ തെളിഞ്ഞുകാണാം. ഒഴുകിവീണ നിറങ്ങളൊക്കെയും ആ കുടുക്കിനറ്റത്തുണ്ടായിരുന്നു. ആ കൂട്ടം തലതാഴ്ത്തി ഇരുന്നു. കൈയിൽ അഞ്ചിഞ്ചോളം വലിപ്പമുള്ള ഒരു യന്ത്രം പ്രവർത്തിച്ചുകൊണ്ടിരുന്നു, ആ യന്ത്രത്തിനനുസൃതമായി അവരും.. അവളുടെ കൈയിലും ആ യന്ത്രമുണ്ടായിരുന്നു, പ്രവർത്തനമില്ലാതെ.. ദേഹം വിയർത്തൊഴുകിയിരുന്നെങ്കിലും അവളൊഴികെ മറ്റാരെയും അതലട്ടിയില്ല. ചുടുകാറ്റിൽ അവളുടെ നരച്ച മുടികൾ കൊഴിഞ്ഞു വീഴാൻ കാത്തുനിന്നു. പൊടുന്നനെ ഒരു മഴത്തുള്ളി അവളുടെ നെറ്റിയിൽ പതിച്ചു. ഒരു നിമിഷം.. അടിമത്തത്തിനും അടിമത്തത്തിനുമിടയിലെ ആ ഒരു നിമിഷം അവളിലേക്ക് വന്നു നിന്നു. എന്നാലാ കൂട്ടം നിറംനിറഞ്ഞതങ്ങളുടെ കുടക്കീഴിലേയ്ക്ക് ചൂണ്ടു. അവൾ നിവർന്നു നിന്നു.. കൈകൾ വിടർത്തി.. കണ്ണടച്ചു.. കഴുത്തിലെ കുരുക്ക് പൊട്ടിച്ചിതറി.. അവൾ മഴയെ പുണർന്നു, മഴയവളെയും.. ഇതു കണ്ടവർ അവളുടെ മീതെ കുട ചൂടി. ചിലരവളെ പ്രഹരിച്ചു,



AKASH TOM THOMAS
MA SOCIOLOGY



കുടയുടെ കീഴെ ഒളിഞ്ഞിരുന്ന ഒരുവനിൽ ഇതുകണ്ട് രോഷമെരിഞ്ഞുകയറി. അവൻ തന്റെ കൈയിലിരുന്ന യന്ത്രമെടുത്ത് ആ ചിത്രം പകർത്തി. ഒപ്പം താഴെ 'ഫീലിംഗ് ആംഗ്രി' എന്ന ഭാഗം തിരഞ്ഞെടുത്ത് മറ്റുള്ളവർ കാണും വിധം ആംഗലേയ ഭാഷയിൽ നീണ്ടയൊരു കുറിപ്പെഴുതാനാരംഭിച്ചു. ഇനിയവളെ മഴയിൽ നിന്നു വേർപെടുത്താനാവില്ലെന്ന് തിരിച്ചറിഞ്ഞ ആ കൂട്ടം അവളെ നനവേക്കാത്ത, പ്രാണൻ കിട്ടാത്ത ഒരു ചില്ലുകൂട്ടിലടച്ചു. ശ്വാസം കിട്ടാതെയവൾ പിടഞ്ഞു. അവരവളെ ചുമന്ന് ഇന്ദീവരത്തിന്റെ പുറത്തു കൊണ്ടുവന്ന് കുഴിച്ചുമൂടി. എന്നാൽ ചില്ലു തകർത്ത് അവൾ വീണ്ടും മഴയെ പുണരുമെന്നവർ ഭയന്നു. അവൾക്ക് പിൻഗാമികളുണ്ടാകുമെന്നവർ ഭയന്നു. കുഴി തുറന്ന് അവരവളെ പുറത്തെടുത്തു, അവൾ ചിരിക്കുന്നുണ്ടായിരുന്നു. അവരിലൊരാൾ അവളുടെ നെഞ്ചിനുനേരെ കാഞ്ചി വലിച്ച് വെടിയുതിർത്തു. മരണമുറപ്പാക്കാൻ വീണ്ടും അതാവർത്തിച്ചു. ഇരുട്ട്.. മഴയാർത്തുപെയ്തുകൊണ്ടിരുന്നു, മറ്റൊരുവളെ തേടി.. എന്നാൽ മറ്റാരും കുടയ്ക്ക് പുറത്ത് വന്നില്ല. രോഷാകുലൻ പതിയെ തലയുയർത്തി നോക്കി. അല്പമകലെ മഴയിൽ ഒരു ചില്ലുകൂട് കെട്ടിത്തൂക്കിയിരുന്നു. അവ്യക്തമായി അവൻ കണ്ടു, അവളെ. അവൾ ചിരിക്കുന്നുണ്ടായിരുന്നു. കീഴടങ്ങാത്തൊരു ചിരി.

- സ്വാതന്ത്ര്യം.





JANET D JOY
BCJ

# കാലം അടർത്തി മാറ്റിയ സ്വപ്നങ്ങൾ

പുലരിയുടെ മായാജാലങ്ങളുടെ നേർത്ത ശ്വാസത്തിൽ അങ്ങനെ മറ്റൊരു ജന്മം കൂടി പറന്ന് അകന്നു. മനുഷ്യമനസ്സിന്റെ തീവ്രമായ ബന്ധനക്കുരുക്കിൽ പെട്ട്, അവളും കീഴടങ്ങി ഒരു ദിവസം. ഞെട്ടലോടെയാണ് കേട്ടത്, പക്ഷേ അതിലും ഉപരി ഒരു നിശ്ചലതയാണ് മനസ്സിൽ കടന്ന് കയറിയത്. എന്തേ മനുഷ്യർ അവർ പോലും ചെയ്യാത്ത പാപത്തിന് മറ്റ് മനുഷ്യർ കാരണം കേവലം ഒരു ഇരയായി മാറുന്നു. സ്വപ്നത്തിന്റെ പട്ട് കുപ്പായം നെയ്ത് തീരാൻ സമ്മതിക്കാതെ, സ്വർണ്ണ ബോർഡിൽ കൊത്തി വെച്ച ഒരു പേര്മാത്രം, കണ്ട സ്വപ്നങ്ങളുടെ അടയാളമായി ബാക്കി വെച്ച്, ഒരു നീച മനുഷ്യന്റെ കത്തിയ്ക്ക് ഇരയായി മറ്റൊരുജന്മം കൂടി. ഇനിയെത്ര മനുഷ്യരുടെ ചെയ്തികൾക് മറ്റൊരു സ്ത്രീജന്മം കൂടെ ഇരയാകും? മറ്റൊരുവന്റെ സ്വാതന്ത്ര്യ അധികാരത്തിന്റെ മുനയിൽ നിന്ന് വെട്ടിമാറ്റിപെടേണ്ടവർ അല്ല സ്ത്രീകൾ എന്ന് ഈ നാടിനും ലോകത്തിനും മനസ്സിലാകാൻ ഇനി എത്ര നാൾ കൂടി? ഇത് നാടിനെ സംരക്ഷിക്കാൻ ഒരുങ്ങിയ ഒരു പെൺകുട്ടിക്ക്, നമ്മുടെ നാട് നൽകാഞ്ഞ സുരക്ഷിതത്വത്തിന്റെ അടയാളമല്ല എന്ന് പറയാൻ സാധിക്കുമോ? ശുശ്രുശിക്കാൻ എത്തിയ മനുഷ്യന്റെ നെഞ്ചിൽ ആഴത്തിൽ മുറിവേൽപ്പിക്കുവാൻ സാധിക്കുമെങ്കിൽ, ഈ നാടിന്റെ മനുഷ്യതത്തിന്റെയും കാവലിന്റെയും ആഴം എത്രത്തോളം പോയിട്ടുണ്ട് എന്ന് ഊഹിക്കാൻ സാധിക്കുമല്ലോ. സ്വപ്നം കാണാൻ പഠിപ്പിക്കേണ്ട മനുഷ്യർ അതിന്റെ തിരി ഊതിക്കെടുത്താൻ ഇടയാകുന്നു! ഈ ഒരു വാർത്തയ്ക്ക് ശേഷം, മനസ്സ് എവിടെയൊക്കെയോ, ഇതിന് വേണ്ടി രാവുകൾ പകലാക്കിയ അവളുടെ കണ്ണുകളിലേക്ക് എത്തി. ഒരുപാട് ആശയോടെ ധരിച്ച ആ വെള്ളക്കുപ്പായത്തിൽ വെറുപ്പിന്റെ ചുവന്ന ചോര തുള്ളിവീണപ്പോൾ, മനസ്സിൽ അറിയാതെ എങ്കിലും അവളുടെ ഈ സ്വപ്നത്തെ അവൾ വെറുത്തിട്ടുണ്ടാവും. അതിന്കാരണമായത്, അഭിമാനത്തോടെ കേരളീയർ എന്ന് വിശേഷിപ്പിക്കുന്ന നമ്മൾ തന്നെയല്ലേ? ഓരോ മരണവും വാർത്തയാകുമ്പോൾ, ചൂട് ചർച്ചാ വിഷയമായി അത് മാറും എന്നല്ലാതെ, ഈ സംവിധാനത്തിന് എന്നാണ് മാറ്റം സംഭവിക്കുക? ഇനി എത്ര നാളുകൾ കഴിഞ്ഞാൽ, നമ്മുടെ സമൂഹത്തോട് നമ്മൾ പറഞ്ഞ് പഠിപ്പിക്കും വിവേചനമില്ലാത്ത, വ്യത്യാസങ്ങളില്ലാത്ത സ്നേഹത്തിന്റെ പാഠങ്ങൾ? ഓരോ തെറ്റ് കാണുമ്പോൾ, ശകാരമല്ലാതെ, മനസ്സിലാക്കിതിരുത്താൻ? വളർന്ന് വരുന്ന തലമുറകൾക്ക്, നൽകാൻ എന്ത് പാഠമാണ് ഇങ്ങനത്തെ ഓരോ സാഹചര്യങ്ങൾസൃഷ്ടിക്കുന്നത്?

വന്ദന,

മനസ്സിൽ തട്ടി നിങ്ങൾക്ക് ഞാൻ ആദരാഞ്ജലി അർപ്പിക്കുന്നു. ഈ നാട് നിങ്ങൾക്ക് നൽകാതിരുന്ന സംരക്ഷണത്തിന് വേണ്ടി നിങ്ങളുടെ പുറകെ വളർന്ന് വരുന്ന തലമുറ ഉത്തരം ചോദിക്കും. നിങ്ങളെ ചേർത്ത്പിടിക്കാൻ കഴിയാതെ പോയ അധികാരികൾക്ക് മുന്നിൽ നിങ്ങളുടെ ജീവിതം ഒരു അടയാളമാണ് എന്നും. ഒരു ഓർമ്മപ്പെടുത്തലാണ്. അവസനമായി ഇട്ട ആ വെള്ളക്കുപ്പായത്തിന്റെ വെൺമ, ഒരു ചുവന്നതുള്ളിക്കും മായിക്കുവാൻ സാധിക്കില്ല. ജീവിതത്തിന്റെ ഈ ഓട്ടത്തിൽ, നിങ്ങൾ വേഗം മാഞ്ഞുവെങ്കിലും, മനസ്സിൽ എന്നും നേറവ് പടർത്തി നിങ്ങൾ ഇവിടെ ഈ നാട്ടിൽ എന്നും ജീവിക്കും. മായില്ല നിങ്ങൾ അവസാനമായി പൊഴിച്ച കണ്ണീർ തുള്ളികൾ. അത് എന്നും ഈ മണ്ണിൽ അങ്ങനെ തന്നെ, മായാതെ കിടക്കും. ഒരു ആയുഷ്കാലം നിങ്ങൽ കണ്ട സ്വപ്നങ്ങളുടെ അടയാളമായി. നിങ്ങളെ എന്നും ചേർത്തുപിടിക്കാൻ ആഗ്രഹിച്ച നിങ്ങളുടെ മാതാപിതാക്കളുടെ നേറവായി. ഇവിടെ തങ്ങി നിൽക്കും ആ കണ്ണീർ!



ATHUL RONY

# നിനക്കായി ഞാൻ



DONIYA MARY ROY
BA ECONOMICS

ഉരുകുന്ന ഹൃദയവുമായി ഞാൻ
മറ്റാരും കാണാതെ ഏകയായി
എൻറെ നൊമ്പരങ്ങൾ വേദനകൾ
എൻ ഹൃത്തിൽ താഴിട്ടുപൂട്ടി.

വേദനയുടെ ഏകാന്ത നിമിഷങ്ങളിൽ
നീ മാത്രമാണ് എൻ ആശ്രയം
എൻ ഹൃദയം നിനക്കായി തുടിക്കുന്നു
നാഥനായ നിന്നെ തേടി .

ഏകാന്തതയിൽ ഞാൻ നിന്നെ കണ്ടു.
എന്റെ വേദനകൾ നിനക്കു ഞാൻ സമർപ്പിച്ചു
നിൻ സ്നേഹം എനിക്ക് ആശ്വാസം നൽകി
നിൻ കൈകൾ എനിക്ക് താങ്ങായി.

എന്റെ നാഥനെ പോലെ
ഞാനും നൽകുന്നു എൻ ജീവിതം
മറ്റാരുടെയോ സന്തോഷത്തിനുവേണ്ടി
അവരുടെ നിറഞ്ഞ പുഞ്ചിരിക്കു വേണ്ടി





# 6:50PM

6:50PM
6:50PM



MALINI JAYAN
BA ENGLISH

It's 6:50
I'm going home in a dingy, crowded bus.
Luckily, I had a seat near the window.
I had my earphones on, and Frank Ocean's Ivy was playing.
The road is heavily lit by the Christmas lights from the shops.
Families are doing their last-minute Christmas shopping.
Couples walking, hand in hand.
People being people.
While I'm lost in Ocean's saddest of songs, oblivious to the whole Christmas spirit.
My mind kept racing back to the times when we kept pursuing something that now seems non-existent. Were we delusional, or was it just me? But how can I let bygones be bygones? Maybe my mind can't really grasp what's gone. Maybe they were right—thinking too much is really a deadly disease. Time slipped away, and here we are going insane in our separate prisons, dreaming about a getaway, a vanishing act to the greatest city in the world. And Frank sang, "We both know that deep down, the feeling still deep down is good". Is it? Or are those feelings being put on the back burner to decay, never to be resurrected? This, my dear one, is truly the work of unhinged minds.

# പോയിമറഞ്ഞ കിനാവുകൾ

പുൽക്കൊടി തുമ്പിലെയവസാന തുള്ളിയും
വിറങ്ങലിച്ചുടഞ്ഞു വിതുമ്പുന്ന നേരം
ഹൃദയം നുറുങ്ങിയൊലിക്കുന്ന കൺ കളാൽ ജീവന്റെ താളം മുറുകുന്നതും നോക്കി വെറുതെ
ഞാനിരുന്നു.
ബോധാബോധ നിമിഷങ്ങളിൽ
മങ്ങിമായുന്ന ചിത്രങ്ങളെടുക്കാനാവാത്ത
വ്യഥയോടെ മെല്ലെ ചലിക്കുന്ന കണ്ണിമകൾ
പറയാതെ എന്തോ പറയുന്നുണ്ടോ ഉള്ളിൽ നിങ്ങുന്ന ദുഃഖത്തിൽ തുള്ളികൾ
വിറക്കുന്ന കരങ്ങളാൽ ഒപ്പിയെടുക്കാൻ
കനിഞ്ഞു നൽകിയോ നിമിഷമെൻ വ്യഥയോ അസുലഭ ഭാഗ്യമോ
കാതങ്ങൾ പിന്നിട്ട് തളർന്ന പാദങ്ങളും
ശീതളച്ഛായയായ് താങ്ങിയ കരങ്ങളും
മഞ്ഞുപോൽ മരവിച്ചുവോ,
കോച്ചി വലിച്ചു വിറയ്ക്കുന്നു. ചുണ്ടുകളൊ
പറയാൻ വിതുമ്പുന്നുവോ പാതിയടഞ്ഞൊരാമിഴികളും മെല്ലെ
യാത്രാമൊഴിചൊല്ലും പോലെ ഒന്നിനു മാവാത്ത മാനസം പേറിയെൻ കരങ്ങൾ മെല്ലെയാ
നെഞ്ചിൽ തങ്ങിനിന്നു പൊയ്പോയ കാലത്തിന്റെ ബാക്കി പ്രതംപോലെ
പൊങ്ങിയും താണും മുറുകുന്ന താളം ചുറ്റിലും നിറയുന്ന പ്രാർത്ഥനാ മന്ത്രങ്ങൾക്കൊടുവിൽ
വിധിയുടെ കാലൊച്ചയെത്തി വന്യമായി നിറയുന്ന ശൂന്യതമാത്രം
ഒരു അമ്മ പാപത്തിനന്ത്യമായിവിടെ



STEFFY ANNA THOMAS
BSC PSYCHOLOGY





SIYANA SAKEER
BSC PSYCHOLOGY

# THE MYSTERIOUS FEAR



The failure of my past clouting
Or the anxiety of the forthcoming.
When or where did set the foot in
The strange fear, to win.
Pouring out the gloomy?
Or the negatives through me?
Being myself was the wrong
Taught the fright and it did prolong.
All the days with the reason unknown
The self-doubting me had grown.
Every drop of happiness in the sphere
Was glided away in the sunshade of my fear.
In each cherishing laughter
Came the knock to shatter.
Are you okay again?
He made the moment go vain.
The fear to forlorn
Or the fear of letting others down.
Ever new mate I found
Your pull downed me.
The smile with fear was a sign
The courageous me that could shine.
Until it shone, was everything a failure
To myself was I being a liar.
Fighting you back to the mysterious when and where
Is when I felt the happiest air!

# യഥാർത്ഥ സ്വാതന്ത്ര്യം.....

വർഷം 1989.
ചൈനയിലെ ടിയാൻമെൻ സ്ക്വയറിൽ രാജ്യം കണ്ടതിൽ വച്ച് ഏറ്റവും വലിയ വിദ്യാർത്ഥി പ്രക്ഷോഭങ്ങൾ നടക്കുന്ന സമയം.



NIMISHA JOLY
MA SOCIOLOGY

ബെയ്ജിങ്ങിലെ പ്രധാന പൊതു ഇടങ്ങളിൽ ഒന്നായ ആ ചത്വരത്തിൽ ഒത്തുകൂടിയ ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക് ഒരൊറ്റ ആവശ്യമേ ഉണ്ടായിരുന്നുള്ളൂ; ജനാധിപത്യം. വെറും ജനാധിപത്യമല്ല. സ്വതന്ത്ര്യവും, മാനവികതയും ഉയർത്തിപ്പിടിക്കുന്ന ഒരു ജനാധിപത്യ രാഷ്ട്രം. അതായിരുന്നു അവരുടെ ലക്ഷ്യം.

എന്നാൽ സമാധാനപരമായി നടത്തുന്ന ഈ പ്രക്ഷോഭത്തെ ഉരുക്കുമുഷ്ടി കൊണ്ട് അടിച്ചമർത്താനാണ് ഏകാധിപത്യ സ്വഭാവമുള്ള ചൈനീസ് സർക്കാർ ശ്രമിച്ചത്. അതിനായി യന്ത്രത്തോക്കുകളുമായി ഒരു വലിയ സൈന്യത്തെയും, ഒരു സംഘം ടാങ്കുകളെയും അവർ പ്രക്ഷോഭം നടക്കുന്നിടത്തേക്ക് അയച്ചു. ചരിത്രത്തിൽ ആദ്യമായി ഒരു സർക്കാർ സ്വന്തം ജനങ്ങളോട്, അതും രാജ്യത്തിൻറെ ഭാവിവാഗ്ദാനങ്ങളായ വിദ്യാർത്ഥികളോട് നടത്തുന്ന യുദ്ധപ്രഖ്യാപനം. രാജ്യത്തിനകത്തെ കടുത്ത സെൻസറിങ് കാരണം വാർത്തകൾ വളരെ കുറച്ച് മാത്രമാണ് പുറത്തേക്ക് പോയിരുന്നതെങ്കിലും, ചൈനയിൽ നിന്നുള്ള ഓരോ വാർത്തകൾക്കും വേണ്ടി ലോകം കാതോർത്തിരുന്ന സമയമായിരുന്നു അത്. പക്ഷെ അതൊന്നും ചൈനീസ് സർക്കാരിന് ഒരു വിഷയമേ അല്ലായിരുന്നു.
പക്ഷെ, അന്ന് അവർ ഒരിക്കലും പ്രതീക്ഷിക്കാത്ത ഒരു അത്ഭുതം നടന്നു. ടിയാന്മെൻ സ്ക്വയറിലേക്ക് ഇരച്ചെത്തിയ ടാങ്കുകൾ തടഞ്ഞുകൊണ്ട് ഒരു മനുഷ്യൻ അവയ്ക്ക് മുന്നിലേക്ക് കയറി നിന്നു. അതും ഒരു സാധാരണക്കാരൻ. ജോലി കഴിഞ്ഞ് സാധനങ്ങളുമായി വീട്ടിലേക്ക് പോകുന്നത് പോലെ ഒരു കയ്യിൽ ബാഗും, മറ്റേ കയ്യിൽ സാധനങ്ങളുടെ സഞ്ചിയും പിടിച്ച് നിന്ന ഒരു ശരാശരി മനുഷ്യൻ. അയാളാണ് അന്ന് ലോകത്തിലെ മൂന്നാമത്തെ സൈനികശക്തിയായ ഒരു രാജ്യത്തിൻറെ ടാങ്കുകൾക്ക് മുന്നിൽ നെഞ്ചും വിരിച്ച് നിന്നത്. ഇന്നും ആ മനുഷ്യൻ ആരെന്നോ, അയാൾക്ക് എന്ത് സംഭവിച്ചെന്നോ ആർക്കുമറിയില്ല. പക്ഷെ ഒന്ന് മാത്രമറിയാം. അവിടെയുണ്ടായിരുന്ന ജനങ്ങൾ പിടിച്ച് മാറ്റിയില്ലായിരുന്നെങ്കിൽ അയാൾ ഉറപ്പായും ടാങ്കിന്റെ അടിയിൽ പെട്ട് മരിച്ചേനെ. അത്ര മാത്രം ദൃഢനിശ്ചയത്തോടെ ആ ടാങ്കുകൾക്ക് വിലങ്ങനെ കയറി നിൽക്കാൻ അയാൾക്ക് മുന്നിൽ ഒരു കാരണം മാത്രമേ ഉണ്ടായിരുന്നു; സ്വാതന്ത്ര്യം. തന്റെയും, ചുറ്റുമുള്ളവരുടെയും സ്വാതന്ത്ര്യത്തിനും, അവകാശങ്ങൾക്കും വേണ്ടിയുള്ള മുറവിളികളെ ഇല്ലാതാക്കാനാണ് ആ ടാങ്കുകൾ പോകുന്നതെന്ന് മനസ്സിലാക്കിയാണ് അയാൾ അന്ന് അങ്ങനെ ചെയ്തത്. ചൈനീസ് പട്ടാളത്തിന്റെ നേതൃത്വത്തിൽ നടന്ന നരനായാട്ടിൽ ആയിരിക്കണക്കിന് വിദ്യാർത്ഥികളാണ് അന്ന് കൊല്ലപ്പെട്ടത്. ഇന്ന് അത്തരത്തിലുള്ള പ്രക്ഷോഭങ്ങൾ പോയിട്ട്, ഈ സംഭവത്തിന്റെ ഓർമ്മകൾ പോലും കൊണ്ടാടാൻ സർക്കാർ സമ്മതിക്കില്ല. പക്ഷെ ജനാധിപത്യം പുലരുമെന്ന് പ്രതീക്ഷിക്കുന്ന ഓരോ വ്യക്തിയുടെയും ഉള്ളിൽ ടിയാൻമെൻ സ്ക്വയറും, ടാങ്ക് മനുഷ്യനും എന്നും ജ്വലിക്കുന്ന ഓർമ്മകളായി നിലനിൽക്കുമെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട.



# കളിപ്പാട്ടം



SNEHA C P
MA SOCIOLOGY

ഒരു രാത്രി കൂടി പോയ് മറഞ്ഞു. പുലർച്ചെ അലാറം അടിക്കുന്നതു കേട്ടാണ് ഞെട്ടി എഴുന്നേൽക്കുന്നത്. അപ്പോളും ഉള്ളിൽ ഒരു ഭീതി നിറഞ്ഞു നിൽക്കുന്നുണ്ടായിരുന്നു. അലാറം ഓഫ് ചെയ്ത് മുടിയും വാരി കെട്ടി അടുക്കളയിലേക്ക് പോയി. ചായവെക്കലും കുളിയും കഴിഞ്ഞു റൂമിലേക്ക് പോകാൻ നിൽകുമ്പോളായിരുന്നു അമ്മ ഉറക്കം ഉണർന്നു വന്നത്.  ഒന്ന് മാത്രമേ അമ്മ ചോദിച്ചൊള്ളു, പോകാൻ തന്നെ തീരുമാനിച്ചോ? ഒരു നെടുവീർപ്പോടെ ഞാൻ അതെ എന്ന് മറുപടി പറഞ്ഞു റൂമിലേക്ക് പോയി. സാരി മാറുന്നതിനിടയിൽ കണ്ണുകൾ കണ്ണാടിയിൽ ഉടക്കി. കണ്ണാടിക്ക് മുന്നിൽ നിന്നതും ഭൂതകാലത്തിലേക്ക് എന്നെ ഓർമ്മകൾ തള്ളിയിട്ടു. അവിടെ ചിരിക്കുന്ന മുഖമുള്ള സ്മാർട്ട് ആയ ഒരു പെൺ കുട്ടിയെ കണ്ടു. ഇപ്പോൾ ആ ചിരിയെത്ര വികൃതമാണ് എന്ന് ഞാൻ തിരിച്ചറിഞ്ഞു. അതൊന്നും വകവെക്കാതെ വസ്ത്രം മാറി പാക്ക് ചെയ്തു വച്ച ബാഗും തൂക്കി പുറത്തേക്കിറങ്ങി. ആ വീട്ടിൽ ഇനി ആരോടും യാത്ര പറച്ചിലിന്റെ ആവശ്യം ഇല്ലായിരുന്നു. 6 മണിക്ക് ഉള്ള ട്രെയിൻ ആണ് ബുക്ക് ചെയ്തിട്ടുള്ളത്. റെയിൽവേ സ്റ്റേഷനിൽ എത്തി ട്രെയിൻ കണ്ടുപിടിച്ചു അതിൽ കയറി ഇരുന്നു. വിന്റോയിലൂടെ പുറത്തേക്ക് നോക്കുന്നതിനിടയിൽ മറ്റു പല സീറ്റിലും ആളുകൾ വന്നിരുന്നു. ട്രെയിൻ പുറപ്പെട്ടു ഞാൻ അപ്പോളും പുറത്ത കാഴ്ചകളിൽ മുഴുകി. അതുമാത്രമായിരുന്നു എനിക്ക് മടുപ്പു തോന്നാത്ത ഒന്ന്. അതിനിടയിൽ തൊട്ടടുത്തിരുന്ന ഒരു ദമ്പതികളുടെ മേൽ എന്റെ കണ്ണുകൾ ഉടക്കി. അവരുടെ കണ്ണുകളിൽ വല്ലാത്ത നിരാശ ഒളിഞ്ഞു കിടക്കുന്നത് കണ്ടു അതോടൊപ്പം വറ്റിവരണ്ട കണ്ണുനീരും തൊട്ടപ്പുറത്തിരുന്ന ഒരാൾ ഉറക്കെ അയാളുടെ കയ്യിലുണ്ടായിരുന്ന പത്രം വായിച്ചു പെൺ കുഞ്ഞിനെ പ്രസവിച്ചതിന്റെ പേരിൽ അമ്മായിമ്മ മരുമകളെ മർദിച്ചു ഇതായിരുന്നു വാർത്ത. അയാൾ അതോടൊപ്പം കൂട്ടിച്ചേർത്തു പറഞ്ഞു എന്തൊരു ദുഷ്ടയായ സ്ത്രീ, അവരും ഒരമ്മയല്ലേ എങ്ങനെ ഇത് സാധിക്കുന്നു എന്നും! ഇത് കേട്ടതും തൊട്ടപ്പുറത്തെ ദമ്പതികൾ മുഖാമുഖം നോക്കുന്നത് കണ്ടു ഞാൻ ചോദിച്ചു എന്തുപറ്റി? അത്രയും നേരം ശാന്തയായിരുന്ന ആ സ്ത്രീയുടെ കണ്ണുകൾ നിറഞ്ഞു കൊണ്ട് പറഞ്ഞു കല്ല്യാണം കഴിഞ്ഞു 8 വർഷമായി ഇത് വരെ ഒരു കുഞ്ഞിനെ ഞങ്ങൾക്ക് കിട്ടിയില്ല. കുഞ്ഞില്ലാത്തതിനാൽ അമ്മായിഅമ്മയുടെയും നാട്ടുകാരുടെയും കുത്തുവാക്കുകളും അപമാനങ്ങളും സഹിച്ചു. ഇനി ചെയ്യാത്ത വഴിപാടുകളില്ല കാണിക്കാത്ത ഡോക്ടർമാരും! എന്ത് പറഞ്ഞു ആശ്വസിപ്പിക്കണം എന്ന് എനിക്കറിയില്ലായിരുന്നു. എങ്കിലും നിങ്ങൾ ആഗ്രഹിക്കുന്ന പോലെ നടക്കും എന്ന് പറയാനെ എനിക്ക് കഴിഞ്ഞൊള്ളൂ . ഇത് കേട്ടതും പത്രം വായിച്ചിരുന്ന ആൾ അത് മടക്കി വച്ചു നിശബ്ദനായി. എനിക്കിറങ്ങേണ്ട സ്റ്റേഷൻ എത്തി അവരോട് യാത്ര പറഞ്ഞിറങ്ങി. അടുത്തുള്ള ഓട്ടോ സ്റ്റാൻഡിൽ ചെന്ന് ഓട്ടോ പിടിച്ചു. എനിക്ക് പോകണ്ട സ്ഥലം പറഞ്ഞു. ഓട്ടോ ഓടിക്കുന്ന ചേട്ടൻ അതിനിടയിൽ കുശലാന്വേഷണം നടത്തി. ചെറിയ ഒരു ട്രാഫിക് ബ്ലോക്ക് കിട്ടി, അപ്പോളായിരുന്നു ഒരു സ്ത്രീ കരഞ്ഞു കൊണ്ട് പോകുന്നത് കണ്ടത് . ആ സ്ത്രീയെ കണ്ട് ഓട്ടോ ചേട്ടൻ പാവം എന്ന് പറയുന്നുണ്ടായിരുന്നു.






ഞാൻ ഒരു പരിഭ്രമത്തോടെ ചോദിച്ചു എന്താ അങ്ങനെ പറഞ്ഞത്?. അവര് കരയാൻ കാരണം അതാണ് എന്ന് പറഞ്ഞു ഒരു ഇൻഫെർട്ടിലിറ്റി ക്ലിനിക് ചൂണ്ടി കാണിച്ചു. ഒരു പക്ഷെ അവസാന കച്ചിത്തുരുമ്പും കൈവിട്ടു എന്ന് ഡോക്ടർ പറഞ്ഞു കാണും. കുഞ്ഞുങ്ങളില്ലാത്ത വീട് എന്തിനുകൊള്ളും എന്ന വാക്കിലെ ഒളിഞ്ഞിരിക്കുന്ന കത്തി അവരെ കൊന്നു കളഞ്ഞു കാണും എന്ന് ഞാൻ മനസ്സിൽ കരുതി. ആ ക്ലിനിക്കിൽ വേറെയും ആളുകൾ ഉണ്ടായിരുന്നു എല്ലാവരും മരണവീട്ടിലെ ദുഃഖം പേറി ഇരിക്കുന്നവർ ആയിരുന്നു. ഓട്ടോ നീങ്ങി തുടങ്ങി. എന്റെ ഭാര്യയും ഒരിക്കൽ ഇവിടെനിന്ന് കരഞ്ഞിറങ്ങിയതായിരുന്നു. ഞങ്ങളുടെ വിവാഹം കഴിഞ്ഞു 17 വർഷം ആയി ഇത് വരെ കുട്ടികളില്ല. എന്നെക്കാൾ ചോദ്യങ്ങൾ കൊണ്ട് മൂടുന്നത് അവളെയായിരുന്നു, പാവം കേൾക്കാവുന്നതിന്റെ അധികവും കേട്ടു അവസാനം ഞങ്ങൾ ഇവിടെ എത്തി ഡോക്ടർ പൂർണമായും വിധി എഴുതി കുട്ടികൾ ഉണ്ടാകില്ലെന്ന്. ഇത് അറിഞ്ഞതും മറ്റൊരു വിവാഹത്തിന് എന്നെ നിർബന്ധിച്ചു എത്രയൊക്കെ ആയാലും എന്നെ വിശ്വസിച്ചു വന്നവളാ എനിക്ക് കൈവെടിയാൻ മനസു വന്നില്ല. ഇത്രേം കേട്ടതും എന്റെ കണ്ണ് നിറഞ്ഞു എന്നെ ഇതുപോലെ അരു ആശ്വസിപ്പിച്ചിരുന്നെങ്കിൽ എന്ന് ആശിച്ചു. പക്ഷെ അത് വെറും സ്വപ്നം ആയിരുന്നു ഒരിക്കലും നടക്കാത്ത സ്വപ്നം. ഇന്ന് അരുണിന്റെ വീട്ടിൽ നിന്നും ഇറങ്ങി പോകുന്ന വരെ അരു പറയാത്ത നടക്കാത്ത സ്വപനം. മറ്റൊരു വിവാഹം മനസിൽ കാണുന്ന അരുണിനും വീട്ടുകാർക്കും പ്രസവിക്കാത്ത ഒരുവളെ ഭാര്യയായും മരുമകളായും കാണാൻ പറ്റാത്ത സ്വപനം.

മോളെ.... പെട്ടന്ന് സ്വബോധം വീണ്ടു കിട്ടി. സ്ഥലം എത്തി എന്ന് ഓർമ്മപ്പെടുത്തി. ഓട്ടോ ചാർജ് കൊടുത്തു, പുതുതായി കിട്ടിയ ടീച്ചർ പോസ്റ്റിൽ ജോയിൻ ചെയ്യാൻ വന്നതായിരുന്നു അവിടേക്ക്. ഒരു ടീച്ചറിന്റെ സഹായത്തോടെ പ്രിൻസിപ്പാലിന്റെ റൂമിലെത്തി. ഇരിക്കൂ... പേരെന്താ എന്ന് ചോദിച്ചു്. ഞാൻ മറുപടി പറഞ്ഞു രേവതി എം. എസ്. മറ്റു ഫോർമാലിറ്റി കഴിഞ്ഞു പുറത്തിറങ്ങി നേരം ഉച്ചയായിരുന്നു. കുറച്ചു നേരം മുന്നോട്ട് നടന്നു പോകുന്നതിനിടയിൽ വഴിയരികിൽ ചിരിക്കുന്ന മുഖമുള്ള ഒരു കുട്ടിയെ കണ്ടത്. നാടോടി കൂട്ടിയാണ്. നല്ല ഓമനത്തമുള്ള മുഖം അത്രയും നേരം ചിരിച്ചിരുന്ന അവൻ പിന്നീട് എന്തോ ഒന്നിനെ ലക്ഷ്യം വച്ചു കരയാൻ തുടങ്ങി അവന്റെ അമ്മക്ക് അത് വാങ്ങിച്ചു കൊടുക്കാൻ നിവർത്തിയില്ലയിരുന്നു. തൊട്ടിപ്പുറത്ത് ഒരു വഴിയോര കച്ചവടകാരൻ ഭംഗിയുള്ള കുറെ കളിപ്പാട്ടങ്ങൾ നിരത്തി വച്ചിട്ടുണ്ട്. അതിലൊന്ന് വാങ്ങി ഞാൻ അവനു നേരെ നീട്ടി. മങ്ങലേറ്റ് മുഖം പെട്ടന്ന് പ്രകാശപൂരിതമായി. അവനെ തലോടി നെഞ്ചോട് ചേർത്ത് ഒരു ചുംബനം നൽകി. ഈ കളിപ്പാട്ടങ്ങൾക്ക് അനാഥകുഞ്ഞുങ്ങളും അവകാശികളാണെന്ന് സ്വയം മന്ത്രിച്ചു കൊണ്ട് ഞാൻ അവിടെ നിന്നും നടന്നു നീങ്ങി.

# കല്യാണകമ്പോളം

അവളുടെ വില തെല്ലുമറിയാത്തവരൊക്കെയിന്നവൾക്കൊരു
വിലയിടാനൊത്തുകൂടി

പലഹാരസമൃദ്ധമാം തീന്മേശയ്ക്കിരുവശമിരുന്നവർ അവളിലെ
കുലസ്ത്രീയ്ക്കു വിലപറഞ്ഞു.

സ്ത്രീധനം കേട്ടൊരീ നാടൊന്നു ഞെട്ടണം, അവളുടെ അച്ഛന്റെ പ്രൗഢി
അത് കാട്ടണം

വിലപേശി വിലപേശി അവളെയൊരു വേശ്യയായ് മാറ്റിയോ.. അറിയില്ല

കടമകൾ നിറവേറ്റി അവളൊരു ഭാരമായ് മാറിയോ... അറിയില്ല



RISHIKESH JAGEESH
BSC PSYCHOLOGY





# കാണാതെ പോകുന്ന ജീവിതങ്ങൾ



NANDITHA ANAND
BA ENGLISH

രാത്രി ശലഭങ്ങൾ മിന്നിക്കടന്നുപോയ്
പൂമുല്ല രാവിലെ അന്ധകാരത്തിൽ
മിന്നാമിനുങ്ങുകൾ വെട്ടം തരുന്നിതാ
പ്രതീക്ഷതൻ ജ്വാലദീപമായ്

വെളിച്ചത്തിൻ തിരിനാളം കൊളുത്തി
സുപ്രഭാതത്തിനായ് രാമനാമം ചൊല്ലി
തിരുനെറ്റിയിൽ കളഭക്കുറിയും ചാർത്തി
തുളസിത്തറ വാഴും പ്രഭുവെ നമിച്ചിനേൻ

ഇരുൾപൂണ്ടടുക്കള അടുപ്പിൻ വെളിച്ചത്ത്
പുകയൂതി തളരുന്ന പുഷ്പങ്ങൾ
വെളിച്ചക്കീറുടുത്ത്  മനോഹരിയായ
വാനത്തെ നോക്കി ശുദ്ധവായുവിൻ

നിഴൽ മാത്രം കൂട്ടിനെങ്കിലും ആശിച്ചു
പോയ്  പ്രിയന്റെ  സാന്നിധ്യവും
മന്ദസ്മിതവും  കരവും മനവും
തരുന്നാശ്വാസവും  സ്നേഹമിഴികളും

കിട്ടുന്നതോ നിദ്രതൻ ശ്വാസോ-
ച്ഛ്വാസവും നേരിയ കൂർക്കംവലികളും
കൂട്ടിനായ്  മിന്നാമിനുങ്ങുകൾ മാത്രമായ്
പുഞ്ചിരി ചോരുന്ന മിന്നാമിനുങ്ങുകൾ

ആശയായ്  ജ്വാലയായ്  പ്രതീക്ഷതൻ വഹ്നിയായ്
വന്നിതാ മിന്നാമിനുങ്ങുകൾ വെട്ടമായ്
തമസ്സാശ്ലേഷിച്ചീടുന്നീ  ജീവനിൽ
പ്രഭ ചോരുന്നിതായീ ജീവജാലമേ...







# അഭിപ്രായ സ്വാതന്ത്ര്യവും വെല്ലുവിളികളും



HARITHA H
BSC PHYSICS

ജനാധിപത്യം ഒരു ഭരണകൂടത്തിന്റെ രൂപമല്ല, മറിച്ച് ഒരു സാമൂഹിക സംഘടനയാണ് ഭരണഘടനാ ശില്പി ഡോ. ബി. ആർ അംബ്ദേകറുടെ വാക്കുകളാണിവ. ജനാധിപത്യം ഒരു സാമൂഹിക സംഘടനയുന്നു എന്നാണദ്ദേഹം പറയുന്നത്. ജനാധിപത്യ രാഷ്ട്രത്തിൽ പൗരനും അന്തസ്സിനും വ്യക്തിത്വവും സ്വാതന്ത്ര്യവും നിലനിർത്തുന്നതിനു ഒഴിവാക്കാൻ പാടില്ലാത്ത ചില പ്രാഥമിക അവകാശങ്ങൾ – അതായത് മൗലികാവകാശങ്ങൾ, മൗലികാവകാശങ്ങളുടെ സംരക്ഷണമാണു ജനാധിപത്യത്തെ ഒരു സാമൂഹിക സംഘടനയാക്കുന്നത്. മൗലികാവകാശങ്ങളിൽ പ്രധാനമായതാണു ആർട്ടിക്കിൾ 19; സ്വാതന്ത്ര്യത്തിനുള്ള അഥവാ അത് പ്രകടിപ്പിക്കുന്നതിനുള്ള അവകാശം.

എന്നാൽ നമ്മുടെ സമൂഹത്തിൽ ആവിഷ്കാര സ്വാതന്ത്ര്യത്തിനുമേലുള്ള കടന്നുകയറ്റങ്ങൾ നിഷ്കരുണമായി നടക്കുന്നുണ്ട്. ഒരു നേട്ടത്തിന്റയോ നഷ്ടത്തിന്റെയോ ആത്യന്തികത അളക്കാൻ ഒരാൾക്ക് കഴിയണമെങ്കിൽ ഉണ്ടാക്കിയ വികാരങ്ങളുടെ സ്വഭാവം പരിഗണിക്കാതെ എല്ലാ കാര്യങ്ങളിലും സമ്പൂർണമായ അഭിപ്രായ സ്വാതന്ത്യം ഉണ്ടായിരിക്കണം. എന്നാൽ മലയാളത്തിലെ പ്രശസ്തനായ നോവലിസ്റ്റ് എസ്. ഹരീഷിന്റെ മീശ എന്ന നോവൽ വർഗീയതയുടെ പേരിൽ നിരോധിക്കണം എന്ന വാദങ്ങൾ ഉണ്ടായതായി നാം കണ്ടിരുന്നു. സമൂഹത്തിന്റെ വളർച്ചയ്ക്ക് ഇത്തരം ആവിഷ്ക്കാരങ്ങൾ അനിവാര്യമാണ്. ഇന്ത്യ പോലുള്ള ജനാധിപത്യ രാഷ്ട്രത്തിൽ ഇത്തരം അപരിഷ്ക്കൃതമായ സംഭവങ്ങൾ പൊട്ടിമുളച്ചതിലൂടെ തന്നെ നമ്മുടെ അഭിപ്രായ സ്വാതന്ത്ര്യം എങ്ങനെ പരിഗണിക്കപ്പെടുന്നു എന്ന് ചിന്തിക്കാമല്ലോ!!.

അഭിപ്രായ സ്വാതന്ത്ര്യത്തിൽ പോലും ലിംഗഭേദം കാണിക്കുന്ന ഒരു അരാജകാവസ്ഥയിലൂടെയാണ് നാം കടന്നു പോകുന്നത്. അതിന്റെ ഒരു പ്രതീകമാണ് സ്വന്തം നിലപാടുകളെ നിർഭയം തുറന്നു പറഞ്ഞ തസ്ലിമ നസ്രീൻ എന്ന ബംഗ്ലാദേശിലെ പെൺ കുട്ടി. ചെറുപ്പം മുതലേ സ്വന്തം മതവിഭാഗത്തിലെ വിവേചനങ്ങൾക്കെതിരെ ശബ്ദം ഉയർത്തിയ തസ്ലീമ പിന്നീട് അനുഭവിച്ചതൊക്കെ വക്കുകൾക്കുമപ്പുറമായിരുന്നു. ശബ്ദം ഉയർത്താനാവാതെ വന്നപ്പോൾ ലജ്ജ എന്ന പുസ്തകത്തിലൂടെ അവൾ അഭിപ്രായങ്ങൾ തുറന്നടിച്ചു. തങ്ങളുടെ അനാചരങ്ങളെയും നിലപാടുകളെയുംപ്പറ്റി തുറന്നു പറഞ്ഞ തസ്ലീമയെ അവർ അഭയാർത്ഥി വരെയാക്കുന്ന സ്ഥിതി നാം കണ്ടതാണ്. അടുത്തകാലത്ത് തസ്ലീമ ഒരു പ്രമുഖ നടിയ്ക്കെതിരെ കുറിച്ച ട്വീറ്റ്റ്റി വിവാദമാക്കി മാറ്റിയത് ബുദ്ധിശൂന്യമായി മാത്രമേ പറയനാകൂ.



അതുപോലെ തന്നെ ബഹുരാഷ്ട്ര ഉപഭോക്തൃ ബ്രാൻഡുകൾ – പ്രത്യേകിച്ച് കൊറിയൻ കാർ നിർമാതാക്കളായ ഹ്യൂണ്ടായ്, കിയ, അമേരിക്കൻ ഭക്ഷ്യശൃംഖല കെഎഫ്സി എന്നിവർ കശ്മീർ ഐക്യദാർഢ്യ ദിനം എന്നിവയെക്കുറിച്ച് സംസാരിച്ചു കൊണ്ട് പാകിസ്ഥാനിലെ അവരുടെ ഡീലർമാരും ഇൻസ്റ്റഗ്രാം, ഫേസ് ബുക്ക് പോസ്റ്റുകൾക്കും വലിയ തിരിച്ചടി നേരിടേണ്ടി വന്നു. ഇതൊക്കെ അഭിപ്രായ സ്വാതന്ത്ര്യം എന്ന പ്രക്രിയയ്ക്ക് എതിരായതും മൗലികാവകാശങ്ങളുടെ ലംഘനവുമാണ്.

നവ മാധ്യമങ്ങളുടെ ഇടപെടൽ

സമകാലീനതയിലേക്ക് നോക്കുമ്പോൾ ഇന്ന് രണ്ടു തരത്തിലുള്ള സമൂഹം രൂപപ്പെട്ടിട്ടുണ്ട്. ഓൺ ലൈൻ സമൂഹവും ഓഫ് ലൈൻ സമൂഹവും. രണ്ടിലും ഏറ്റവും ദയാനകമായി നിലകൊള്ളുന്ന ഒരു പദമാണ് അഭിപ്രായം. മത–വർഗ രാഷ്ട്രീയം വാണിജ്യം ഇങ്ങനെ ഏതു മേഖലയിലേയും ഒരു കലാപത്തേയോ വിവാദത്തേയോ പരിശോധിച്ചാൽ അവയെല്ലാം രൂപപ്പെടുന്നത് വ്യത്യസ്ത നിലപാടുകളോട് യോജിക്കാൻ കഴിയാതെ വരുമ്പോഴാണ് ഓൺ ലൈനായും നാം മനസ്സു തുറക്കാറുണ്ട്. മനസ്സിന്റെ സ്വാതന്ത്ര്യമാണ് യഥാർത്ഥ സ്വാതന്ത്ര്യം. ചങ്ങലയിലല്ലെങ്കിലും മനസ്സ് സ്വതന്ത്രമല്ലാത്ത ഒരു വ്യക്തി അടിമയാണ്, സ്വതന്ത്രമല്ല. ജയിലിൽ ഇല്ലെങ്കിലും മനസ്സ് സ്വതന്ത്രമല്ലാത്തവൻ തടവുകാരനാണ്, സ്വതന്ത്രമല്ല.
ജീവിച്ചിരുന്നിട്ടും മനസ്സ് സ്വതന്ത്രമല്ലാത്ത ഒരുവൻ മരിച്ചതിനേക്കാൾ ഭേദമല്ല. മനസ്സിന്റെ സ്വാതന്ത്ര്യം ഒരാളുടെ അസ്തിത്വത്തിന്റെ തെളിവാണ്.

നമ്മുടെ അസ്തിത്വത്തെ ബലപ്പെടുത്തുവാനായി നാം നമ്മുടെ അഭിപ്രായങ്ങൾ ഓൺ ലൈനായും അവതരിപ്പിക്കാറുണ്ട്. എന്നാൽ അവയും വിവാദങ്ങളാവുന്നു. ഒരു ട്വീറ്റ് നിങ്ങളുടെ ഒരുമയെ ഇളക്കിമറിച്ചെങ്കിൽ ഒരു തമാശ നിങ്ങുടെ വിശ്വാസത്തെ അലോസരപ്പെടുത്തിയെങ്കിൽ ഒരു സംപ്രേഷണ പരിപാടി നിങ്ങളുടെ മതിവശ്വാസത്തെ വ്രണപ്പെടുത്തിയെങ്കിൽ മാറേണ്ടത് മറ്റുള്ളവരുടെ അജണ്ടയല്ല പകരം നമ്മൂടെ ജീവിത മൂല്യങ്ങളും ദർശനങ്ങളുമാണ്.

നമ്മുടെ ആശയങ്ങളും ചിന്തകളും പ്രകടിപ്പിക്കുന്നത് ജീവനു ഹാനികരമാകുന്ന വിരോദാ ഭാസങ്ങളും നാം കാണാറുണ്ട്. പ്രശസ്ത മാധ്യമ പ്രവർത്തക ഗൗരി ലങ്കേഷിന്റെ കൊലപാതം അതിനുദാഹരണമാണ്. സർക്കാരിനെതിരെ മാറി വീശിയേക്കാം എന്ന് ഭയന്നതു കൊണ്ടാവാം അവരുടെ ഹൃദയം പിളർന്ന് കലുഷിതമായ ബുള്ളറ്റുകൾ തുളച്ച് കയറിയത്. ഡൽഹി കലാപം സംപ്രേഷണം ചെയ്തതിനും നിരോധനം വന്നതും നമ്മുടെ നാട്ടിലെ മാധ്യമത്തിനുതന്നെയാണ്. ഇത്തരം നിരോധം സ്വതന്ത്രവും അന്വേഷണാത്മകവുമായ പത്രപ്രവർത്തനത്തിനും അഭിപ്രായ സ്വാതന്ത്ര്യത്തിനും പൊതുജനങ്ങളിലേക്കുമുള്ള വിവരങ്ങളുടെ സ്വതന്ത്രമായ ഒഴുക്കിനും വളരെ ഗുരുതരമായ ഭീഷണിയാണ്. ഇതെല്ലാം നമ്മുടെ സമൂഹത്തിലെ സുതാര്യതയെ ബാധിക്കുന്നു സംഭവങ്ങളാണ്. നമ്മുടെ ഭരണഘടന നമുക്ക് ഉറപ്പു തരുന്ന അവകാശങ്ങൾക്ക് മേലുള്ള കടന്നു കയറ്റമാണ്.








നമ്മുടെ പ്രസ്താവനകളും ആശയങ്ങളും തെറ്റായതു മൂലം മറ്റ് വ്യക്തിത്വത്തിനോ പദവിക്കോ മനപൂർവ്വ ദോഷം ഉണ്ടാവരുത്. ഈ ഒരു കാര്യമാണ് നാം നമ്മുടെ അഭിപ്രായം പറയുമ്പോൾ ചിന്തിക്കേണ്ടത്.

**വെല്ലുവിളികൾ**

നമ്മുടെ ആശയങ്ങളെ മറച്ചു വയ്ക്കുന്നതിലൂടെ ആരോ പിന്തുടർന്ന സംസ്കാരത്തേയും സാമൂഹിക വ്യവസ്ഥയേയും നാം അനുകരിക്കേണ്ടി വരുന്നു. പുതുതായി ഒന്നും രൂപപ്പെടുന്നില്ല. ഇത് മനുഷ്യന്റെ ബൗദ്ധിക ധനത്തെ മാത്രമല്ല മറിച്ച് ഒരു രാഷ്ട്രത്തിന്റെ വികസനത്തെയും ബാധിക്കുന്നു. നാം നിശബ്ദരായാൽ നേരിടുന്ന പ്രധാന വെല്ലുവിളി അപരിഷ്കൃത സമൂഹത്തിന്റെ ആരംഭമായിരിക്കും.

സ്വതന്ത്രമായ നിലപാട് പറയുന്നവരും വെല്ലുവിളി നേരിടുന്നുണ്ട്. പാകിസ്താനിലെ മലാല എന്ന പെ കുട്ടി സ്ത്രീ വിദ്യാഭ്യാസത്തിനുവേണ്ടി പ്രതികരിച്ചതും അവർ നേരിട്ട് വധശ്രമവും അടക്കം എല്ലാം നമുക്ക് അറിയാവുന്ന യാഥാർത്ഥ്യങ്ങളാണ്. സമൂഹത്തിന്റെ വളർച്ച പൗരന്മാരിലൂടെയാണ് അവരുടെ ആശയങ്ങളിലൂടെയാണ്. വ്യത്യസ്തമായ കാഴ്ചപ്പാടുകൾ പൊട്ടിമുളക്കുമ്പോഴാണ് തെറ്റും ശരിയും തിരിച്ചറിയുന്നത്. അതിനെ സ്വീകരിക്കാതിരുന്നാൽ യുദ്ധ–കലാപ ഭൂമിയായും സ്വേച്ഛാധിപത്യ രാജ്യമായും നമുക്ക് മാറേണ്ടി വരും.

ഇന്ന് ഇഷ്ടപ്പെട്ട ഒരു പോസ്റ്റിനു ലൈക്ക് ചെയ്യാൻ പോലും ഭയക്കുന്ന അവസ്ഥയാണ്. ഭരണാധികാരികൾക്ക് എതിരെയുള്ള താണെങ്കിൽ ശിക്ഷ ലഭിക്കുന്ന വകുപ്പ് വരെയുണ്ട് രാഷ്ട്രീയ നിലപാടുകളെ അതുകൊണ്ട് തന്നെ ആരും വെളിപ്പെടുത്തുന്നില്ല ഇതിന്റെ വെല്ലുവിളി അഥവാ പരിണിതഫലം എന്താണെന്ന് തത്ത്വചിന്തകൻ പ്ലേറ്റോ പറഞ്ഞിട്ടുണ്ട്.

നിങ്ങൾ രാഷ്ട്രീയത്തിൽ ഇടപെടാത്തതിന്റെ ഫലം നിങ്ങളെക്കാൾ വിദ്യാഭ്യാസം കുറഞ്ഞവർ നിങ്ങളെ ഭരിക്കും എന്നത് ഇതുപോലെ തന്നെയാണ് ഏതൊരു വിഷയവും മറ്റുള്ളവർക്ക് ഹാനികരമല്ലാതെ നാം നമ്മുടെ ആശയങ്ങൾ അത് ഏത് മേഖലയിലാണെങ്കിലും പറയേണ്ടത് അത്യന്താപേക്ഷിതമാണ്. ഇനി മറ്റൊരു വിഭാഗത്തെ അറിയാമല്ലോ സദാചാരവാദികൾ. അവരു മറ്റൊരു വെല്ലുവിളിയാണ്. മറ്റുള്ളവരുടെ സ്വാതന്ത്ര്യത്തെ കടന്നു കയറി നശിപ്പിക്കുന്ന ഇത്തരം ആളുകൾ സമൂഹത്തെ നശിപ്പിക്കുന്നു.



ആരാണു മാറേണ്ടത്. പല ചട്ടങ്ങളും മാറ്റി എഴുതപ്പെടേണ്ടതാണ്. മാറ്റം കുടുംബങ്ങളിൽ നിന്നു തന്നെ തുടങ്ങണം. എല്ലാ വ്യക്തികളുടെയും കാഴ്ചപ്പാടുകളെ ഉൾക്കൊള്ളുന്ന രീതിയാവണം കുടുംബങ്ങളിൽ ഉണ്ടാവേണ്ടത്. കുട്ടികൾക്കും അവരുടേതായ ചിന്തകളുണ്ട്. അത് തെറ്റാണോ ശരിയാണോ എന്ന് വിലയിരുത്തേണ്ടത് നമ്മുടെ കാഴ്ചപ്പാടിലുടെയല്ല മറിച്ച് യുക്തി സഹമായി ചിന്തിച്ചു കൊണ്ടാണ്. ഭരണ–രാഷ്ട്രീയ സാമൂഹിക വിഷയങ്ങളിലും കുട്ടികളുടെ പ്രാതിനിധ്യം ഉറപ്പാക്കണം. തന്റെ അഭിപ്രായത്തിനു വിലയില്ല എന്നു തിരിച്ചറിയുമ്പോഴാണ് നമ്മുടെ നാട്ടിൽ ഭീകരവാദികൾ രൂപപ്പെടുന്നത്. രാഷ്ട്രത്തലവനു അല്ലെങ്കിൽ ഒരു വിശിഷ്ട വ്യക്തികൾക്ക് പ്രത്യേക സംരക്ഷണം നൽകുന്നവ ഉൾപ്പെടെ പ്രശസ്തി സംരക്ഷിക്കുന്നതിനുള്ള നിയമങ്ങൾ അനാവശ്യമാണ്. അതും ക്രിമിനൽ മാനനഷ്ടം എന്നുള്ള വകുപ്പുമായികാണുന്നു. ഇതിനു പകരം സിവിൽ മാനനഷ്ട നിയമങ്ങൾ കൊണ്ടുവരണം. അതുപോലെ പ്രസിദ്ധീകരണ സംപ്രേഷണ സാമഗ്രികളെ സ്വാധീനിക്കുന്നതിൽ നിന്നും സമ്മർദ്ദം ചെലുത്തുന്നതിൽ നിന്നും പൊതു ഉദ്യോഗസ്ഥർ വിട്ടു നിൽക്കണം.

അഭിപ്രായ സ്വാതന്ത്ര്യം മൗലികാവകാശമാണ്. നമ്മുടെ രക്ഷയേയും സംതൃപ്തിയേയും ബാധിക്കുന്നവ. വെല്ലുവിളികൾ നിറഞ്ഞ ഈ സമൂഹത്തിൽ നമ്മുടെ അഭിപ്രായം തുറന്നു പറയുന്നത് കഠിനമാണെന്നും സുരക്ഷിതമല്ലന്നും ഉള്ള തിരിച്ചറിവ് നല്ലതാണ്. എന്നാൽ നമുക്ക് അവകാശപ്പെട്ട നമ്മുടെ മൗലികാവകാശമാണെന്നും നാം മറക്കരുത്.






# അവളുടെ വിയർപ്പിനും
# ഉപ്പുരസം...



JINU GEORGE
BA ENGLISH

ജൂലൈ 29ന്, ലോകം ഉണർന്നത് സരസ്വതിനാദം കേട്ടല്ല, മനുഷ്യ മനസാക്ഷിയെ ഞെട്ടിച്ച അരും കൊലയുടെ വാർത്ത കേട്ടാണ്. കടൽ ഭിത്തികളിൽ തിരകൾ ആഞ്ഞടിക്കുന്നത് പോലെ അനേകരുടെ ഉള്ളിൽ രോക്ഷം ജ്വലിച്ചു. ലോകം മുഴുവൻ ഒരേ സ്വരത്തിൽ വിളിച്ച് പറഞ്ഞ് ഹാഷ് ടാഗുകൾ നിറഞ്ഞു 'Justice for Chandini'.

ചോര വിയർപ്പാക്കിയവൻ....ഒരു നേരത്തെ ആഹാരം കൊതിച്ച് ആണ് ആ കുടുബം ദൈവത്തിൻ്റെ സ്വന്തം നാട്ടിലേക്ക് ചേക്കേറിയത്. മിന്നുകെട്ടി സ്വന്തമാക്കിയ പങ്കാളിയെയും അവൻ കൂടെ കൂട്ടി, നിറഞ്ഞ വയറുമായി അവള് കൂടെ ഉണ്ടായിരുന്നത് കൊണ്ട്, അവൻ്റെ വയർ നിറക്കാൻ അവൻ മറന്നു പോയി. അങ്ങനെ പട്ടണി കിടന്നു, ചോര വിയർപ്പാക്കി ഓമനിച്ച് വളർത്തിയ തൻ്റെ മകൾ ഒരു ദിവസം ബലിയാട് ആക്കപെട്ടു എന്ന വാർത്താ കേൾക്കുമ്പോൾ എത്ര മാത്രം കണ്ണീർ അവർ പൊഴിക്കേണ്ടി വന്നിട്ട് ഉണ്ടാവാം.

കഴിഞ്ഞ 7 വർഷത്തിൽ 9064 കുട്ടികൾ എങ്കിലും ലൈംഗിക പീഡനത്തിന് ഇരയായിട്ടുണ്ട് ദൈവത്തിൻ്റെ സ്വന്തം നാട്ടിൽ. അതിൽ 214 പേര് മരണപ്പെട്ടു എന്നത്, ലജ്ജമാത്രം അല്ല നമുക്ക് ഉണ്ടാക്കി തരുന്നത്, നാളത്തെ നമ്മുടെ ജീവിതം പങ്കുവച്ച പെങ്ങളുടെ, കൂടെ കൊണ്ട് വിഷമങ്ങൾ ഇറക്കിവെച്ച സുഹൃത്തുക്കളുടെ, പാലൂട്ടി വളർത്തിയ അമ്മയുടെ, നെഞ്ചോട് ചേർത്ത് പിടിച്ച ചില സ്ത്രീ ജീവിതങ്ങളുടെ, ജീവിതം തന്നെ ചോദ്യ ചിഹ്നം ആക്കുകയാണ്. ദിവസം 4 കുട്ടികൾ എങ്കിലും വിവിധ തരത്തിൽ ഉള്ള പീഡനത്തിന് ഇര ആവുന്നുണ്ട് എന്ന് ആണ് കണക്കുകൾ പറയുന്നത്.

റോഡ് വികസനം, ജല മെട്രോ, വിമാനം... എന്നിങ്ങനെ അലമുറ ഇട്ട് നിയമ സഭകൾ അങ്ങാടികൾ ആക്കി മാറ്റുന്നവർ നിശ്ശബ്ദരായി കണ്ണീർ പൊഴിക്കുന്നു. കുറച്ച് നാളുകൾ കഴിഞ്ഞു ഇതേ ചരിത്രം വീണ്ടും ആവർത്തിക്കപെടും എന്നത് തീർച്ചയാണ്. പ്രാഥമിക വിദ്യാഭ്യാസത്തിനു ഒപ്പം കുട്ടികൾ പഠിക്കേണ്ട ലൈംഗിക വിദ്യാഭ്യാസം (Sex Education) നൽകാൻ ഉള്ള ചർച്ചകൾ മാത്രം ഇന്നും നിലനിൽക്കുന്നു. തൻ്റെ വളർച്ചകൾ എല്ലാം പറഞ്ഞു കൊടുത്തു, കുറവുകളും കഴിവുകളും മനസ്സിലാക്കി ഒരു തലമുറ വളർന്നു വരേണ്ട കാലം ഇപ്പോഴേ എത്തി കഴിഞ്ഞു . 2019 ൽ നാഷണൽ എഡ്യൂക്കേഷൻ പോളിസി, തങ്ങളുടെ ഫസ്റ്റ് ഡ്രാഫ്റ്റിൽ സെക്സ് എഡ്യൂക്കേഷൻ ഇന്ത്യയിൽ വിദ്യാഭ്യാസ കരിക്കുലത്തിൽ നിർബന്ധമാക്കണമെന്ന് ശുപാർശ നടത്തുകയുണ്ടായി. മാറിവരുന്ന സംസ്കാരത്തെയും മാനസിക സമ്മർദ്ദത്തെയും വിലയിരുത്തിയാണ് ഇത് നമ്മുടെ അധികാര സമ്പ്രദായത്തിന് മുമ്പിലേക്ക് സമർപ്പിച്ചത്. പക്ഷേ ഭരണം കയ്യാളുന്ന ഭരണാധിപർ ഇത് എവിടെയോ വെച്ച് മറന്നുപോയി. എന്നിട്ട് ഓരോ ചാന്ദിനിയുടെയും ശവസംസ്കാരത്തിൽ പങ്കുകൊണ്ടു കണ്ണുനീരൊഴുക്കി ധനസഹായം നൽകി തിരികെ; വീണ്ടും ജനകീയ നാടകം. നാളുകൾക്ക് ശേഷം മറ്റു ഒരു ചാന്ദിനി, ശവസംസ്കാരം, കണ്ണുനീര്, ധനസഹായം കേരളത്തിൻ്റെ മാത്രം മുഖച്ഛായ അല്ല ഇന്ത്യ എന്ന ആർഷഭാരതത്തിന്റെ മുഴുവൻ പ്രതിച്ഛായ ഇങ്ങനെയാണ്.



നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ (എൻസിആർബി) ക്രൈം ഇൻ ഇന്ത്യ 2019 റിപ്പോർട്ട് കാണിക്കുന്നത് രാജ്യത്ത് ഈ വർഷം 32,033 ബലാത്സംഗക്കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെന്നും 11 ഇരകൾ താഴ്ന്ന വിഭാഗത്തിൽ നിന്നുള്ളവരാണെന്നുമാണ്. 2019–ൽ രാജ്യത്ത് പ്രതിദിനം 88 ബലാത്സംഗ കേസുകളാണ് രേഖപ്പെടുത്തിയിരുന്നത്. രാഷ്ട്രീയസമ്മർദ്ദം മൂലവും സാമ്പത്തിക സമ്മർദ്ദം മൂലവും രേഖപ്പെടുത്താതെ പോകുന്നത് വേറെയുമുണ്ട്. നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ (എൻസിആർബി) കണക്കുകൾ പ്രകാരം, ഇന്ത്യൻ ശിക്ഷാ നിയമം (ഐപിസി) പ്രകാരം സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളുടെ വിഭാഗത്തിൽ ഭൂരിഭാഗം കേസുകളും രജിസ്റ്റർ ചെയ്തിരിക്കുന്നത് ഭർത്താവിൽ നിന്നോ ബന്ധുക്കളിൽ നിന്നോ ഉള്ള ക്രൂരത (30.9 ) പ്രകാരമാണ്. പ്രായപൂർത്തി ആവാത്ത കുട്ടികളുടെ കാര്യത്തിൽ ഇത്, കൂടുതൽ അടുത്ത് അറിയുന്നവരിൽ നിന്നുമാണ്. അവളുടെ മാന്യതയെ പ്രകോപിപ്പിക്കാനുള്ള ഉദ്ദേശ്യത്തോടെ സ്ത്രീകളെ ആക്രമിക്കുക സ്ത്രീകളെ തട്ടിക്കൊണ്ടുപോകുക എന്നിവ ഇതിന് പിന്നാലെയാണ്. 2018–ലെ 58.8–ൽ നിന്ന് 2019–ൽ ഒരു ലക്ഷം സ്ത്രീകളിലെ കുറ്റകൃത്യങ്ങളുടെ നിരക്ക് 62.4 ആയിരുന്നു. സ്ത്രീകളോട് അപമര്യാദയായി പെരുമാറുന്ന സംസ്ഥനങ്ങളുടെ പട്ടികയിൽ ഒന്നാം സ്ഥാനം രാജസ്ഥാൻ ആണ്. തൊട്ടുപിന്നിൽ കേരളമാണ്, ഇക്കാര്യത്തിൽ ഏറ്റവും മോശം പ്രകടനം കാഴ്ചവെക്കുന്ന രണ്ടാമത്തെ സംസ്ഥാനം. പത്തുവർഷത്തിനിടെ സംസ്ഥാനത്ത് 1,455 കേസുകൾ കൂടി കണ്ടു. കേരളത്തിൽ രേഖപ്പെടുത്തിയ കേസുകൾ 25.6 വർദ്ധിച്ചു, 2019–ൽ 568 ആയിരുന്നത് 2022–ൽ 2,023 ആയി ഉയർന്നു. (The National View) ഈ സ്ഥിതിവിവരക്കണക്കുകൾ അഭിസംബോധന ചെയ്യുകയും രാജ്യത്തുടനീളമുള്ള സ്ത്രീകളുടെ സുരക്ഷയും ക്ഷേമവും ഉറപ്പാക്കാൻ അടിയന്തര നടപടി സ്വീകരിക്കുകയും ചെയ്യേണ്ടത് നിർണായകമാണ്. നിയമ നിർമ്മാണ സംവിധാനങ്ങൾ ഇതിൽ നിശബ്ദത പാലിച്ചാലും ഇല്ലങ്കിലും, നമ്മുടെ ഓരോ കുടുംബങ്ങളിലും നാവ് ഉയാരണം.

തൊട്ടുകൂടായ്മയും തീണ്ടലും ഒക്കെ അന്യം നിൽക്കുന്നത് നിയമ പുസ്തകങ്ങളിൽ ആണ്. പല മനുഷ്യരുടെയും മനസ്സുകളിൽ ചിതലരിക്കാതെ അതിന്നും ഉപ്പ് തൂൺ ആയി നിലനിൽക്കുന്നുണ്ട്. പത്തുമാസം നൊന്ത് പ്രസവിച്ച സ്വന്തം മകളുടെ ഭൗതിക അവശിഷ്ടം മത ആചാര പ്രകാരം കർമ്മങ്ങൾ നടത്താൻ വേണ്ടി എത്രയോ വാതിലുകളാണ് അവർ മുട്ടിയത്, എത്രയോ പേരുടെ കാലുകളാണ് അവർ പിടിക്കേണ്ടി വന്നത്. പക്ഷേ എന്നിട്ടും എന്തോ സമൂഹം അവർക്ക് അന്ത്യ അഭിലാഷം മുടക്കി കൊടുത്തു. ഭൗതിക കർമ്മങ്ങൾ അവരുടെ ആഗ്രഹപ്രകാരം ചെയ്യാൻ വന്നവൻ പിന്നീട് ഹോമകുണ്ഡത്തിൽ എറിയപ്പെട്ട മെഴുകുപോലെയായി ഉരുകി തീരേണ്ടിവന്നു. ഇനിയും എന്നാണ് ദേശ, ഭാഷ, വർണ്ണ, വിവേചനങ്ങൾ ഇല്ലാതാവുക.

നിയമങ്ങൾ ശരിയല്ല നിയമപാലകരും നിയമജ്ഞരും ശരിയല്ല എന്നൊക്കെ അലമുറയിട്ട് പറയുമ്പോഴും എന്താണ് ഇനിയും മാറാത്ത അടിസ്ഥാന പ്രശ്നം. പുരുഷത്വം എന്നാൽ സ്ത്രീയെ അടിമയാക്കുന്നതാണ് എന്നാണ് പലരും നമ്മെ പറയാതെ പഠിപ്പിച്ചത്. എന്നാൽ പുരുഷത്വം എന്നത് സ്ത്രീയെ അടിമയാക്കുന്നതല്ല മറിച്ച് അവളെ സംരക്ഷിക്കുന്നതാണ് എന്ന് തിരിച്ചറിവിലേക്ക് നാം വളരുമ്പോൾ ആയിരിക്കും യഥാർത്ഥ വിദ്യാഭ്യാസം അർത്ഥവത്താവുക.

ഇനി ഒരു ചാന്ദിനി ഉണ്ടാവാതെ ഇരിക്കാൻ അല്ല, ഇനി അഷ്ഫാക്ക് ഉണ്ടാവാതെ ഇരിക്കേണ്ടത് അല്ലേ നമ്മുടെ ആവശ്യം.

സെക്സ് എജ്യൂക്കേഷൻ എന്നത് പുസ്തകങ്ങളിലും ചിന്തകളിലും മാത്രം ഒതുങ്ങി നിൽക്കേണ്ട ഒന്നല്ല. അത് സ്കൂളുകളിലും വീടുകളിലും സമൂഹത്തിലും മതപഠനങ്ങളിലും ഒക്കെ നൽകി വളർത്തേണ്ടതുണ്ട്. പരസ്പരം ബഹുമാനിക്കാനും സ്നേഹിക്കാനും അത് സഹായിക്കും എന്നത് ഉറപ്പാണ്. ചാന്ദിനിയുടെ ദയനീയമായ മരണം കണ്ടു ലോകം മുഴുവൻ വിളിച്ചുപറഞ്ഞത് നമുക്കിനി ഒരു ചാന്ദിനിയെ വേണ്ട എന്നാണ്, പക്ഷേ അതുപോലെ തന്നെ നമുക്ക് അഷ്ഫാക്കിനെ വേണ്ട എന്ന് പറയാൻ മുന്നിട്ടിറങ്ങേണ്ടിയിരിക്കുന്നു. നമ്മൾ എങ്ങനെയാണ് അഷ്ഫാക്കിനെ സൃഷ്ടിച്ചെടുത്തത്, സമൂഹം, മാധ്യമം, കുടുംബം, വിദ്യാഭ്യാസ സമ്പ്രദായം ഇതെല്ലാം ചേർന്നാണ് അഷ്ഫാക്കിന് ജന്മം കൊടുത്തത്. ഇതേ സമൂഹവും സമ്പ്രദായവും മറ്റൊരു അഷ്ഫാക്കിനെ സൃഷ്ടിക്കാതിരിക്കാനും സാധിക്കും എന്ന് ഓർക്കണം.

അത് ഇന്ന്, നമ്മിലും, നമ്മുടെ കുടുംബങ്ങളിലും തുടങ്ങണം. പുരുഷത്വം എന്ന വിദ്യാഭ്യാസം വിദ്യാലയങ്ങളിൽ മാത്രം അല്ല, കുടുംബങ്ങളിലും തുടരണം. നമുക്ക് ഒരുമിച്ച് ഒരു അഷ്ഫാക്കിനെ സൃഷിട്ടിക്കാതെ ഇരിക്കാം, പൊരുതാം ഒരു നല്ല നാളേക്ക് വേണ്ടി. കാരണം അവളുടെ കണ്ണീര് ഉപ്പാണ്, അവളുടെ ചോരയും ചുമന്നതാണ്.



# The Road towards Freedom



SANIYA SAHEER
BA ENGLISH

India. The land of multiple cultures, diverse languages, and different ideologies. It is beautiful to think of it this way, isn't it? In this 76th year of independence from colonial rule, here we are, an entire nation wrapped together despite the diversity, holding the freedom that we so hardly fought for.

Let us indulge in this so-called idea of freedom. Are we actually free? In the sense of colonial power ruling over us, yes, we probably are but what about the other locked doors? Or the doors that are forced close on us? What about the shackles of one's own mind?

India is a country that has deep rooted histories, beliefs that are as old as the rivers and habits that outlive our capability to trace its origin. And along with all of this, comes our age-old ideologies that are sometimes hard on the mind. From a very young age, we learn the differences rather than the similarities, we are taught to look at ourselves as a part of a community, rather than an individual. You aren't just you, you are either your race, your caste, your skin colour, your religion or your gender. Where is the freedom in that?

From a very young age, I was shaped to think in ways that I, as an adult, try hard and fast to pry apart from. As a child, it confused me. My olive complexion and curly hair was never up to the beauty standards for some reason, my biological identification as a female always made me a part of the second sex and on and on continued the list. Now with enough exposure and education, I know that these were mere societal constructs, covered up in the name of morality and cultural values.





We live in an era where we have all the information we need at our fingertips, a phase of time where we have the whole world laid open for us. In spite of the endlessness of knowledge and dissemination, our generation is still blind to so many things. How is it that wokeness arises only when it concerns you? You are straight so the troubles of the LGBTQ community doesn't affect you. You are a man so women's issues are not your thing. You are from a particular religion so you sit in silence while the others are skinned to death. It cannot and will not make sense to me how you can define someone on the basis of the faction they belong to. The individualism that exists within has been given zero significance and even the idea of it is ridiculous.

Open your eyes. From education systems that shape and mold future minds to the preachings of toxic religious groups, our country is killing its unity, one step at a time. The famous 'unity in diversity' is no more. Right now, what we need is just one thing- realization. To come to our senses and see the unfairness people face because of things they have no control over. To understand that we are the future and that this country, with all its hopes and delusions, belong to us.

So, what do we do?

The answer is pretty simple. We grow.

Together. In harmony. In unity. In peace and prosperity.

For the people, by the people, from the people.



# ബഷീറിന്റെ സാറാമ്മയ്ക്കൊരു പ്രേമലേഖനം.



AKASH TOM THOMAS
MA SOCIOLOGY

സ്നേഹം നിറഞ്ഞ സാറാമ്മയ്ക്ക്,
ആദ്യം തന്നെ നീണ്ട ഇടവേളയുടെ ക്ഷമാപണം നൽകുന്നു..
വിഷുസമൃദ്ധി നേർന്നുകൊണ്ട് തുടങ്ങണം എന്നാണേലും ഈ കത്ത് സാറാമ്മയെ പുണരുന്നത് ധനു മാസത്തിന്റെ തണുത്ത ഇളം കാറ്റിനൊപ്പമാവുമെന്നതിനാൽ അത്തരം സാഹസങ്ങൾക്ക് ഈയുള്ളവൻ മുതിരുന്നില്ല.

സമയ യന്ത്രത്തിന്റെ അറ്റകുറ്റപ്പണികൾ കഴിഞ്ഞ് വരുന്നു. സഹയാത്രികരിലൊരുവൻ ഏതോ കഥയിൽ കണ്ടുമുട്ടിയ തന്റെ പ്രണയിനിയെ തേടി യാത്ര തിരിച്ചതാണ്, ഈയുള്ളവനും കൂടി ചേർന്നു വേണം അദ്ദേഹത്തെ മറ്റേതോ ലോകത്തു നിന്ന് തിരികെ കൊണ്ടുവരാൻ..
ഇതിനിടയിൽ നമ്മുടെ പ്രേമത്തിന്റെ ഭാവിയെന്താകുമെന്ന ദഹിക്കാത്ത ആകാംക്ഷ പേറി ഞാൻ സംവത്സരങ്ങൾ താണ്ടി യാത്ര ചെയ്തു നോക്കി. ചെന്നുപെട്ടത് അൻപതോ അതിലധികമോ സംവത്സരങ്ങൾക്കപ്പുറമാണ്.

അൽഭുതം തന്ന പലതും കണ്ടെങ്കിലും നമ്മളെ മാത്രം കണ്ടെത്താനായില്ല.
നമ്മുടെ ഹൃദയ സൂക്ഷിപ്പുകാരൻ എഴുത്തുപെട്ടിയെ അവിടെ ചരിത്ര സ്മാരകമെന്നോണം കാണാൻ സാധിച്ചു. ഏതാണ്ട് രണ്ട് സംവത്സരമെടുത്തു തിരികെ വരാൻ.
(എഴുത്തിന്റെ ക്ഷാമം എന്തുകൊണ്ടായിരുന്നുവെന്ന് മനസ്സിലായിക്കാണുമല്ലോ)





എഴുത്തുകൾ ഇല്ലാത്ത ഒരു ലോകത്തെ പറ്റി സാറാമ്മയ്ക്ക് ചിന്തിക്കാനാവുമോ.?
അൽഭുതയന്ത്രങ്ങളുടെ ഒരു ലോകം.
എന്നെയേറ്റവും ആകർഷിച്ചത് കൈയിലൊതുക്കി പിടിക്കാവുന്ന ഒരു യന്ത്രമാണ്. അതിലൂടെ കാതങ്ങൾക്കപ്പുറമുള്ളവരെ വരെ അടുത്തെന്നോണം കാണാനും സംസാരിക്കാനും ഒക്കെ കഴിയുമത്രേ.!

അത്തരമൊരു യന്ത്രം എനിക്കും സാറാമ്മയ്ക്കും വേണ്ടി ഞാൻ സ്വന്തമാക്കിയിരുന്നു. എന്നാൽ ഇവിടെയത് പ്രവർത്തിക്കില്ലായെന്ന സത്യം തിരികെ വന്നപ്പോഴാണ് ഞാൻ മനസ്സിലാക്കിയത്.

അവിടെ കാത്തിരിക്കാനോ കാതോർത്തിരിക്കാനോ ആർക്കും നേരമില്ല. അവിടെയുള്ളവർ ഒന്നിച്ചു ജീവിക്കുന്നു, ഒന്നിച്ചു പൊരുതുന്നു, ഒന്നിച്ചു ചേരാത്തവർ വഴി പിരിയുന്നു, വീണ്ടും തേടുന്നു.. അവരാ യന്ത്രത്തിലൂടെ കണ്ടുമുട്ടുന്നു, പ്രണയിക്കുന്നു, കലഹിക്കുന്നു, പിരിയുന്നു.
ഇവിടെ പരസ്പരമൊന്നു കാണാനോ മിണ്ടാനോ കഴിയാതെ എഴുതി നിറയ്ക്കുന്ന എഴുത്ത് വായിക്കാൻ കാത്തിരുന്ന് കാത്തിരുന്ന് നിസ്സഹായരായി നമ്മൾ..

ജീവിതം എത്ര വിചിത്രമാണ് സാറാമ്മേ,
നിന്നെ മിക്കപ്പോഴും ഞാനെന്റെ മുന്നിൽ സങ്കൽപ്പിക്കാറുണ്ട്.
ഓരോ സങ്കൽപ്പത്തിലും നിന്റെ മൊഞ്ച് എന്നെ പ്രേമപരവശനാക്കുന്നു. അപ്പോഴൊക്കെയും നിന്നെ ഉള്ളൊടു ചേർത്തണച്ചു മുത്തങ്ങൾക്കൊണ്ട് വശം കെടുത്തുന്നത് എന്റെ പ്രിയപ്പെട്ട വിനോദമാണ്. നാമിപ്പോഴും പ്രണയമെന്തെന്നറിഞ്ഞിട്ടില്ലാന്ന് വിശ്വസിക്കാനാണ് എനിക്കിഷ്ടം.
ഇനി നാം കണ്ടുമുട്ടുന്ന നാൾ ഇതുവരെയും അറ്റം കണ്ടെത്താനാവാത്ത ആ പ്രണയഗോപുരങ്ങൾ സാറാമ്മയ്ക്കൊപ്പം കണ്ടുതീർക്കാൻ എന്റെ നെഞ്ചം വെമ്പൽക്കൊള്ളുന്നു.
സാറാമ്മയുടെ നെഞ്ചം മിടിക്കുന്നതെന്തിനെന്ന് കേൾക്കാൻ കൊതിയോടെ..

- സ്വന്തം

# മഴയിൽ നിന്നും മണ്ണിലേക്ക്



KAVITHA P R
BA ENGLISH



ജൂൺ  ജൂലൈ മാസം ആയാൽ പിന്നെ എഴുന്നേൽക്കാൻ പതിവിലും വൈകും. തലേദിവസം രാത്രി പെയ്യാൻ തുടങ്ങിയ മഴ അടുത്ത ദിവസം രാവിലെ വരെ ഒരു മടിയും കൂടാതെ നിന്ന് പെയ്യുമ്പോൾ, ആ തണുപ്പിൽ മൂടിപ്പുതച്ച് കിടന്ന് ഉറങ്ങാൻ അല്ലാതെ എഴുന്നേൽക്കുക എന്നത് വളരെ പ്രയാസകരമാണ്. ക്ഷീണച്ച മുഖത്തോടെ മങ്ങിയ വെളിച്ചത്തിൽ സൂര്യൻ മേഘങ്ങളിൽ ഒളിഞ്ഞിരിപ്പുണ്ട്. പുതുമഴയിൽ നനഞ്ഞ മണ്ണിൻ്റെ നൈർമല്യത്തിൽ ഭൂമി നിർവൃതി അണിയുന്നു. അരുവികൾ ഏറെ കാലങ്ങൾക്ക് ശേഷം പുഴയെ തേടി ഓടി നടന്നു. ജീവിതത്തിൻ്റെ ഒഴുക്കിൽ പെട്ടുപോയതിനാൽ ഭൂമിക്ക് മുന്നിൽ ഞാനൊരു അന്ധയായി മാറിക്കഴിഞ്ഞിരുന്നു. മഴത്തുള്ളികൾ മണ്ണിനെ പൊതിയുമ്പോൾ മണ്ണിൽ നിന്നും ഉയർന്നുവരുന്ന ഒരു ഗന്ധമുണ്ട്...  മഴയേക്കാൾ ഏറെ ആ ഗന്ധം ഒരു ലഹരിയാണ്! രാവിലെ തണുത്ത് കുളിർന്ന് എഴുന്നേൽക്കുമ്പോൾ കൂടെ പുതപ്പിനെയും ചേർത്തുപിടിച്ചു ഉമ്മർത്തു വന്നിരിക്കും. കാർമേഘങ്ങളിൽ നിന്ന് ഇറ്റി വീഴുന്ന ഓരോ മഴത്തുള്ളിക്കും കടമ്പകൾ ഒരുപാട് ആണ്. ചിലർ പക്ഷി ചിറകുകളിൽ അഭയം പ്രാപിക്കും, മറ്റു ചിലർ മരക്കൊമ്പിലും പൂത്തു നിൽക്കുന്ന ചെമ്പകമരത്തിലും വീണുപോകും. എന്നാൽ പാതി വഴിയിൽ തോറ്റുപോയ മഴത്തുള്ളികൾ മണ്ണിൽ പതിയാതെ പുൽത്തകിടിയിൽ വീണുകിടപ്പുണ്ടാകും. അങ്ങേയറ്റം വേദനയോടെ സൂര്യൻ അവയെ വാരിപുണർന്നു. ചുരുക്കം ചില മഴത്തുള്ളികൾ മാത്രം മണ്ണിൽ പതിയുന്നു, അതൊരു പ്രതിഭാസമാണ്. പിന്നീടങ്ങോട്ട് കാത്തിരിപ്പിന്റെ നീണ്ട കാലമാണ്, സൂര്യന്റെ ആഴത്തിൽ പതിയുന്ന ചൂടേറ്റ് നീരാവിയായി തിരിച്ച് മേഘങ്ങളിലേക്ക് സഞ്ചരിക്കാനുള്ള അവയുടെ അഗാധമായ കാത്തിരിപ്പ് ..

പുത്തൻ കുടയും ബാഗും പുസ്തകങ്ങളുമായി സ്ക്കൂളിൽ പോകുന്നത് ഒരു ആഘോഷം ആയിരുന്നു. എത്ര വലിയ കുടയും ആഞ്ഞുവീശുന്ന കാറ്റിന് മുന്നിൽ തലകുനിക്കുമായിരുന്നു. ഏത് പെരുമഴക്കാലത്തും ഒരു മടിയും കൂടാതെ അമ്മ യൂണിഫോം അലക്കി ഉണക്കി ഇസ്തിരിയിട്ട് തരും. എന്നാൽ ഒരു ഇഞ്ച് പോലും വിടാതെ  മഴയിൽ നനഞ്ഞ് കുളിക്കുമ്പോൾ, ദേഷ്യത്തെക്കാൾ കൂടുതൽ ചെറിയൊരു സങ്കടം ആണ് വരാറ്.



റോഡിലൂടെ പോകുന്ന എല്ലാ വണ്ടികളെയും ചീത്ത പറഞ്ഞ് കൂട്ടുകാരും ഒത്ത് കളി പറഞ്ഞ്, കുട ഉണ്ടെങ്കിലും എടുക്കാൻ മടിച്ച് ഒരു കുടക്കീഴിൽ മൂന്നും നാലും പേർ പിശുക്കി നിൽക്കും. സ്കൂൾ അങ്കണത്തിൽ കെട്ടികിടക്കുന്ന ചെളിവെള്ളത്തിൽ നടന്നും ഓടിയും ഒരുവിധത്തിൽ സ്കൂൾ ഗേറ്റ് കടന്ന് ക്ലാസ്സിലേക്ക് എത്തും... ചില ദിവസങ്ങളിൽ പെയ്തുകൊണ്ടിരിക്കുന്ന മഴ ഉച്ചയോടെ മാറിനിൽക്കും. ഭക്ഷണം കഴിച്ചു സ്കൂൾ മുറ്റത്ത് കെട്ടിനിൽക്കുന്ന വെള്ളം നോക്കി പി.ടി പിരീഡ് മുടക്കി തന്ന മഴയെ ഞങ്ങൾ കൂട്ടുക്കാരും ഒത്ത് വെറുപ്പോടെ ശപിക്കാറുണ്ട്. മഴക്കാലത്ത് അത് ഞങ്ങളുൾക്കൊരു സ്ഥിരം കലാപരിപാടി ആയിരുന്നു. അതിനിടയിൽ കൈയ്യും വീശി ക്ലാസ് മുറിയിൽ നിന്നും പുറത്തേക്കുവന്ന് ദിയ പറയും - മഴ പെയ്യുന്നതിന് മുമ്പ് മഴത്തുള്ളികൾ വന്ന് മണ്ണിനെ ചേർത്ത് പിടിക്കുമ്പോൾ അതിൽ നിന്നും പുതു മണ്ണിൻറെ ഗന്ധം വരും, പൊടിപടലങ്ങൾ അലക്ഷ്യമായി ഓടി നടക്കും! ആ ഗന്ധം ഭൂമിയിൽ ആകെ പരക്കും. അതുവരെ ഞങ്ങൾ ആരുമറിയാത്ത മഴയെ ആണ് അന്നാദ്യമായി അവൾ ഞങ്ങൾക്ക് മുന്നിൽ പകർന്ന് നൽകിയത്.

പഠിക്കാൻ ഏറെ മിടുക്കി ആയിരുന്നു അവൾ.ഒരു പഠിപ്പിസ്റ്റിൻറെ ഗമയൊ, ശാന്തതയൊ ഒന്നും തന്നെ അവളിൽ ഉണ്ടായിരുന്നില്ല, പകരം , ഓടിയും ചാടിയും പാട്ട് പാടിയും പറന്ന് നടക്കുന്ന അവൾ ഞങ്ങൾക്കെല്ലാവർക്കും പ്രിയപ്പെട്ടവൾ ആയിരുന്നു. പിന്നീടങ്ങോട്ടുള്ള ആ മൂന്ന് വർഷം ആ ഗന്ധം ഒരു പ്രാന്തിയെ പോലെ ആസ്വദിക്കുന്ന അവളെ ഒരു കൗതുകത്തോടെ ആണ് ഞാൻ നോക്കാറുള്ളത്. ക്ലാസ് സമയങ്ങളിൽ ജനലുകൾക്കിടയിലൂടെ, കാർമേഘങ്ങളിൽ നിന്ന് പൊഴിയുന്ന മഴയെ കണ്ട്, പിന്നിലെ ബഞ്ചിൽ ഇരിക്കുന്ന എന്നെ മുൻബഞ്ചിൽ ഇരുന്ന് അവൾ ഒരു പ്രത്യേക ആനന്ദത്തോടെ നോക്കുന്നത് പിന്നീട് അങ്ങോട്ട് എനിക്കൊരു ശീലമായി മാറിയിരുന്നു.. തുടർന്ന് എന്നിലെ അന്ധതയെ ഇല്ലാതാക്കി, പകരം നൂറു നൂറ് വർണ്ണങ്ങളും കാഴ്ചകളും ഗന്ധങ്ങളും അവൾ എനിക്ക് സമ്മാനിച്ചിരുന്നു.

ഒടുവിൽ നാലാം വർഷം ആരോടും ഒരുവാക്ക് പോലും പറയാതെ ആ മഴയ്ക്കൊപ്പം അവളും അങ്ങ് പോയി! വെള്ളത്തുണിയിൽ മൂടിക്കെട്ടിയ അവളെ കാണാൻ താൽപര്യമില്ലാത്തതിനാൽ ഇന്നും ഉള്ളിൽ അവളങ്ങനെ ചിരിച്ചുകൊണ്ട് മായാതെ നിൽക്കുന്നുണ്ട് ...

പിന്നീടങ്ങോട്ട് ഇത്ര വർഷങ്ങളായിട്ടും അവൾ തന്ന ആ ഭ്രാന്ത് മാറ്റിയിട്ടുമില്ല, ഓരോ മഴയിലും നനഞ്ഞ് കുതിരുന്ന മണ്ണിൻറെ മണം ആസ്വദിക്കാൻ മറന്നിട്ടുമില്ല..... എല്ലാ മഴയിലും അവൾ ഒരോർമയായി ഇന്നും അവശേഷിക്കുന്നുണ്ട്

# QUAND EST-CE QUE JE CHANTERAI ENCORE?

Oh joli oiseau en cage,
Tu te réveilles avec le soleil levant.
Tu as perdu ta voix
et tes cris n'ont pas de son.



Oh cher oiseau,
Je t'entends
J'ai aussi oublié ma chanson,
Je aussi compte les minutes de la journée,
Je ressens ce que tu ressens,
Quand tu regardes tes ailes brisées...
parce que moi ...
Je suis dans la cage comme toi







SNEHA MAHESH
BSC ZOOLOGY



# Quelle est ton attitude ??



ABY JOSEPH
BSC MATHS

Y a-t-il quelque chose qui peut changer notre vie? Nos réponses peuvent pointer vers la richesse, la santé, les relations, l'éducation et ainsi de suite. Mais en réalité, leurs impacts ne durent que peu de temps. Il y a une citation de l'un des dirigeants éminents Winston Churchill, "Le succès n'est pas définitif; l'échec n'est pas fatal ; c'est le courage de continuer qui compte le plus". Je dirai que ce courage et cette puissance mentale sont les résultats de l'attitude. Si nous avons une attitude positive dans la vie, nous sommes très proches de la rive du succès.



Notre vie se ressemble à un voyage en mer. Comme les vagues et les vents orageux dans la mer, notre vie rencontre aussi des épreuves et des tragédies. Parfois, ils bouleversent notre vie. Dans telles situations, c'est notre attitude positive qui nous apporte de l'espoir. Le mot "attitude" a une caractéristique intéressante. Si nous donnons une valeur numérique pour chaque lettre dans l'ordre alphabétique (A=1 ; B=2 ; C=3...), la somme totale du mot ATTITUDE donne "100". Cela en soi montre l'importance de l'attitude dans notre vie. Notre attitude peut changer le destin de la vie. C'est l'attitude positive d'Helen Keller qui lui a permis de vivre sa vie avec confiance même si elle était aveugle, sourde et muette. Comme Helen Keller, il y en a beaucoup autour de nous qui ont eu un grand succès malgré leurs infirmités. Par conséquent, les attitudes sont plus importantes que les faits.

Selon Aristote, le but ultime de notre vie est d'atteindre le bonheur. Mais en temps de misère, comment trouver le bonheur ? Qu'est-ce qui peut changer notre destin ? La réponse reste dans notre attitude. La force de notre voix est dans la profondeur du silence, mais la force de notre vie est dans la profondeur de l'attitude.



# ഇന്ത്യൻ എട്ടുകാലി



HARIKRISHNAN H.
BSC PHYSICS

കിടക്കുന്നതിനു മുമ്പ് കുളിച്ചില്ലെങ്കിൽ എനിക്ക് ഉറക്കം വരില്ല. അങ്ങനെയൊരു ദിവസം രാത്രി കുളിചിട്ടുവരുമ്പോഴാണ് ചുവരിലിരിക്കുന്ന എട്ടുകാലി എൻ്റെ ശ്രദ്ധയിൽ പെടുന്നത്. കാരണമെന്തെന്നറിയില്ല, എൻ്റെ ജീവിതത്തിൽ ഞാൻ ഏറ്റവും കൂടുതൽ പേടിക്കുന്ന ജീവിയാണ് എട്ടുകാലി. ഒരുപക്ഷേ ഒരു ചെന്നായയോ പുലിയോ ആക്രമിക്കാൻ വന്നാലും ഞാൻ ആവും പോലെ എതിരിടും, പക്ഷേ എട്ടുകാലിയുടെ മുമ്പിൽ എന്തെന്നില്ലാത്ത ഭയമാണ്. ചിലപ്പോൾ അവയുടെ നിറമായിരിക്കാംമെൻ്റെ ഭയത്തിനു പിറകിലെ കാരണം. എന്തുക്കൊണ്ട് ദൈവം അവറ്റളെ ഇങ്ങനെ സൃഷ്ടിച്ചു? ചൊറി പിടിച്ചതുപോലുള്ള ഇരുണ്ട ശരീരം കാണുമ്പോൾ തന്നെ ഒരു വല്ലായ്മ ഉള്ളിൽ നിന്ന് വരും, അതെങ്ങാനും കടിച്ചിട്ട് എൻ്റെ ശരീരം അതുപോലെയാകുന്ന കാര്യം...ആലോചിക്കുവാൻ കൂടി വയ്യ!

ഈ സംഭവം നടക്കുന്ന ദിവസം പകൽ ഞാൻ എൻ്റെ മുറി ഒന്നടുക്കിവച്ചരുന്നു. രണ്ടു വർഷമായി ആരും കേറാനില്ലാതെ പൂട്ടി കിടന്നതുകൊണ്ട് വല്ലാത്ത പൊടിയും ചപ്ചവറുകളുമായിരുന്നു മുറി നിറയെ! പെ ാടികാണുമ്പോൾ, പൊടിമണം വരുമ്പോൾ എൻ്റെ മനസ്സ് വീണ്ടും ആ നരകതുല്യമായ രണ്ട് വർഷങ്ങളിലേക്ക് പോകുമോ എന്ന ഭയമായിരിക്കണം എന്നെ കൊണ്ട് ആ മുറിയൊന്ന് തുടച്ച് വൃത്തിയാക്കി മൊത്തമൊന്ന് അടുക്കിപെറുക്കി വയ്ക്കാൻ തോന്നിപ്പിച്ചത്. പക്ഷേ എൻ്റെ ശുചിയാക്കലിൻ്റെ പരിണിതഫലമായി വാസസ്ഥലം നഷ്ടപ്പെട്ടതു കൊണ്ടാകണം ഈ എട്ടുകാലി ഇപ്പോൾ ചുവരിലിരിക്കുന്നത്. എന്നാലും എന്തുകൊണ്ടായിരിക്കും ദൈവം ഇതിനെ ഇത്ര വിരൂപമായി സൃഷ്ടിച്ചത്? പ്രകൃതിയിലെ മറ്റ് ജീവജാലങ്ങൾക്കെല്ലാം അതിൻ്റെ ആവാസവ്യവസ്ഥയിൽ സ്വൈര്യമായി ഒളിചിരിക്കാൻ പാകത്തിനും ജീവിക്കാനും പറ്റിയ നിറം നൽകിയപ്പോൾ എട്ടുകാലിക്കുമാത്രം ഇളം പെയിൻ്റടിച്ച ചുവരുകളിൽ ഇരിക്കാൻ പറ്റാത്തത്ര വിരൂപമായ ഇരുണ്ട നിറം എന്തുക്കൊണ്ട് നൽകി? പക്ഷേ ദൈവത്തിനു ഒരിക്കലും തെറ്റ് പറ്റില്ല, തീർച്ചയായും എട്ടുകാലിയുടെ ആവാസവ്യവസ്ഥയിതായിരിക്കില്ല...അതേ അങ്ങനെ വരാനേ വഴിയുള്ളൂ, ഇരുണ്ട മരങ്ങളിൽ താമസിക്കേണ്ട ഇവറ്റകളൊക്കെ എന്തിനാണ് മനുഷ്യൻ്റെ സമാധനംകെടുത്താൻ വീട്ടിൽകയറി വരുന്നത്?

രണ്ട് കൊല്ലമായി അറബിയുടെ ആട്ടും തൊഴിയും സഹിച്ച് ഇന്ത്യക്കാർക്കുള്ള ക്യാമ്പിൽ വെറും നിലത്ത് കിടക്കുന്നു, ഇന്നെങ്കിലും ഒന്ന് സ്വന്തം വീട്ടിൽ അറബിയുടെ കാല കുത്താ എന്ന മുറിഹിന്ദിയിലെ ചീത്തയൊന്നും കേൾക്കാതെ ഉറങ്ങാമെന്ന് കരുതിയപ്പോൾ ദാ ശല്ല്യം എട്ടുകാലിയുടെ രൂപത്തിൽ വന്നിരിക്കുന്നു. അപ്പുറതെ മുറിയിൽ നിന്നുള്ള അമ്മയുടെ കൂർക്കം വലിയാകണം എന്നെ ഈ ചിന്തകളിൽ നിന്നുണർത്തിയത്. ഇനിയും ആ എട്ടുകാലിയെ നോക്കി സമയം കളയാൻ ഞാൻ തയ്യാറല്ലായിരുന്നു. എണ്ണപ്പാടങ്ങൾക്കു കാവലിനായിട്ടാണെന്നെ റിക്രൂട്ട് ചെയ്തതെങ്കിലും അറബികളുടെയെല്ലാം വേലക്കാരനായിട്ടായിരുന്നു രണ്ട് കൊല്ലം കഴിച്ചത്. അവന്മാരുടെയൊക്കെ വിചാരം അവിടെയുള്ള ഇന്ത്യക്കാരൊക്കെ രഹസ്യ അജൻറെയുമായി അവരുടെ നാട്ടിലെ എന്തോ കടത്താൻ വന്നവരാണെന്നാണ്, അതു കൊണ്ടുതന്നെ ഞങ്ങളെ ഒരിക്കൽപോലും ഒരുമിച്ചിരിക്കാൻ അനുവദിക്കില്ലായിരുന്നു. ഇന്ത്യൻ ക്യാമ്പിൽ ഞങ്ങൾ തമ്മിൽ സംസാരിക്കുന്നുണ്ടോ എന്ന് നോക്കാൻ ഒരു അറബിപ്പയ്യൻ ഉണ്ടായിരുന്നു. അവനു ഞങ്ങളേക്കാൾ ശംബളവും!

കുബ്ബൂസ്സ് കഴിക്കാൻ നേരം കുടിക്കാൻ തരുന്ന വെള്ളം കാവൽ നിൽക്കുന്ന അറബി കാണാതെ മേത്ത് തളിച്ച് വെറും നിലത്ത് കിടന്നുറങ്ങിയും, അടുത്ത ദിവസം വീണ്ടും അറബികളുടെ ചീത്തവിളി കേട്ടും ഞാൻ ഉണ്ടാക്കിയെടുത്ത ധൈര്യത്തെ ഒന്നുകൂടെ സ്മരിച്ച ശേഷം, ഞാൻ അമ്മ ഇത്തരം സാഹചര്യങ്ങളിൽ ഉപയോഗിക്കാറുള്ള ഈർക്കിൽ ചൂലുത്തപ്പി മുറിവിട്ടിറങ്ങി. കുറച്ച് നേരത്തെ തിരച്ചിലിനൊടുവിലാണ് ആയുധം ലഭിച്ചത്. പക്ഷേ ആ സമയംകൊണ്ട് എട്ടുകാലി ചുവരിൽ നന്നും അപ്രത്യക്ഷമായിരുന്നു.



# OF NATURE, WAR, THERAPY AND LOVE



JENET B MOSES
BA ECONOMICS

A frustrated mind needs soulful therapy.
A late night walk along the lonely streets,
giving the moon a company,
to rant about your sorrows and joys.
The sunset, the radiant shadows of orange and yellow,
lighting up your wretched mind.
the plain blue sky and the black birds crying and
flying around, seeking for a home to shed their
love and affection,
their maternal care for the baby birds.
The voices of nature, the water flowing,
the leaves mingling to each other
as the wind touches their roots.
at far sight, the night lights blinked and
stared like the mysterious eyed creatures in the jungle.
A frustrated mind needs soulful therapy.
But have you ever noticed
How therapeutic nature can be?
Mother earth has the power to make us stop and stare.
this is when power defines to be kind,
beautiful, and poetic;
and not war, violence and bloodshed.
to an evening alone at the lakeside, breathing
oxygen like never before.





VAISHNAVI MOHAN
MCJ

# SUN TO SOUL

I STILL SEE HIM LEAVE THE ORANGE HUE,

EACH CLOUD IN SHADES OF WHITE,ORANGE AND BLUE.

THE BREEZE THAT CAME TO ME WHISPERED A STORY,

FILLED UP WITH SORROW AND NO GLORY.

ALL THESE EVENINGS SMELT OF DESPAIR.

TO WHOM LIFE WAS UNFAIR.

HEART BRIMMING WITH MEMORIES IN QUEUE,

PAINFUL AS ALWAYS LEAVING ME ALONE WITHOUT A CLUE.

# കല, കലാപം, കാൽപന്ത്!



ESTHAPHAN VARGHESE
BA SOCIOLOGY

കാതങ്ങളകലെ ഖത്തറിൽ അരങ്ങേറിയ ലോകകപ്പ് ഒരേസമയം പുല്ലാവൂരിലെയും പോർച്ചുഗലിലെയും ജനങ്ങളെ ഒരുമിപ്പിച്ചു ചേർത്തു നിർത്തുകയും എന്നാൽ അർജന്റീനയും ബ്രസീലും തമ്മിലെ ഒരു മത്സരം ലോകത്തെ മുഴുവൻ രണ്ട് വിരുദ്ധ ധ്രുവങ്ങളിൽ പ്രതിഷ്ഠിക്കുകയും ചെയ്യുന്നത് എങ്ങനെയാണ്? ടെലിവിഷൻ സ്ക്രീനുകളും പത്രത്താളുകളും വഴി മാത്രം പരിചിതമായ അർജന്റീന എന്ന രാജ്യത്തിന്റെ പരാജയം കേരളത്തിലെ ഒരു കുരുന്നിനെ (ലോകമമ്പാടായി ലക്ഷോപലക്ഷം കുരുന്നുകളെയും മുതിർന്നവരെയുമുൾപ്പെടെ) കണ്ണീരനിയിക്കാനുള്ള കാരണമെന്താണ്. രാജ്യസ്നേഹമെന്നത് രാഷ്ട്രീയപ്രേരിതമായി പൊലിപ്പിച്ചു കാണിക്കുന്ന സങ്കുചിതമായ ഒരാശയമാണെന്ന തിരിച്ചറിവ് പ്രബലമാകുന്ന വേളയിലും കേരളത്തിലെ തെരുവുകൾ കടലുകൾക്കപ്പുറം മറ്റുവൻകരകളിൽ സ്ഥിതി ചെയ്യുന്ന അർജന്റീനയുടെയും ബ്രസീലിന്റെയും ഫ്രാൻസിന്റെയും പതാകൾകൊണ്ട് നിറയുകയും ടെലിവിഷനിൽ അവരുടെ ദേശീയഗാനത്തിന് വീടുകൾ നിശ്ശബ്ദമാക്കപ്പെടുകയും ചെയ്യുന്നതെങ്ങനെ? കൊളോണിയൽ ഭരണത്തിന്റെ ബാക്കിപത്രമായി ക്രിക്കറ്റ് തുരുത്തുകളിലേക്ക് ഒരുങ്ങിയപ്പോൾ



കാറ്റ് നിറച്ച തുകൽ പന്ത് അന്റാർട്ടിക്ക ഒഴികെ ഏഴു ഭൂകണ്ടങ്ങളും കീഴടക്കിയത് എങ്ങനെയാണ്? ഫുട്ബോൾ, സോക്കർ എന്നിങ്ങനെ പല നാടുകളിൽ പല പേരുകളിൽ അറിയപ്പെടുന്ന ഈ വിനോദം ആബാലവൃദ്ധം ജനങ്ങളെ ഒരു പന്തിനും അതിനുപിന്നാലെ ഓടുന്ന ഇരുപത്തിരണ്ട് പേരെയും ഇമചിമ്മാതെ നോക്കിയിരിക്കാൻ പ്രേരിപ്പിക്കുന്നതെങ്ങനെ? മാരക്കാനായിൽ കണ്ണീർ വാർക്കുന്ന മെസ്സി മഞ്ചേരിയിലെ വീട്ടമ്മമാർക്കുൾപ്പെടെ നൊമ്പരമാകുന്നതെങ്ങനെ? ദേശീയതയുടെ രാഷ്ട്രീയചേരികളുടെ, മതങ്ങളുടെയും ദൈവങ്ങളുടെയും വരെ പ്രാധാന്യത്തെ ചോദ്യം ചെയ്യുംവണ്ണം, സമ്പത്ഘടനകളെ സ്വാധീനിക്കും വണ്ണം ഭൂഗോളത്തോളം തന്നെ ഫുട്ബോൾ എന്ന ഗോളം വളർന്നതെങ്ങനെ? മയ ആഞ്ചേലൂവിന്റെ കാലിക പ്രസക്തമായ വാക്കുകൾ കടമെടുത്താൽ മുകളിലെ ചോദ്യങ്ങളുടെ എല്ലാം ഉത്തരം വളരെ ലളിതമാണ്. മാനുഷികമായ എന്തും ഫുട്ബോളിന് അന്യമല്ല എന്നതിനാലാണ്. ഒഴിവുസമായങ്ങളെ ഉല്ലാസഭരിതമാക്കുന്ന ഒരു വിനോദം എന്നതിനപ്പുറം സ്വത്വപ്രദർശനത്തിനുള്ള വേദിയായി ഫുട്ബോൾ നിലകൊള്ളുന്നതിനാലാണ് ഒരു കേവല വിനോദം എന്നതിലുപരി വികാര തലത്തിൽ അത് ആധിപത്യം സ്ഥാപിക്കുന്നത്. ഫുട്ബോൾ ഒരു മതമായിരുന്നെങ്കിൽ അത് ലോകത്തിലെ ഏറ്റവും പിന്തുടർച്ചക്കാരുള്ള മതമായി മാറിയേനെ! പോയ നൂറ്റാണ്ടിൽ ഫുട്ബോൾ ലോകം കീഴടക്കിയ പ്രമുഖരെ പരിശോധിച്ചാൽ ഈ സ്വത്വ പ്രദർശനം വ്യക്തമാകും. ഫുട്ബോൾ ലോകം പല കാലഘട്ടങ്ങളിൽ ആയി അടക്കിവാണ ടീമുകളെ പരിശോധിച്ചാൽ രാഷ്ട്രീയത്തിൽ എന്നപോലെ അവരെ മുന്നോട്ട് നയിച്ച പ്രത്യയശാസ്ത്രങ്ങൾ കാണും. റിനുസ് മൈക്കിന്റെയും ക്രയ്ഫിന്റെയും നേതൃത്വത്തിൽ ഡച്ച് ടീം തുടങ്ങിച്ച ടോട്ടൽ ഫുട്ബോൾ ലോകം കീഴടക്കിയതും, ഓറഞ്ച് പടയുടെ പതനത്തിന് ശേഷം വീണ്ടും ടികി ടാകാ ശൈലിയിൽ ലോകം കീഴടക്കിയ സ്പൈനും ബാഴ്സിലോണയും മൈതാനത്ത് ഒരേ ആശയങ്ങളാണ് പ്രാവർത്തികമാക്കിയത്. ടോട്ടൽ ഫുട്ബോളിൽ നിന്ന് ടികി ടാകയും കടന്ന് ഗീഗൻ പ്രെസ്സിങ്ങിലെത്തി നിൽക്കുന്ന  ഫുട്ബോൾ തന്ത്രങ്ങളുടെ കാലാന്തരത്തിലുള്ള പരിവർത്തനം മാർക്സിന്റെ വൈരുദ്ധ്യാത്മക ഭൗതികവാദതിന്റെ ഏറ്റവും മികച്ച ഉദാഹരണങ്ങളിലൊന്നാകുന്നു എന്നത് രസകരമായ എന്നാൽ കൗതുകമുണർത്തുന്ന ഒരു വസ്തുതയാണ്.

ഫുട്ബോൾ പൊതുവെ ഒരു ഇടതുസ്വഭാവമുള്ള കളിയാണ്. വ്യക്തിഗത മികവുകൾക്ക് മത്സരഗതിയെ നിർണയിക്കാൻ കെൽപ്പുള്ള ക്രിക്കറ്റിനെയും മറ്റു കായിക വിനോദങ്ങളെയും വച്ച് താരതമ്യപ്പെടുത്തിയാൽ വ്യക്തികളുടെ പേരിൽ രേഖപ്പെടുത്തുന്ന ഗോളുകൾക്കപ്പുറം അസിസ്റ്റുകളുടെയും, ടാക്കിളുകളുടെയും, ബ്ലോക്കുകളുടെയും, സേവുകളുടെയും കൂട്ടായ പ്രവർത്തനമാണ് സോഷ്യലിസ്റ്റ് വ്യവസ്ഥയിൽ എന്നപോലെ ഒരു മത്സരം എന്ന നിലക്ക് ഫുട്ബോളും ആവശ്യപ്പെടുന്നത്. ഒരു പക്ഷെ അതായിരിക്കാം കമ്യൂണിസത്തിനൊപ്പം കാല്പന്തെന്ന വിനോദവും കേരളസമൂഹത്തിന്റെ സാംസ്കാരിക സ്വത്വത്തിന്റെ അടയാളമായി നിലകൊള്ളാൻ കാരണം.

മൈതാനത്തിനകത്തും പുറത്തുമായി ഈ കായികവിനോദം മാനവികതയെ സംബന്ധിക്കുന്ന വിഷയങ്ങളിലെല്ലാം നിലപാടുകൾ സ്വീകരിക്കുന്നതിന് എണ്ണിയാൽ തീരാത്ത ഉദാഹരണങ്ങളുണ്ട്.

നേപ്പിൽസിലെ ഭവനങ്ങളിൽ യേശുക്രിസ്തുവിനൊപ്പം മറഡോണയെയും ആരാധിക്കുന്നത് കളിക്കളത്തിൽ അയാൾ പ്രകടിപ്പിച്ച അഭൗമ മാന്ത്രിക സിദ്ധി കൊണ്ട് മാത്രമല്ല , ദൈവത്തിന് പോലും വേണ്ടാത്തവരായി ജീവിച്ചുപോന്ന നേപ്പിൾസ് ജനതക്കുവേണ്ടി നിലകൊള്ളാൻ അയ്യാൾ നിലപാടെടുത്തിനാലാണ്. ബാഴ്സലോണ ഫുട്ബോൾ ക്ലബ്ബ് സ്പെയിനിൽ നിന്ന് സ്വാതന്ത്രം ആവശ്യപ്പെടുന്ന കാറ്റലോണിയൻ ജനതയുടെ കൂട്ടായ സ്വത്വ പ്രദർശനത്തിന്റെ ഉപാധിയാണ് അതിനാലാണ് കാറ്റലോണിയയുടെആയുധമില്ലാത്ത പട്ടാളം എന്നവരെ വിശേഷിപ്പിക്കുന്നത് ചിരവൈരികളായ റിയൽ മാഡ്രിഡിന്റെ ഗലക്റ്റിക്കോസ് യുഗത്തിനും യൂറോപ്യൻ ആധിപത്യത്തിനിടയിലും നേർക്കുനേർ പോരാട്ടങ്ങളിൽ വ്യക്തമായ ആധിപത്യം നിലനിർത്താൻ ബാഴ്സയെ പ്രാപ്തരാക്കിയത് മൈതാനത്തവർ പ്രാവർത്തികമാക്കുന്ന കാറ്റലോണിയാൻ വീര്യമാണ്. നൂറ്റാണ്ടുകൾ ചൂഷണത്തിന് വിധേയരായ ഒരു വിഭാഗത്തിന്റെ സ്വത്വ പ്രദർശനമാണ് ബ്രസീലിനെ അഞ്ചുവട്ടം ലോക കിരീടം ചൂടാൻ പ്രാപ്തരാക്കിയ ജിങ്ക ശൈലി.

ഫുട്ബോൾ മൈതാനത്തിന് പുറത്തേക്ക് നോക്കിയാൽ ബ്രിട്ടീഷ് രാജ്ഞിക്ക് നികുതി കൊടുക്കാൻ താല്പര്യമില്ലാത്ത, 'പാവപ്പെട്ടവനെ തകർക്കുന്ന നിയമത്തെയാണ് തകർക്കേണ്ടത് ' എന്ന് ഉറക്കെ വിളിച്ച് പറഞ്ഞതിന്റെ പേരിൽ ഇംഗ്ലീഷ് ഭരണകൂടത്തിന്റെ വക അയിത്തം കല്പിക്കപ്പെട്ട, രാജവാഴ്ചയുടെ അടയാളമായ ഇംഗ്ളീഷ് ദേശീയഗാനത്തെ കൂക്കുവിളികളോടെ വരവേൽക്കുന്ന യൂറോപ്യൻ യൂണിയന്റെ നേരിട്ടുള്ള ധനസഹായത്തിൽ മുന്നോട്ടുപോകുന്ന ലിവർപൂൾ ജനതയുടെ രാഷ്ട്രീയവും , പ്രതിഷേധവുമാണ് മൗറീൻഹൊയും ഫെർഗൂസനുമടക്കമുള്ള വിഖ്യാത പരിശീലകർ പോലും നരകതുല്യമായി കണക്കാക്കുന്ന ആൻഫീൽഡ് ഗലറിയുടെ ഊർജ്ജത്തിനുറവിടം.



തദ്ദേശീയ ഫ്രഞ്ച് പൗരന്മാരെക്കാൾ കൂടുതൽ ആഫ്രിക്കൻ അൾജീരിയൻ വംശജരുമായി കളിച്ച ഫ്രഞ്ച് ടീം അജയ്യമായ റഷ്യൻ ലോകകപ്പ് വിജയത്തിലൂടെ തങ്ങളുടെ കുടിയേറ്റ നയത്തിനെതിരെ ഉയർന്നുവന്ന ചോദ്യങ്ങൾക്ക് കൂടെയാണ് കൃത്യമായ രാഷ്ട്രീയ മറുപടി നൽകിയത്. തീവ്ര വലതുപക്ഷ രാഷ്ട്രമായ ഇസ്രായേലിൽ അരിവാൾ ചുറ്റിക ആലേഖനം ചെയ്ത ജേഴ്സി ധരിച്ച് കളത്തിൽ ഇറങ്ങുന്ന ക്ലബ്ബ് ആണ് ഹപൊഎൽ ടെൽ അവീവ്, ' ഹപൊഎൽ എന്നാൽ തൊഴിലാളി എന്നാണ് അർത്ഥം. ലെനിന്റെയും മർക്സിന്റെയും ഗാന്ധിയുടെയും ചിത്രങ്ങൾ ആലേഖനം ചെയ്ത പതാകയുമായി സ്റ്റേഡിയം നിറയുന്ന ആരാധകക്കൂട്ടമായ 'ആൾട്രാസ് ഹപോഎൽ' പലസ്തീൻ അഭയാർത്ഥികൾക്കായി ഇസ്രായേൽ തലസ്ഥാനത്ത് ദുരിതാശ്വാസ ക്യാമ്പുകൾ തുറന്ന് രാഷ്ട്രീയത്തിൽ ഏർപ്പെടുന്നുണ്ട്. ഇറ്റലിയിലെ മുസോളിനി ആരാധകർക്ക് മുന്നിൽ 'ബെല്ല ചാവു' എന്ന തൊഴിലാളി ഗാനം മുഴക്കുന്ന എ .എസ് ലിവർനോ ആരാധകരും വ്യക്തമായ ഒരു രാഷ്ട്രീയ നിലപാട് സ്വീകരിക്കാൻ ഒട്ടും മടിക്കുന്നില്ല എന്ന് കാണാം.

മറ്റേത് രാഷ്ട്രീയ പ്രത്യയ ശാസ്ത്രത്തെയും പോലെ മനുഷ്യസമൂഹത്തിന്റെ പുരോഗതി തന്നെയാണ് ഫുട്ബോളും ലക്ഷ്യം വയ്ക്കുന്നത്. സെനഗലിലെ തന്റെ ഗ്രാമത്തിന്റെ പുരോഗതിക്കായി സാദിയോ മാനെ നടത്തുന്ന ശ്രമങ്ങളും, കോവിഡ് പ്രതിസന്ധിക്കിടെ ഇംഗ്ലണ്ടിലെ ആയിരക്കണക്കിന് കുരുന്നുകളുടെ വിശപ്പടക്കാൻ മർകസ് രാഷ്ഫോർഡ് മുന്നോട്ടുവന്നതും മാനവ മോചന പോരാട്ടത്തിന്റെ ഭാഗം തന്നെയാണ്. ആൻഫീല്ഡിനെ പ്രകമ്പനം കൊള്ളിക്കുന്ന നീക്കങ്ങളിലൂടെ പ്രീമിയർ ലീഗ് റെക്കോർഡുകൾ മാത്രമല്ല മുഹമ്മദ് സല തകർക്കുന്നത് മറിച്ച് വംശീയതയെപ്പറ്റിയുള്ള ഒരു വിഭാഗം ജനങ്ങളുടെ കാഴ്ചപ്പാട് കൂടെയാണെന്ന് സലായുടെ വരവിന് ശേഷം ലിവർപൂൾ പ്രവിശ്യയിലെ വംശീയ അതിക്രമങ്ങളിലുണ്ടായ കാര്യമായ കുറവ് വ്യക്തമാക്കുന്നുണ്ട്. വർണ്ണവെറിക്കും ഹുളി ഗനിസത്തിനും പേരുകേട്ട ഇറ്റലിയിലെ പുതിയതലമുറ കറുത്ത ചായം തേച്ച് മൈദാനങ്ങളിലേക്ക് ഒഴുകിയെത്താൻ കാരണഭൂതനായത് മറഡോണ സ്റ്റേഡിയത്തിൽ മായാജാലം തീർത്ത വിക്ടർ ഒഷിമെൻ എന്ന നൈജീരിയൻ ചെറുപ്പക്കാരനാണ്. വംശവെറിയിൽ മനം നൊന്ത വിനിഷ്യസ് ജൂനിയറിനെ തോളോട് ചേർത്ത് നിർത്താൻ ചിരവൈരികളുൾപ്പെടെ മുന്നോട്ടവന്നതും, ക്വീർ പ്രസ്ഥാനത്തെ അനുകൂലിക്കുന്നതിന്റെ പേരിൽ തങ്ങൾക്ക് വരുന്ന നഷ്ടങ്ങൾ സഹിച്ചുകൊള്ളാമെന്ന് നിലപാടെടുക്കാൻ ബാഴ്സിലോണ, ജർമനി ഫുട്ബോൾ ടീമുകളെ പ്രാപ്തരാക്കുന്നതും ഫുട്ബോളിന്റെ ഈ സർവം സ്വീകാര്യമായ സംസ്കാരമാണ്

അതിനാൽതന്നെ ഒരു കായിക ഇനം മാത്രമായി ഫുട്ബോളിനെ വിശകലനം ചെയ്യാൻ ശ്രമിച്ചാൽ അത് ഈ വിനോദത്തിന്റെ ചരിത്രത്തോട് ചെയ്യുന്ന നീതികേടാവും. മറ്റെന്തിനെയും പോലെ ഫുട്ബോളിലും രാഷ്ട്രീയം ഉണ്ട് എന്ന് മാത്രമല്ല, ഒരു കേവല വിനോദമെന്നതിലുപരി ഫുട്ബോൾ എല്ലാ അർത്ഥത്തിലും രാഷ്ട്രീയ പ്രവർത്തനം തന്നെയാണ്.



# I WON'T LET YOU GO



NAMITHA RAJEEV
BSC PHYSICS

She is the dream of my sleep.
Every night, I scour the darkness for her.
I clamored to grasp her in the dark clouds.
Beside me, she bloomed like a new moon.
You, the tale of my existence.
You savour the dew of my lips.
Through her, the glorious love embraces me.
If my heart could scream,
You would hear it say,
"I won't let you go".
Gaze up at my promise
that I wouldn't ever leave you.





# SUNDAY BLUES

Sunday afternoon blues. It was like watching the same movie over and over again. Broken nails. Bitten nails. Anxious fingers. Frail skin. Dead eyes. Blurred vision. Uncombed hair. Repeated music. A wrinkled blanket. Constant interruptions. All in one huge mess of a room. The mess inside gets into the mess outside.The mango tree's leaves were rustling, and people were leaving the cinemas. The weekend begins at noon with a cup of tea and brunch. Woke up with a feeling of unfulfilledness. That's not a word, but that's the feeling. Trespassers walk in and away as if this is a play to enchant their eyes. The wretched spirit keeps switching places, from happiness to utter agony, then to hellish nothingness. But happiness is a fool's paradise, it seems. One part enjoys the twentieth year, finding joy, while the inner self understands the terrible certainty that it's nothing but a veil of deception. Where is this tiny part that clings to hope? It seems far from reach now. Where are you? Why can't you stay and not leave for the night? Like a long-lost lover, you vanish from me yet again to somewhere far away, like a nameless gypsy song.



MALINI JAYAN
BA ENGLISH

# AGONY

Raindrops of tears falling down,
In the battlefield of my world.

Oh God, broken arms and legs everywhere,
I'm washed in the flood of blood.

Why am I born to this world,
Isn't it to cry for freedom and joy?

Alarm itself is the gunshots,
Days filled with hopeful eyes of peace.

I may leave you anytime,
So let me go Happily.

It's not a matter of being a saver, I just want you to be safe.

Let our agony be the cure,
For this painful flood.

Let my drop of blood be the last one,
In this flood of blood…



STEFFY ANNA THOMAS
BSC PSYCHOLOGY



# HUMANITY CALLS FOR A HEARING



ALKA S
BSC PSYCHOLOGY

Gone are those days.
Gone are those times.
When humans were humans.

Long strides we have come,
but not so awesome.
One single mistake,
is enough for the brake.
Forgiveness is forgone,
No one wants that zone.

Take a look back,
to see how much you stack.
Was it not someone's kindness,
that restored your happiness.

Then why all the hate,
to spoil your own fate.
The human within you calls for a hearing;
don't you think humanity is worth bearing?

A simple smile,
can turn over the pile;
of all treachery
into a river of misery,
that will later flow into the sea of repentance,
unfolding one's own independence.

Welcome these days.
Welcome these times.
When humans will be humans.



# മയ്യഴിപുഴയുടെ തീരങ്ങളിൽ



ATHULYA K
BA SOCIOLOGY

കുറേ കാലത്തെ അലച്ചിലുകൾക്ക് ശേഷം പകുതി വെക്കേഷൻ കഴിഞ്ഞ് മൂട് സ്വിങ്സിലൂടെയും മറ്റും കടന്ന് പോകുമ്പോൾ ആണ് എന്തെങ്കിലും വായിക്കാമെന്ന ആലോചനയിൽ തൊട്ടടുത്ത ലൈബ്രറിയിൽ നിന്ന് എം മുകുന്ദന്റെ മയ്യഴിപ്പുഴയുടെ തീരങ്ങളിൽ എടുത്ത് വായിക്കുന്നത്. എന്തായാലും കോളേജിൽ പോകുന്നതിന് മുന്നേ വായിച്ച് തീർക്കണമെന്നുറച്ച് സമയമെടുത്താണെങ്കിലും മുഴുവനാക്കി. മയ്യഴിയെ മൊത്തം ഞാനിപ്പോഴെന്റെ മുന്നിൽ കാണുന്നു. ദാസൻ, ചന്ദ്രിക, ഗിരിജ, ദാമു റൈറ്റർ, കുഞ്ഞനന്ദൻ മാസ്റ്റർ, അച്ചു, ഭരതൻ, കുറമ്പി വല്യമ്മ, കുഞ്ഞി ചിരിത, കൗസു, ലീല, കുഞ്ചക്കൻ, കുഞ്ഞാണൻ, ഉണ്ണിനായര്, കണാരൻ, വാസൂട്ടി, പപ്പൻ, ലെസ്ലീ സായ്വ്, ബ്രിഗേദയ ചെട്ടിയപ്പ, മൂപ്പൻ സായ്വ്, മിസി, നാണി തുടങ്ങി പറഞ്ഞുതുടങ്ങിയാൽ തീരാത്തത്ര മനുഷ്യരുടെ കഥ പറഞ്ഞുവെച്ചുകൊണ്ടാണ് നോവൽ അവസാനിക്കുന്നത്. അവർക്കൊപ്പം മയ്യഴിയുടെ ചരിത്രം നമ്മൾ വായിക്കുന്നു.ഫ്രഞ്ച് അധീനതയിലുണ്ടായിരുന്ന മയ്യഴിയിൽ ഫ്രഞ്ച് ഭരണം അവസാനിപ്പിക്കാനായി ഒരു പറ്റം ചെറുപ്പക്കാർ തുനിഞ്ഞിറങ്ങുന്നതും തുടർന്ന് വിധേയനില്ലാതെ ജീവിക്കാൻ വയ്യെന്നായ നാട്ടുകാർ അവരെ എതിർക്കുന്നതും അതിനെ സംബന്ധിച്ചുള്ള സംഭവ ബഹുലമായ കഥാതന്തുവും നോവലിനെ വ്യത്യസ്തമാക്കുന്നെങ്കിലും വെറുത ഇതങ്ങു പറഞ്ഞു പോകാതെ ആ നാടിനെ,നാട്ടുകാരെ,ദാസന്റെയും ചന്ദ്രിയുടെയും പ്രണയത്തെ, മയ്യഴി പുഴയുടെ തീരങ്ങളെ വരെ നമ്മളിലേക്ക് ചേർത്തു നിർത്തിയെ നോവലിനെ വായിക്കാവു എന്ന എഴുത്തുകാരന്റെ വാശി ഇവിടെ വ്യക്തമാണ്. ദാസനെപ്പോലൊരു മനുഷ്യനെ ഞാൻ കണ്ടിട്ടില്ല, ചന്ദ്രിയെപ്പോലൊരു പ്രണയത്തെ ഞാൻ അറിഞ്ഞിട്ടുമില്ല. സ്നേഹത്തിന്റെ വെള്ളിയാങ്കല്ലിൽ അവർ ഒന്നിക്കുന്നിടത്ത് നോവൽ അവസാനിക്കുമ്പോൾ എവിടെയൊക്കെയോ ഞാൻ ദാസനെയും ചന്ദ്രിയെയും തിരഞ്ഞു കൊണ്ടിരിക്കുകയാണ്. എഴുത്തുകാരന്, മയ്യഴിയുടെ ലോകത്തിന്, പ്രിയപ്പെട്ട കഥാപാത്രങ്ങൾക്ക് നന്ദി!



# FAMILIAR TRACES

How much can it burn
Until it cools down
Mercury shoots up when
The volcano takes on another
Only for it to go solid
It can never stop
And contain the heat
Please bleed
And heal the land with stillness
Explode more
Freeze faster
To keep the heat
And fuel the fire



GOPIKA RAJIV
BA ENGLISH





What a glorious sight!
The world witnessed the might
Of two companions in plight
Who became each other's light.

They braved the land
And sauntered through rough sand,
Shoulder to shoulder, side by side,
They had no dread to hide.

Together they were one,
And apart they were half done.
Two souls that will dwell endlessly,
Through their tales of bravery said continuously.

# SOLIDARITY

ALEENA SAMEER
BA ENGLISH

# Monday Melancholy



MALINI JAYAN
BA ENGLISH

Today, as I lie in the dark
Constantly stuck on a Monday,
The inability to exist rushes in again,
It's not even Monday, and yet here
I am shivering with Monday blues.

Tea stains on my bedroom floor,
Lost the energy even to wipe them off.
Messed-up bedspreads and blankets,
Lost the will to fold them off.

But then I sat reading,
Stopped while for thoughts –
I grow older.
I fear the moment when
I'll forget roots and voices.

Then I am reading again,
Stopped for thoughts –
I forgot how happy I was.
When I was fifteen.
I forget dad's bedtime stories.

And now the book remains closed,
And the thoughts are pouring in –
A ship lost in a storm,
Searching for the glow
Of a lighthouse.
But still carrying on,
Ultimately,
Ending up in a shipwreck
Or stranded on a deserted island?







ALFIYA JALEEL
MA ENGLISH

# എന്റേതല്ലാത്ത ഒന്ന്

ഒന്നിറങ്ങി പോകാൻ ആക്ഞാപിച്ചപ്പോൾ കാറിന്റെ ഡോർ തുറന്ന്, തിരിഞ്ഞു നോക്കാതെ, എങ്ങോട്ടേക്കെന്നറിയാതെ, ഞാൻ ഇറങ്ങി നടന്നു. അവനും എന്നെ തിരിഞ്ഞു നോക്കാതെ തന്നെയാവണം കാർ സ്റ്റാർട്ട് ചെയ്ത് പോയതും. ഞങ്ങൾ തമ്മിലുള്ള ബന്ധത്തിന്റെ കരാറും ആ വിധമുള്ളതാണ്. ഏകദേശം അഞ്ച് വർഷങ്ങളായി ഞങ്ങൾ ഞങ്ങളുടെ സൗഹൃദം തുടങ്ങിയിട്ട്. എല്ലാറ്റിനും തുടക്കം കുറിച്ചത് ഞാനായിരുന്നു. സാധാരണ ഏതൊരാൾക്കും തോന്നാവുന്ന ഒരു കാമം. ജോലി ചെയ്യുന്ന സ്ഥാപനത്തിലെ മാനേജർ കൂടിയാകുമ്പോൾ പരിമിതികൾ കൂടും. എല്ലാം കൊണ്ടും ഉത്തമനായ ഒരുവനെ കണ്ടാൽ കാമിക്കാൻ തോന്നുന്നത് കുറ്റമാണെന്ന് എനിക്ക് അന്നുമിന്നും തോന്നിയിട്ടില്ല.
പിന്നെ ദൈവം തമ്പുരാൻ എല്ലാം എല്ലാവർക്കും ഒരുമിച്ച് കൊടുക്കില്ലല്ലോ. അതുകൊണ്ടാകണം അവന് ഒരു പഴഞ്ചൻ പേര് വീണത്, ബാലൻ കെ. നായർ. ഒരു പേരിലെന്തിരിക്കുന്നു. ഇഷ്ടം കൂടി കൂടി വരുമ്പോൾ ബാലുവെന്നോ, ബി.കെ.എൻ എന്നോ അതുമല്ലെങ്കിൽ വാവേന്നോ, ചക്കരേന്നോ പഞ്ചസാരയെന്നോ വിളിക്കാം. ഇനിയിപ്പോൾ പേര് വിളിക്കണമെന്നും യാതൊരു നിർബന്ധവുമില്ലല്ലോ.
ഞാൻ ടെക്ക്നോപാർക്കിലെ ജോലിക്ക് കയറിയ അന്ന് തന്നെയാണ് മനേജറായി ബാലൻ കെ.നായരും ചാർജെടുത്തത്. എല്ലാവരുടെയും നോട്ടപുള്ളിയായിരുന്നു ബാലൻ. ഒന്നുകിൽ കല്യാണം കഴിഞ്ഞിട്ടുണ്ടാവണം ഇല്ലെങ്കിൽ ഉറപ്പായും കാമുകി കാണും എന്നാണ് ഓഫീസിലെ സർവ്വരും കരുതിയിരുന്നത്. ഞാനടക്കമുള്ള വനിതാരത്നങ്ങൾ ബാലനുമായി സൗഹൃദത്തിലാകാൻ പരിശ്രമിച്ചു. ഭാഗ്യം എന്നല്ലാതെ എന്തുപറയാൻ ആ നറുക്ക് വീണത് എനിക്കു തന്നെ, ഞങ്ങൾ പരിചയപ്പെട്ടു. മനേജർ സാർ അല്ലേ... ഏറ്റവും ബഹുമാനത്തോടെ തന്നെ സംസാരിച്ചു. സൗഹൃദം ഊട്ടിയുറപ്പിക്കാൻ വേണ്ടി ഞാൻ തന്നെയാണ് അദ്ദേഹത്തിന്റെ വാട്സ് ആപ്പ് നമ്പർ സംഘടിപ്പിച്ച് ഒരു ഹായ് അയച്ചത്. തിരിച്ചു വന്ന മറുപടി ചെറുതായിട്ട് എന്നെ ഒന്ന് സന്തോഷിപ്പിച്ചു. എന്റെ പേരും ചേർത്തൊരു ഹലോ ആയിരുന്നത്. കമ്പനി കാര്യങ്ങൾ മാത്രമായിരുന്നു എന്റെ മെസേജുകൾ അറിയുന്നതും അറിയാ ത്തതുമെല്ലാം സംശയം ചോദിക്കണമെനിക്ക്. പിന്നെ ബാലുവിന്റെ ക്യാബിനിലേക്കായിരുന്നു എന്റെ സംശയങ്ങളുടെ ശരങ്ങൾ തറച്ചത്. ഞങ്ങൾ ഒരേ ടീമിലായിരുന്നതു കൊണ്ട് തന്നെ ആരും എന്നെ സംശയിച്ചതുമില്ല. ബാലുവിനെ പറ്റി പറയാൻ തുടങ്ങിയാൽ പിന്നെ ഒരുപക്ഷേ എനിക്ക് നിർത്താൻ കഴി ഞ്ഞെന്നു വരില്ല. ഒരു മാസം കൊണ്ട് മാനേജർ ബാലൻ സാർ എന്റെ പ്രിയപ്പെട്ട ബാലുവായി മാറി. എന്നിട്ടും പരിധി വിട്ട് പെരുമാറിയിരുന്നില്ല.

ഒരു ദിവസം രണ്ടും കൽപ്പിച്ച്, നമുക്കൊരു ഔട്ടിങ്ങിനു പോയാലോ" എന്നു ഞാൻ മെസേജ് ചെയ്തു. കാര്യം ഞങ്ങൾ കൂട്ടായിരുന്നുവെങ്കിലും ഓഫീസിലാർക്കും ഒരു രീതിയിലും ഒരു തുമ്പും കൊടുക്കാത്ത ബന്ധമായിരുന്നു ഞങ്ങളുടേത്. അങ്ങനെ വേണമെന്ന് പറഞ്ഞതും ഞാനായിരുന്നു. വെറുതെ മറ്റുള്ളവർക്ക് കുശുമ്പു കുത്താൻ വേണ്ടി നമ്മളായിട്ട് അവസരം ഉണ്ടാക്കി കൊടുക്കുന്നതിനോട് എനിക്കും ബാലുവിനും താത്പര്യം ഉണ്ടായിരുന്നില്ല. ചിലപ്പോൾ തോന്നും ബാലു ഒരു കിറുക്കനാണെന്ന് മറ്റുചിലപ്പോൾ കേമനായി രൂപം പ്രാപിക്കും. സംസാരത്തിൽ, നോട്ടത്തിൽ, ഭാവത്തിൽ, അഭിപ്രായത്തിൽ, എല്ലാം നൂറിൽ നൂറ് മാർക്കായിരുന്നു ഞാൻ അവന് കൊടുത്തത്.

അയച്ച മെസേജിന്റെ മറുപടി; ഓൺ  ലൈനിൽ ഉണ്ടായിരുന്നിട്ടും നല്ലത് പോലെ ആലോചിച്ചതിനു ശേഷമാണ് ബാലു ടൈപ്പ് ചെയ്യാൻ തുടങ്ങിയത്.

പുറത്ത് പോകുന്നതിനു എന്താണ് പ്രശ്നം. പിന്നെ ഓഫിസിലുള്ള ആരെങ്കിലും കണ്ടാൽ അതൊരു ചർച്ചാവിഷയമാകുമെന്നു മാത്രം."

അത് എനിക്കുമറിയാം. അതുകൊണ്  എറണാകുളത്തേക്ക് പോകാമെന്നാണ് ഞാനും കരുതിയിരുന്നത്. കാര്യങ്ങളുടെ ഗതി മാറി ഒഴുകിയത് നിമിഷനേരം കൊണ്ടാണ്. ബാക്കി കാര്യങ്ങൾ എന്തായാലും നാളെ നേരിട്ട് കണ്ട് തീരുമാനിക്കാമെന്നുറച്ച് ഞങ്ങൾ ഓഫ് ലൈനിൽ പകച്ചു നിന്നു. എന്റെ യഥാർത്ഥ ഉദ്ദേശം ബാലുവിനു മനസ്സിലായി കാണുമോ എന്നതു തന്നെയായിരുന്നു എന്റെ ഏറ്റവും വലിയ പ്രശ്നം. പിറ്റേന്ന് ഓഡിറ്റ് മീറ്റ് കഴിഞ്ഞ് ക്യാബിനിൽ കാണാമെന്നാണ് പറഞ്ഞിരുന്നത്. മുമ്പ് പലതവണ കയറിയിട്ടുള്ള ക്യാബിനായിരുന്നിട്ടു കൂടിയും എന്റെ കൈവെള്ള വിയർത്തു. എന്നിട്ടും എവിടുന്നൊക്കെയോ കുറച്ച് ധൈര്യം സംഭരിച്ച്, ഒരു ഗുഡ് ഈവനിങ്ങ് പറഞ്ഞ് തള്ളി തുറന്നു കയറി ബാലൻ. കെ. നായർക്ക് ഒരു ഷേക്ക് ഹാൻഡ് കൊടുത്തു. അപ്പോഴാണ് ബാലുവിന്റെ കൈവെള്ളയും നനഞ്ഞു വെളുത്തിരിക്കുന്നത് ഞാനറിഞ്ഞത്. കാര്യം കൃത്യം. ഇരുവർക്കും ബോധ്യപ്പെട്ടു.

ഞങ്ങൾ കരാറുകൾ പറഞ്ഞു തുടങ്ങി. അവിഹിതങ്ങൾക്ക് കരാറുകൾ എപ്പോഴും നല്ലതാണ്.

കരാർ നമ്പർ വൺ  : ശേഷം എന്നെ മാത്രമേ വിവാഹം കഴിക്കുകയുള്ളൂ എന്ന് പറയരുത്.

എന്റെ മറുപടി : നിങ്ങൾക്ക് കാമുകിയും എനിക്ക് കാമുകനുമുണ്ട്. അതുകൊണ്ട് അങ്ങനെയൊരു പേടിയുടെ ആവശ്യമില്ല.

കരാർ നമ്പർ റ്റു : പരമ രഹസ്യം

എന്റെ മറുപടി : പരമ പ്രധാനം.

കരാർ നമ്പർ ത്രീ : തേൻ കുടിക്കുന്നു, പറക്കുന്നു, പരാഗണം.

എന്റെ മറുപടി : ആസ്വാദനം, പിന്നെ നോ ആഫ്റ്റർ ഇഫക്റ്റ്സ്, നോ ടെക്സ്റ്റ്, നോ കോൾസ്.

കരാർ നമ്പർ ഫോർ : റ്റാറ്റാ ഓക്കെ ബൈബൈ

എന്റെ മറുപടി, കരാർ നമ്പർ ഫൈവ് : സൗഹൃദം അതിന്റെ നിലയിൽ തന്നെ തുടരും.

ഞങ്ങൾ ഒപ്പുവെച്ച് കരാർ പാസ്സാക്കി. ഞാൻ എന്റെ കാമുകനോട് കള്ളം പറഞ്ഞ് എറണാകുളത്തേക്ക് ട്രെയിൻ കയറി. നേരത്തെ തന്നെ ബാലു വിമാനത്തിലെത്തി എന്നെയും ഒപ്പം കൂട്ടി. മുൻകൂട്ടി നിശ്ചയിച്ചതു പോലെ നിശ്ചയിച്ച ഹോട്ടൽ മുറിയിലേക്ക് മറ്റൊരു ലോകത്തിലേക്ക് എന്ന പോലെ ഞങ്ങൾ കടന്നുചെന്നു. എനിക്ക് ഒരിക്കലും വിശ്വസിക്കാൻ കഴിയാത്ത ഒന്നായിരുന്നത്. എന്നേക്കാളും എത്രയോ മികച്ചവർ അയാളോടൊന്നു മിണ്ടാൻ കൊതിച്ചു നിൽക്കുമ്പോൾ ഞാൻ അയാളുമൊത്ത് ഒരുമിച്ച് ഒരു കിടക്കയിൽ. ആഗ്രഹിക്കുന്നത് നേടാനുള്ള എന്റെ വാശി.. അത് ഞാൻ ബാലുവിന്റെ കാര്യത്തിലും നേടി.





ഞങ്ങളെ കൂട്ടി കെട്ടിയിട്ടിരുന്നത് ഞങ്ങളുടെ വിശ്വാസമായിരുന്നു. ഒരുപാട് സംസാരിച്ചു. ജീവിച്ചു തീർത്ത ജീവിതങ്ങൾ അനുസ്മരിച്ചു. പങ്കുവച്ചവരുടെ കഥകൾ പറഞ്ഞു. കാമുകനെ കുറിച്ചും കാമുകിയേ കുറിച്ചും പറഞ്ഞു. വർണ്ണങ്ങൾ ചാലിച്ച മധുരം എനിക്കേകി എന്നെ ആനന്ദിപ്പിച്ചു. ചേർത്തു പിടിച്ചു. ഒരുമിച്ചിരുന്ന് ആഹാരം കഴിച്ചു. ഒരുമിച്ച് ആടിപാടി ഒന്നായി മാറി. എല്ലാം ഒരു ഒറ്റ നിരയിലായിരുന്നു ഞങ്ങളുടെ ബോധമണ്ഡലം ഉല്ലസ്സിച്ചിരുന്നത്. ഹോട്ടൽ മുറികൾ പലതു മാറി. ഹോട്ടൽ മാറിയില്ല. ഞങ്ങളും,

പിടിക്കപ്പെടാത്തതിൽ വീരവാദ്യം മുഴക്കുമ്പോഴും പിടിക്കപ്പെടാതെയിരിക്കാൻ ഒരു നാഴിക കല്ലും അവശേഷിപ്പിക്കാതെ നശിപ്പിച്ചു കളഞ്ഞു, എന്നിട്ടും ആ മുറികളിൽ ഞങ്ങളുടെ സ്നേഹം തളം കെട്ടി കിടന്നു. ഓരോ കുടിചേരലിനു ശേഷവും ഒന്നുമറിയാത്തവരെ പോലെ ഓഫിസിൽ വെച്ച് കാണും, സംസാരിക്കും. ഞാൻ വെറും ഉദ്യോഗസ്ഥ അയാൾ മാനേജറും. മൂന്ന് മാസത്തിൽ ഒരിക്കൽ ഒത്തുചേരാം എന്നതിൽ നിന്ന് എല്ലാ മാസവും ഒരു തവണ എന്നതിലേക്ക് ഞങ്ങൾ വളർന്നു. പഴകുന്തോറും വീഞ്ഞിനു വീര്യം കൂടും.
ഇംഗ്ലണ്ടിൽ മറ്റൊരുത്തന്റെ ഭാര്യയായി തന്റെ കാമുകി മാറിയതറിഞ്ഞു ബാലൻ ആദ്യം വിളിച്ച് പൊട്ടിക്കരഞ്ഞത് എന്റടുത്താണ്. അന്നു മുതലാണ് ബാലൻ പൂർണ്ണമായും എന്നിലേക്ക് ഇറങ്ങി വരുന്നത് ഞാനറിഞ്ഞു തുടങ്ങിയത്. പിന്നീടങ്ങോട്ട് ഞാൻ അവനു താങ്ങായും തണലായും ഒപ്പത്തിനൊപ്പം ചേർന്നു നടന്നു. ഞങ്ങൾ മറ്റൊരു ഹോട്ടലിലേക്ക് നുഴഞ്ഞു കയറി മുഗൾ സാമ്രാജ്യം പണിതുയർത്തി. വർണ്ണക്കടലാസിൽ പൊതിഞ്ഞ മധുരം വീണ്ടും അവനെനിക്കു നൽകി. ചേർത്തു പിടിക്കുവാൻ, ഇമ്പമാകുവാൻ. എന്റെ കാമുകനെ ഉറക്കി കിടത്തി ഞാൻ ബാലുവിന്റെ ഇച്ഛയ്ക്കൊത്ത് ഇഴകി ചേർന്നു. വീര്യം കൂടി കൂടി മത്ത് വിട്ടു മാറാതെ തലച്ചോറ് ചുറ്റി കെട്ടി പിടഞ്ഞ് പിണഞ്ഞ് ഊരാകുരുക്കിൽ അലിഞ്ഞു കിടന്നു.

കരാറുകൾ ഒന്നും തന്നെ ഞങ്ങൾ ലംഘിച്ചില്ല. ലംഘിക്കുന്നതിനേക്കുറിച്ച് ചിന്തിച്ചതു കൂടിയില്ല. മാസങ്ങൾക്ക് ശേഷം, മൂത്തമകനെ കൂട്ടി കെട്ടാൻ ബാലന്റെ അച്ഛനുമ്മമയും തീരുമാനിക്കുന്നതുവരെ. അപ്പോഴേക്കും വിരഹ കാമുകന്റെ താടിയിൽ നിന്നും പിരിച്ചു വെച്ച മീശയുമായി ഒരു ഉത്തമ വരൻ ഉണർന്നു കഴിഞ്ഞിരുന്നു. ബാലു അങ്ങനെയാണ്. കുടുബത്തിനു വേണ്ടി സർവ്വതും വഹിക്കും. അവരോട് എതിർത്തൊന്നും പറയാറില്ല.

കല്യാണാലോചനകൾ വാഴക്കുളത്തെ കൈതചക്കകൾ പോലെ പെരുകി കൊണ്ടെയിരുന്നു. ഓരോ പെ  കുട്ടിയുടെയും ഫോട്ടോകൾ ഞങ്ങൾ തിരിച്ചും മറിച്ചും നോക്കി. അതിൽ അവസാനം താരയെ തിരഞ്ഞെടുത്തതും ഞാനായിരുന്നു. അപ്പോഴൊന്നും യാതൊന്നും തോന്നിയിട്ടില്ല ബാലനോട്. അവനും ഒരുപക്ഷേ അങ്ങനെ തന്നെയായിരുന്നിരിക്കണം. താരയേ പെണ്ണു കാണാൻ പോകാൻ വേണ്ടി ബാലനെ; ബാലൻ.കെ.നായർ ആക്കി തയ്യാറാക്കി വിട്ടതു പോലും ഞാനായിരുന്നു. പെണ്ണുകാണൽ ഗംഭീരമാക്കി ബാലൻ തിരിച്ചു വന്നപ്പോൾ നിശ്ചയത്തിന്റെയും കല്യാണത്തിന്റെയും തീയതികൾ അവന്റെ പുറകിൽ വാലായി കൂടി. ഞങ്ങൾ ഒരുമിച്ചാണ് അവനു വേണ്ടിയുള്ള കല്യാണ സാമഗ്രികളുടെ ഓൺ ലൈൻ ഷോപ്പിങ്ങ് നടത്തിയതും.

താരയുടെ ഫോൺ കോളുകളും വാട്സ് ആപ്പ് മെസേജുകളും വന്നു കൊണ്ടേയിരുന്നു. ഏറ്റവും പ്രിയപ്പെട്ട 'കീഴ്' ഉദ്യോഗസ്ഥയായി ബാലൻ സാർ എന്നെ താരയ്ക്ക് പരിചയപ്പെടുത്തി. വളരെ വേഗത്തിൽ ഞാൻ താരയോടും സൗഹൃദം സ്ഥാപിച്ചു. വിവാഹ ശേഷം എന്ത്? എങ്ങനെയെന്നൊന്നും ഞാനും ചിന്തിച്ചില്ല. ബാലനും ചിന്തിക്കാനിടയില്ല.

അവന്റെ കല്യാണത്തിനു പോകാൻ വേണ്ടി ഞാനും കെങ്കേമമായി തയ്യാറെടുത്തു. തിരക്കുകൾക്കിടയിൽ ഞങ്ങൾ തെന്നി മാറാൻ തുടങ്ങിയ സമയത്ത് ബാലു എന്നെ വിളിച്ചു 'കൊച്ചിക്ക് പോയാലോ' എന്ന് ചോദിച്ചു. കല്യാണത്തിനു കൃത്യം മൂന്ന് ദിവസം മാത്രമാണ് ബാക്കിയെന്ന് നന്നായിട്ട് എനിക്ക് അറിയാമായിരുന്നിട്ടും ഞാനും പോകാൻ തന്നെ തീരുമാനിച്ചു.

അവൻ താരയോട് എന്ത് കള്ളം പറഞ്ഞാണ് വന്നതെന്ന് എനിക്കറിയില്ല. ഞാൻ സ്ഥിരമായി ഉപയോഗിക്കാറുള്ള കള്ളങ്ങൾ തന്നെ തിരിച്ചും മറിച്ചും പറഞ്ഞു കൊണ്ടു കൊച്ചിക്ക് ഫ്ളൈറ്റ് പിടിച്ചു. അന്നുവരെയുള്ള രണ്ട് വർഷകാലത്തിനിടയിൽ പറഞ്ഞിട്ടില്ലാത്ത, ഞങ്ങളങ്ങോട്ടുമിങ്ങോട്ടും ചോദിച്ചിട്ടുപോലുമില്ലാത്ത പല കാര്യങ്ങളും പെരുമഴക്കാലത്തിലെ മാരിയായി ഞങ്ങളിൽ പെയ്തിറങ്ങി. വർണ്ണങ്ങൾ ചാലിച്ച മധുരം ഞങ്ങൾ വീണ്ടും പങ്കുവെച്ചു. മറ്റേതോ ലോകത്തിലെ അന്തർധാരകളിലേക്ക് ഞങ്ങൾ കൈകോർത്ത് നടന്നു. ബോധമണ്ഡലം ഇടയ്ക്ക് എപ്പോഴോ മയങ്ങിയ സമയത്ത് അവൻ എന്നോട് നമ്മൾ കല്യാണം കഴിച്ചിരുന്നേൽ എന്ത് രസമായേനേ അല്ലേ? എന്ന് ചോദിച്ചു. എന്റെ ബോധമണ്ഡലത്തിൽ തന്നെയുണ്ടായിരുന്ന ഒരു ചിന്തയായിരുന്നത്. കല്യാണ ശേഷമൊരു കുടിച്ചേരൽ വേണ്ടന്ന് പറഞ്ഞത് ഞാനാണ്. ബാലുവിനും അതാണ് ശരിയെന്ന് തോന്നിയെങ്കിലും അവൻ ആ കരാർ പാസ്സാക്കിയിരുന്നില്ല. താര ബാലന്റെ ജീവിതത്തിലേക്കു വന്നു. രണ്ട് വർഷത്തിനു ശേഷം നൈസ മോളും അവരുടെ ജീവിതത്തിലെ കുളിർമഴയായി പെയ്തിറങ്ങി. മൂന്നു വർഷങ്ങൾ കഴിഞ്ഞു. ഇതിനിടയിൽ എന്റെ ദിവ്യകാമുകൻ കല്യാണം കഴിച്ചു. അവനും ഒരു ആ കുട്ടി ജനിച്ചു. അങ്ങനെ അങ്ങനെ എണ്ണിയാൽ തീരാത്ത ഒരുപാട് മാറ്റങ്ങൾ; ജോലിക്കയറ്റം, പുതിയ ശമ്പളം, പുതിയ ട്രെയിനിങ്ങ് ബാച്ചുകൾ, വർഷാവർഷങ്ങളിൽ മാറി മാറി വന്നു കൊണ്ടേയിരുന്ന ആപ്പിളിന്റെ ഫോണുകൾ പോലെ എല്ലാം പുരോഗമിച്ചു. പക്ഷേ എന്റെയും ബാലൻ. കെ.നായരുടെയും ദിവ്യബന്ധം ഒരു മഞ്ഞുതുള്ളി പോലും സ്പർശിക്കാതെ നിന്നു. മാറാത്ത രണ്ട് മനുഷ്യമനസ്സുകൾ, ശരീരങ്ങൾ, ചിന്തകൾ, മധുരങ്ങൾ, നുണകൾ... ഒന്നും ഞങ്ങളുടേതായ ലോകത്ത് മാറിയതേയില്ല.

ഇത്തവണ പക്ഷേ അങ്ങനെയായിരുന്നില്ല. എന്റെ വീട്ടിലുള്ളവർ എന്നെ പിടിച്ചു കെട്ടിക്കാൻ തീരുമാനിച്ചു. പാഞ്ഞുകൊണ്ടിരുന്ന കപ്പൽ നടക്കടലിലെത്തിയപ്പോൾ ഒരു ഒറ്റ കിടപ്പ്. അങ്ങോട്ടുമില്ല ഇങ്ങോട്ടുമില്ല. അതായിരുന്നു എന്റെ അവസ്ഥ.

ഞാൻ എന്നിലേക്ക് തന്നെ ഉറ്റുനോക്കി. എന്റെ വേരിന്റെ അഗ്രം മുളയ്ക്കാതെ, നാമ്പ് പൊട്ടാതെ വിറങ്ങലിച്ചു ദ്രവിക്കുന്നത് ഞാൻ കണ്ടു. ഒരിക്കൽ പോലും ഞാൻ എന്റെ കാമുകനെ കുറിച്ചോർത്തില്ല. എന്നാൽ ബാലന്റെ ജീവിതത്തെ കുറിച്ച് ഞാനോർത്തു. അവന്റെ കുടുംബത്തെ കുറിച്ചോർത്തു, എന്റെ കുടുബത്തിന്റെ വ്യകുലതകളെ കുറിച്ചും, എന്റെ ഉള്ളറയിലെ കിളിർത്തു പൊന്താൻ വെമ്പി നിൽക്കുന്ന തളിരിലകളെ കുറിച്ചും ഓർത്തു.

ചിന്തിച്ചിട്ടുപോലുമില്ലാത്ത കാര്യങ്ങൾ ചിന്തിച്ചപ്പോൾ എനിക്ക് പല തീരുമാനങ്ങളും എടുക്കേണ്ടി വന്നു. അതുകൊണ് ഞാൻ പറഞ്ഞത് ഇത്തവണ മാറ്റങ്ങളുടെ കൊടുമുടിയിൽ നിന്നു തന്നെയാണ് യാത്ര തുടങ്ങിയതു പോലും. പലതവണ ബാലു വിളിച്ചിട്ടും പല കാരണങ്ങൾ പറഞ്ഞ് ഒഴിഞ്ഞു മാറി. ഇനി ഒരിക്കലും പോകരുതെന്ന് ഉറപ്പിച്ചാണ് ഒഴിഞ്ഞ് മാറിയതും, മറ്റൊരു ജോലി അന്വേഷിച്ചതും. പിന്നെ പിന്നെ ബാലന്റെ ഫോൺ കോളുകൾ എടുക്കാതെയിരുന്നു. പറിച്ച് മാറ്റപ്പെടുകയാണെന്ന് അങ്ങനെ ബാലനും മനസ്സിലായി തുടങ്ങിയിരുന്നു. ബാലൻ എന്നിൽ നിന്നും വെറുപ്പോടെ അകലുകയാണെന്നറിഞ്ഞപ്പോൾ എന്റെ ഉള്ളം പിടഞ്ഞു. അവസാനമായൊരു ഒത്തുചേരൽ അനിവാര്യമാണെന്നെനിക്ക് തോന്നി. ഞാൻ ബാലുവിനെ അങ്ങോട്ട് വിളിച്ച് കൊച്ചിയിലേക്ക് വരാൻ പറഞ്ഞു. തുടങ്ങിയിടത്തു തന്നെ അവസാനിപ്പിക്കാനായി ഞങ്ങൾ ഏറ്റവും ആദ്യം തിരഞ്ഞെടുത്ത ഹോട്ടൽ മുറിയിലേക്ക് തന്നെ ഞങ്ങൾ പ്രവേശിച്ചു. കഴിഞ്ഞ അഞ്ചു വർഷക്കാലം കണ്മുന്നിൽ മിന്നി മറഞ്ഞു.

അവന്റെ മധുരം; വർണ്ണക്കടലാസിലെ വർണ്ണങ്ങൾ പാലിച്ച മധുരം അവസാനമായി എനിക്കവൻ പകുത്തു തന്നു. ഞങ്ങൾ ആടിപാടി ഉല്ലസിച്ചു. ആഹാരവും കഴിച്ചു. ഞാൻ എനിക്ക് സംസാരിക്കാനുണ്ട് എന്ന് ബാലനോട് പറഞ്ഞു.

സമയം എന്തായി ?

11:30 കൃത്യം

നമുക്കൊരു ചായ കുടിച്ചാലോ ?

ഇപ്പഴോ?

അതെ, വെറുതെ ഒരു നടത്തം നടന്ന്, തനിക്ക് പറയാനുള്ളതൊക്കെ പറഞ്ഞ്, ഞാൻ അതെല്ലാം കേട്ട്, ഒരു ചായയൊക്കെ കുടിച്ച് തിരിച്ചു വരാം. അതൊരു നല്ല ആശയമായിട്ടാണ് എനിക്കു തോന്നിയത്. അതുകൊണ്ട് ഞാനും സമ്മതിച്ചു.

ഞങ്ങൾ നട്ടപാതിരായ്ക്ക് നടക്കാനിറങ്ങി.

കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ പറയാൻ ആഗ്രഹിച്ച എന്നാൽ ഒരിക്കൽ പോലും പറയാതിരുന്ന എല്ലാ കാര്യങ്ങളും, സ്വപ്നങ്ങളും, ഇഷ്ടങ്ങളും, ആഗ്രഹങ്ങളും ഞാൻ ബാലുവിനോട് പറഞ്ഞു. താരയുടെയും നൈസമോളുടെയും ഉൾപ്പടെ എല്ലാവരെയും കുറിച്ച് ഞാൻ സംസാരിച്ചു. ഒടുവിലായി ഞാൻ അവനോട് ചോദിച്ചു.

നിനക്ക് ഈ ലോകത്ത് ഏറ്റവും കൂടുതലിഷ്ടം ആരോടാണ് ?

എന്റെ അമ്മയോട്

അതു കഴിഞ്ഞിട്ടോ?

എന്റെ കുടുംബം

കുടുംബമെന്ന് പറയുമ്പോൾ

താര, നൈസ്, അനുജൻ, അനുജത്തി... അങ്ങനെ എല്ലാവരും.

അതു കഴിഞ്ഞിട്ടോ ?

പ്രിയപ്പെട്ടവൻ അൻവറും ഭാര്യയും

അതു കഴിഞ്ഞിട്ടോ ?'

'നീ'

ഞാനൊന്നു മൂളുക മാത്രം ചെയ്തു. കഴിഞ്ഞ അഞ്ച് വർഷക്കാലം വെറും ഉപഭോഗത്തിന്റെ ഇരയായി മാത്രം വിഡ്ഢിവേഷം കെട്ടിയതോർത്തപ്പോൾ പിന്നെ നാവ് ചലിപ്പിക്കാൻ തോന്നിയില്ല. എന്നിട്ടും അവസാനമായി എന്താണ് ബാലനോട് പറയേണ്ടത് എന്ന് ഞാൻ ഉറപ്പിച്ചു



പിന്നെയും ഞങ്ങൾ നടന്നു. മൂന്ന് തവണയായി മൂന്നിടത്തു നിന്ന് ചായ കുടിച്ചു. അവൻ ഞങ്ങളുടെ കരാർ ഉടമ്പടിയേ കുറിച്ചു പറഞ്ഞ് എന്റെ തോളത്ത് കൈയിട്ട് എന്നോടൊപ്പം ചേർന്ന് നടന്നു. അപ്പോഴാണ് ഞാൻ മറ്റൊരു കാര്യമോർത്തത്. നാളിതുവരെ ഹോട്ടൽ മുറികളുടെ നാലു ചുവരിനുള്ളിലല്ലാതെ ഞങ്ങളിങ്ങനെ പരസ്യമായി നടന്നിട്ടില്ലല്ലോയെന്ന്.

ബാലന് മുറിവുകൾ മായിച്ചു കളയാൻ അവന്റെ നാവ് മാത്രം മതി. എല്ലാം മറന്ന് അവന്റെ കരങ്ങൾ ചേർത്തു പിടിച്ച് ഞാൻ ആ നാടാകെ നടന്നു. എവിടെയാണ് എന്താണെന്നൊന്നും കൃത്യമല്ല. എന്നിരുന്നാലും ഇടയ്ക്ക് മഹാരാജാസും മറൈൻ ഡ്രൈവുമൊക്കെ കടന്നു പോയതുപോലെയൊരു ഓർമ്മയുണ്ട്.

രാത്രിയുടെ തണുപ്പിന്, രാത്രിയുടെ കാഴ്ച്ചയ്ക്ക്, ഏകാന്തമായ ഇടനാഴികയ്ക്ക്-ചേറ ഗന്ധവുമായി ഓളം തല്ലുന്ന ജലാഷയത്തിന്, മഞ്ഞ വിളക്കുകൾക്ക്, അകലെ കാണുന്ന ബോട്ടുകളിലെ മുക്കുവന്മാർക്ക്, ചൂടോടെ കുടിച്ചിറക്കിയ മധുരമേറിയ ചായയ്ക്ക്, ഞാൻ പറഞ്ഞ കഥകൾക്ക് അങ്ങനെ എല്ലാറ്റിനും ഒരു പ്രത്യേകതരം ഭ്രാന്ത് പിടിപ്പിക്കുന്ന ശക്തിയുണ്ടായിരുന്നു.

ഏറ്റവും കുറഞ്ഞത് ഒരു എട്ട് കിലോമീറ്ററെങ്കിലും ഞങ്ങൾ നടന്നു കാണണം. തിരിച്ചു ഹോട്ടലിൽ എത്തിയപ്പോൾ കൃത്യം മൂന്ന് മണി. വിയർത്ത് കുളിച്ച് വന്ന ഞങ്ങൾ ഒരുമിച്ച് കുളിച്ചിറങ്ങി കിടന്നുറങ്ങി. നേരം വെളുത്തിട്ടും ഞാൻ ഉണർന്നിട്ടും ബാലു ഉണർന്നില്ല. എത്ര സുന്ദരമാണ് ബാലൻ കിടന്നുറങ്ങുന്നത് കാണാൻ. വിളിച്ചുണർത്താൻ തോന്നുകയില്ല. ഇമവെട്ടാതെ അവന്റെ കിടപ്പ് മതിയാവുവോളം നോക്കിയിട്ടും സഹിക്കവയ്യാതെ അവൻ ഉണരരുതേയെന്ന് പ്രാർത്ഥിച്ചു കൊണ്ട് അവന്റെ നെറുകിൽ ഒരു ചുടു ചുബനം തൊട്ടു. മൃദുലമായിരുന്നിട്ടും എന്റെ ചൂട് അവനറിഞ്ഞു. അവനുണർന്നു. പോകാൻ തയ്യാറായിറങ്ങി. ഒന്നു മാത്രം ഞാൻ അവനോട് പറഞ്ഞു.

ഇതെന്റെ അവസാനത്തെ വരവാണ്. ഇനിയൊരു ഒത്തുചേരലുണ്ടാവില്ല."

അറിയാം  എന്ന് മാത്രമാണ് അവൻ പറഞ്ഞത്. പിന്നീട് കാറിൽ നിന്നിറങ്ങാനും. ആ ഇറക്കിവിടലിൽ എല്ലാമുണ്ടായിരുന്നു. എല്ലാം.

എന്റേതല്ലാത്ത ഒന്നിനെ ഞാൻ എന്നേക്കാൾ ഏറെ സ്നേഹിച്ചിട്ടും ഞാൻ ആർക്കും ആരുമാകാതെയായി. ഒറ്റയ്ക്കായി. എന്റെയും അവന്റെയും കാമത്തിന്റെ വെറും കാമത്തിന്റെ മാത്രം ഇരയായി. ഞാൻ ഒന്നും നേടിയില്ല. എന്റെ ശരീരത്തിനു പോലും എന്നോട് അറപ്പ് തോന്നി. അഞ്ച് വർഷക്കാലം വിഡ്ഢിയായി അഭിനയിച്ചതിൽ ഖേദിച്ച് തലച്ചോറ് എന്നെ തീ കൊളുത്തി കത്തിച്ചു.

അപ്പോഴേക്കും എന്റെ ഹൃദയം തുടിക്കുന്നുണ്ടായിരുന്നു., എന്റേതല്ലാത്ത ഒന്നിനെതേടി...



# मै यात्री हूं

बहुत समय हो गया है

और मेरे पैरों में दर्द हो रहा है,

और मेरे दमिाग में बस एक ही बात है:

"उस रास्ते पर क्यों चलूं,

जिसका कोई मंजिल ही नहीं।"

लेकिन फिर भी... यह एक पथ है

और मैं एक यात्री हूं..

जिसने यात्रा शुरू की

और अब अंत तक चलना है...

मंजिल रहे या न रहे...



VAISHAKHI PILLAI
BA ENGLISH



# TOWARDS THE REALITY



STEFFY ANNA THOMAS
BSC PSYCHOLOGY

Doomed inside a cage,

the four walls of my room.

Drawn attention towards the window. Bars reflected a jail scene, as I forcefully opened the window.

The flash of the moonlight stabbed my eyes and cleared my eyes for a better you.

Oh wow….. sparkling little stars through the dark, the peaceful atmosphere, grasshoppers's song.

words are sprouting like a spark, as if someone is calling, trying to be with me together.

It was the time I became late to open this world in which I realised that, "you for me and I for you"....



# അതിർത്തിയിലെ വിലാപം



RISHIKESH JAGEESH
BSC PSYCHOLOGY

കോലുമിട്ടായികളുടെയും, തന്റെ പ്രിയ കാർട്ടൂ കഥാപാത്രങ്ങളുടെയും ലോകത്ത് പെട്ടെന്നായിരുന്നു വെടിശബ്ദങ്ങൾ ഉയർന്നത്, അക്ബർ അവന്റെ കുഞ്ഞിക്കണ്ണുകൾ തുറന്നുനോക്കി, പൊട്ടിത്തകർന്ന മേൽക്കൂരയ്ക്കിടയിലൂടെ ചോർന്നുവരുന്ന സൂര്യപ്രകാശത്തെ മറച്ചുകൊണ്ട് ഒരു സുരക്ഷാവലയം എന്നപോലെ തന്നെ നോക്കിനിൽക്കുന്ന തന്റെ ഉമ്മപ്പൂവിനെ ആണ് അവൻ കണ്ടത്, ഉമ്മപ്പൂവിന്റെ കണ്ണുകൾ നിറഞ്ഞിട്ടുണ്ട്, മുഖത്താകെ ഭയത്തിന്റെ ഇരുട്ട് പടർന്നിരിക്കുകയാണ് പക്ഷെ അക്ബറിന്റെ നിഷ്കളങ്കമായ പുഞ്ചിരി ആ ഇരുട്ടിലേക് പ്രതീക്ഷയുടെ പൊൻകിരണങ്ങൾ എന്നപോലെ ഒരു ചെറു പുഞ്ചിരി പടർത്തി. കാതടപ്പിക്കുന്ന വെടിശബ്ദങ്ങളും, വട്ടമിട്ടു പറക്കുന്ന പോർവിമാനങ്ങളുടെ ശബ്ദവും, പ്രണാനുവേണ്ടിയുള്ള കൂട്ടക്കരച്ചിലുകളും ഭയമുളവാക്കുന്നവയായിരുന്നെങ്കിലും അക്ബറിന് ഇതെല്ലാം ഒരു താരാട്ടുപാട്ടെന്നവണ്ണം സുപരിചിതവും സാധാരണവുമായിരുന്നു. ഇന്ത്യ-പാക് അതിർത്തിയിലെ ഒരു പ്രാന്തപ്രേദേശത്താണു അക്ബറും ഉമ്മ ഖദീജയും ജീവിച്ചിക്കുന്നത് അല്ല ജീവിച്ചിരുന്നത്, കാരണം ഇന്ന് അവർക്ക് ജീവിക്കാനുള്ള എല്ലാ അവകാശങ്ങളും നിഷേധിക്കപ്പെട്ടിരിക്കുന്നു. അക്ബറിന്റെ വാപ്പ മൊയ്ദീൻ കുറച്ചു വർഷങ്ങള്ക്കു മുൻപ് പാക്കിസ്ഥാൻ നടത്തിയ മിന്നൽ ഷെൽ ആക്രമണത്തിൽ മരണമടഞ്ഞിരുന്നു. കഴിഞ്ഞ കുറച്ചു മാസങ്ങളായി വെടിനിർത്തൽ പ്രഖ്യാപിച്ചിരിയ്ക്കുകയാണ്, പ്രത്യക്ഷത്തിൽ ശാന്തമായിരുന്ന സമുദ്രം അന്തരാളങ്ങളിൽ പ്രക്ഷുബ്ധമായിരുന്ന പോലെ വെടിനിർത്തലാൽ പറന്നുയർന്ന സമാധാനത്തിന്റെ വെള്ളരിപ്രാവുകൾ വരാൻ പോവുന്ന ശവംതീനി പക്ഷികളുടെ ദൂതന്മാർ ആയിരുന്നു എന്ന് പലരും മനസിലാക്കിയിരുന്നില്ല തലേദിവസം അത്താഴപ്പട്ടിണി കിടന്നത് കൊണ്ടുതന്നെ വിശപ്പിന്റെ വിളികേട്ടാണ് അക്ബർ അന്ന് രാവിലെ എഴുന്നേറ്റത്, ഉറക്കച്ചടവോടുകൂടി അക്ബറിന്റെ പാതിതുറന്ന കണ്ണുകൾ തിരഞ്ഞത് ഉമ്മപ്പൂവിനെ ആയിരുന്നു. അവൻ നിലത്തുവിരിച്ച തുണിവിരിപ്പിൽ നിന്നും പതിയെ എഴുന്നേറ്റു, ആ തുണിവിരുപ്പിന് ഒരുപാട് കണ്ണീരിന്റെയും ഞെരിഞ്ഞമരലുകളുടെയും കഥ പറയാനുണ്ട് കാരണം അതിനവരുടെ ദുരിതങ്ങളോടൊപ്പം തന്നെ പ്രായമുണ്ട്. അക്ബർ പതിയെ അടുക്കളയിലേക്ക് നടന്നു, അടുക്കള എന്നൊന്നും പറയാൻ പറ്റില്ല ആകെ ഉള്ള ഒരു മുറിയുടെ ഒരു മൂലയിലുള്ള വിറകടുപ്പും ഒന്നുരണ്ടു പത്രങ്ങളും ആയിരുന്നു അവരുടെ അടുക്കള. ഇന്നും അടുപ്പെരിഞ്ഞിട്ടില്ല, ദിവസങ്ങളായി ഉമ്മപ്പൂവ് ഓരോ സ്ഥലങ്ങളിൽ നിന്നായി തെണ്ടികിട്ടുന്ന പിച്ചഭക്ഷണം ആയിരുന്നു അവരുടെ ജീവൻ നിലനിർത്തിയിരുന്നത്. അതവരുടെ വയറു നിറച്ചിരുന്നില്ലെങ്കിലും അതുകൊണ്ട് വിശപ്പകറ്റുവാനുള്ള ഒരുതരം പ്രിത്യേക സിദ്ധി യുദ്ധങ്ങൾ അവർക്ക് പകർന്നു നൽകിയിരുന്നു. കാർമേഘങ്ങളാൽ മറയ്ക്കാനാവാത്ത സൂര്യകിരണങ്ങൾ പോലെ, ദുരിതങ്ങളാൽ മൂടപ്പെട്ട അക്ബറിന്റെ ജീവിതത്തിൽ നന്മയുടെ വെളിച്ചം പകർന്നിരുന്നത് അപ്പുറത്തെ കുടിലിലെ രാമുവുമായുള്ള സൗഹൃദം ആയിരുന്നു. അക്ബറും രാമുവും വലിയ ചെങ്ങായിമാരാണ് അവരൊരുമിച്ചായിരുന്നു കളിക്കുന്നതും പഠിക്കുന്നതും ഉസ്കൂളിൽ പോവുന്നതുമൊക്കെ എന്നാൽ കഴിഞ്ഞ യുദ്ധത്തിന്റെ സ്മാരകമായി ഉസ്കൂൾ മാറിയപ്പോൾ അവരുടെ പഠിപ്പും അനിശ്ചിതതത്തിൽ അവസാനിച്ചു.

പെട്ടെന്നെന്തോ ഓർത്തവണ്ണം അക്ബർ വീടിനു വെളിയിലേക്കോടി, കീറിപ്പറിഞ്ഞ കുട്ടിനിക്കറുമിട്ട് രാമു അക്ബറിന്റെ വരവും കാത്തു വഴിയരികിൽ നിൽപുണ്ടായിരുന്നു അക്ബർ വന്നതും നേരത്തെ പറഞ്ഞുറപ്പിച്ചപോലെ അക്ബറിന്റെ പുറകെ രാമുവും കൂടി, രണ്ടുപേരുംകൂടി അലിഭായിയുടെ കടയിലേക്കാണ്. ആ കുഗ്രാമത്തിലെ ഏക ചായപ്പീടികയാണ് അലിഭായിയുടേത്, ഗ്രാമത്തിലെ ഏക ടെലിവിഷനും അവിടെയായിരുന്നു, ഉച്ചതിരിയും വരെ ഇക്കയേ സഹായിച്ചാൽ ഒരു കോലുമുട്ടായി കൊടുക്കാം എന്ന് അലീഭായി പറഞ്ഞിട്ടുണ്ട് കോലുമിട്ടായിയേക്കാൾ ഉപരി ഉച്ചയ്ക്ക് സംപ്രേക്ഷണം ചെയ്യുന്ന അവരുടെ പ്രിയ കാർട്ടൂൺ കാണാനാണ് ഈ കഠിനപ്രയത്നമെല്ലാം. അലീഭായിയുടെ കടയിലേക്കുള്ള ഓട്ടപ്പാച്ചിലിനിടയാണ് എവിടെന്നോ തെണ്ടിയോ പെറുക്കിയോ കിട്ടിയ റൊട്ടി ദുപ്പട്ടയുടെ ഒരറ്റത് പൊതിഞ്ഞുകൊണ്ട് വരുന്ന ഉമ്മപ്പൂവ് അക്ബറിന്റെ കണ്ണിൽ പെട്ടത്. ഉമ്മപ്പൂവിനെ കണ്ടതും അക്ബർ നിലംപതിക്കാൻ നിൽക്കുന്ന നിക്കറും വലിച്ചുകേറ്റി തിരിച്ചോടാൻ തുടങ്ങി. അങ്ങാടിയിൽ ഒറ്റയ്ക്കു വന്നതറിഞ്ഞാൽ കിട്ടുന്ന തല്ലിന്റെ ചൂടും, കൈവിട്ടുപോയാൽ നിലംപതിക്കുന്ന നിക്കർ ഉണ്ടാക്കുന്ന നാണക്കേടും അക്ബറിന്റെ മടക്കയാത്രയെ ദുഷ്കരമാക്കി, എന്നാൽ ഭയം എന്ന വികാരം നാണക്കേടന്നതിനെ മറികടന്നതുകൊണ്ട് തന്നെ അക്ബർ ഉമ്മപ്പൂവിന്റെ കണ്ണിൽ പെടാതെ തന്നെ തിരിച്ചെത്തി, അല്പനേരത്തിനുള്ളിൽ തന്നെ ഉമ്മയും എത്തി. അക്ബറിനെ അടുത്തുവിളിച്ചിരുത്തി ദുപ്പട്ടയിൽ പൊതിഞ്ഞ റൊട്ടി വെളിയിലെടുത്തു ചെറുതായി കീറി പച്ചവെള്ളത്തിൽ മുക്കി അക്ബറിന്റെ വായിൽ വെച്ച്നൽകി, ഉമ്മപ്പൂവിനു ഉണ്ടായിരുന്ന അതേ വിയർപ്പുഗന്ധം റൊട്ടിയിലേക്കും പകർന്നിരുന്നു എന്നാൽ വിശപ്പെന്ന വികാരത്തിനു മുന്നിൽ അക്ബറിന്റെ ഘ്രാണശേഷി പണിമുടക്കിയിരുന്നു. ഉമ്മാ ഈ പച്ചവെള്ളം എന്താ മധുരിക്കുന്നെ  രണ്ടാമത്തെ റൊട്ടികഷ്ണവും വായിൽവെച്ചുകൊണ്ട് അക്ബർ പറഞ്ഞു. പെട്ടെന്നാണ് ഭൂമിയെ ചെറുതായൊന്നു വിറങ്ങലിപ്പിച്ചുകൊണ്ട് ടാങ്കർ ലോറികളും, പട്ടാളക്കൂട്ടവും നിരനിരയായി പോവുന്നത് ഖദീജയുടെ നിർജീവമായ കണ്ണുകളിൽ പരിഭ്രാന്തിയുടെ നിഴൽ പടർത്തിയത്. നല്ലത് മാത്രം ചിന്തിക്കുവാൻ മനസ്സ് പ്രേരിപ്പിക്കുന്നുണ്ടാരുന്നെങ്കിലും ടാങ്കർ ലോറികളും, പട്ടാള പടകളും ഒട്ടും തന്നെ ശുഭസൂചനകൾ അല്ലെന്നു ഖദീജയുടെ അനുഭവങ്ങൾ അവളുടെ ചെവികളിൽ ആവർത്തിച്ചുകൊണ്ടേയിരുന്നു. ഖദീജയുടെ അനുഭങ്ങൾ കള്ളം പറഞ്ഞതായിരുന്നില്ല അവളുടെ ഭയവും വെറുതെയായിരുന്നില്ല. അടുത്ത ആഴ്ച തന്നെ യുദ്ധം ആരംഭിച്ചു, പീരങ്കികൾ തീതുപ്പുവാൻ തുടങ്ങി, ആകാശനീലിമ പുകപടലങ്ങളാൽ മങ്ങിതുടങ്ങി, ഇരു രാജ്യങ്ങളും അധികാരദേവതകൾക്ക് നരബലികൾ നടത്തിക്കൊണ്ടേ ഇരുന്നു, മണൽതരികൾ അരുണാഭമായി. യുദ്ധം മാസങ്ങൾ നീണ്ടു, ഒരുപാട് അമ്മമാരുടെ മക്കൾ മരിച്ചുവീണു, ഭാര്യമാർ വിധവകളായി, കുട്ടികൾ അനാഥരായി എന്നിട്ടും മനുഷ്യന്റെ കൊലവെറി ശമിച്ചിരുന്നില്ല.

എവിടുന്നോ കൈവരിച്ച ഒരുതരം ഊർജിത ധൈര്യത്തോടെ ഉമ്മപ്പൂവ് അക്ബറിന്റെ കയ്യും പിടിച്ചു തകർന്നു വീഴാറായ വീടിനു വെളിയിലേക്ക് ഓടി എന്നാൽ ഉടൻതന്നെ എന്തോകണ്ട് അക്ബർ നിശ്ചലനായി നിന്നു, അവന്റെ കണ്ണുകൾ നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു, അവന്റെ കുഞ്ഞി ചുവന്ന ചുണ്ടുകൾ വരണ്ടിരുന്നു, ശരീരമാകെ ഒരുതരം മരവിപ്പ് അവന് അനുഭവപ്പെട്ടു, നിശ്ചലനായി നിൽക്കുന്ന അക്ബറിന്റെ കണ്ണുകളുടെ ദിശയിലേക്ക് നോക്കിയ ഖദീജ കണ്ടത് അവന്റെ ഉറ്റ ചങ്ങായി രാമുവിന്റെ ചിന്നിച്ചിതറിയ ശരീരമായിരുന്നു. ആ കാഴ്ച ഒരു നിമിഷത്തേക്ക് ഖദീജയിലെ ധൈര്യം ചോർത്തിക്കളയുന്നതായി തോന്നിയെങ്കിലും അടുത്ത നിമിഷം തന്നെ യഥാർത്ഥികതയിലേക് മടങ്ങിവന്ന ഖദീജ അക്ബറിനോടായി പറഞ്ഞു  മോനെ അള്ളാഹുവിനോട് അടുത്തു നിക്കുന്നവരെ അള്ളാഹു പരീക്ഷിച്ചുകൊണ്ടേ ഇരിക്കും മോൻ വിഷമിക്കണ്ട ഇത്രയും പറഞ്ഞ് നെറ്റിയിൽ ഒരു മുത്തംനൽകി എഴുന്നേറ്റ ഉമ്മപ്പൂവിന്റെ നെറ്റിതുളച്ച് ഒരു ബുള്ളറ്റ് പോകുവാൻ അധികനേരം എടുത്തില്ല അവർ അക്ബറിന്റെ മുന്നിലായി നിലംപതിച്ചു. നിമിഷനേരങ്ങളുടെ വ്യത്യാസത്തിൽ തന്റെ ജീവിതത്തിൽ ആകയുണ്ടായിരുന്ന രണ്ട് പ്രത്യാശയുടെ വഴിവിളക്കുകൾ അണഞ്ഞുപോയ അക്ബറിന് ചുറ്റും ഇരുട്ട് അനുഭവപ്പെട്ടു, അവനുറക്കെ ഒന്ന് കരയുവാൻ പോലും സാധിച്ചിരുന്നില്ല അല്പനേരത്തെ മൗനിപ്പിനുശേഷം അവൻ തന്റെ ഉമ്മയെ ചേർത്തുപിടിച്ചു കരഞ്ഞുകൊണ്ട് പറഞ്ഞു  ഉമ്മാ തിരിച്ചു ബാ എനിക്ക് പടച്ചോന് പ്രിയപ്പെട്ടവനാവണ്ട  ഉമ്മപ്പൂവിന്റെ മാറിലെ വിട്ടുപോവാത്ത ചൂടുപറ്റി അവനാ യുദ്ധഭൂമിയിൽ ഇനിയെന്തെന്നറിയാതെ കിടന്നു.

രാഷ്ട്രങ്ങളുടെ അതിർത്തികളിൽ കുടിയേറിപ്പാർക്കുന്ന ജീവിതങ്ങൾ ഒട്ടേറെയാണ്. സ്വന്തമെന്നു പറയുവാൻ ഒരു കുടിലോ, കഴിക്കുവാൻ ആഹാരമോ, പഠിക്കുവാൻ പള്ളിക്കൂടാമോ ഇല്ലാത്ത, രണ്ടു രാജ്യങ്ങളുടെ പിടിവാശികളുടെയും, ആധിപത്യത്തിനുവേണ്ടിയുള്ള വ്യഗ്രതയുടെയുമിടയ്ക് എരിഞ്ഞമരുന്ന ഒരു കൂട്ടം നിസ്സഹായർ, അക്ബറും ഖദീജയും ഒക്കെ അവരുടെ പ്രതിനിധികൾ മാത്രം, അക്ബറിനെ പോലെ ഒരായിരം അനാഥരും നാശങ്ങളും മാത്രമാണ് യുദ്ധങ്ങളുടെ അവശേഷിപ്പുകൾ.




# The Big KUNJI STORE




KUNJI STORE IS AN ART ONLINE WEBSITE WHERE PEOPLE CAN BUY STICKERS, POSTERS OF THEIR CHOICE AT AN AFFORDABLE RANGE. IT WAS A SMALL IDEA THAT CAME THROUGH ROMAL'S MIND WHEN HE GOT AN ART DESIGN PROJECT AT COLLEGE.

1. How did you get the idea of Kunji store ?

Before college itself I wanted to be independent and was looking for ideas that were very different as well as easy to manage. I was very sure of one thing that it has to be connected with art and creativity. Even though all these was happening I was a student at NIFT and decided to drop out and that's how I ended up in SH School of Communication for Animation Course. At first it was very difficult to cope up with the changes but then slowly got comfortable. Still the idea of entrepreneurship remained. Tried one or two ideas but it didn't work out. In between, I got a job and to be honest I was not happy there because for the whole three months I made my art and creativity for some people according to their likes and that's when I decided to quit from the job. From that very moment I got very passionate and eventually it became a necessity. There were family struggles and some personal issues. The breakthrough happened during a class project. We needed to make an art design project and that's when I got an instant idea to do some small sketches on my friend's iPad. To be honest we can say that from there Kunji store started developing. Took the print outs of the sketches and that's how Kunji store was in action. First sale was from my class only and that encouraged me.

2. Where did the kunji store put up stall first ?

The first stall of the store was set up at Comhar 2023 of SHSC. We weren't sure whether it would work out but for three days the store was set up and made a good amount of profit. More than profit we wanted exposure for our store and it happened through Comhar. I would say the first opportunity at Comhar was my shot and I took it. The store got popular as it was affordable for everyone and also had tiny stickers that goes with anything.



3. What is the main aim of Kunji store ?
The main aim of Kunji store is to give opportunities for the artists who are still hiding in the crowd. As you know there are many talented artists who need support and encouragement and that's where kunji store comes in . The first artist in Kunji store was Anu. I just asked her whether she is interested to join our team and then from her side it was an instant yes. Basically the point is there are so many artists among us who need a lending hand for publishing their works and as an entrepreneur I am creating that platform. Any artist is welcome at Kunji store. In short, affordable and cute art.

4. What was the initial investment of kunji store?
To be precise, there was no initial investment. I borrowed 2000 from family and friends. I only had 1000 with me. That's the only money I had. All the money was utilised for printing. Through Comhar we were able to gather some money and after the expenses also we had some profit.

5. When were you given the chance to establish your personal office area in college ?
The chance came through the entrepreneur club of east campus. There was a girl named Rachel And when she noticed Kunji store she was the one who told us that actually you can start it as a start up. And then she gave us the number of Raghunathan Sir of IEDC cell and through him we put forward Kunji store proposal to the college council. They liked the concept and idea of kunji store and that's how kunji store got personal office space in the college.

6. How many workshops did kunji store conduct ?
Just one workshop but that too decided and done over one night. Lots of people attended the workshop which gave us more exposure.

7. How many people are there in your team kunji store ?
We started with one artist and now we have 24 artists from all over India .





# PRICE FOR A LIFE



VAISHNAVI MOHAN
MCJ

The value of mother, Reduced to rough notes.
Sold and bought everyday
Ending to be a lifeless life.
The dream of smile And so it remained the same.
The price of love Tearing her each moment apart,

A day then
She screamed out loud...
“I am not a whore,
I am a woman.
With a sigh of pain she said,
The world’s cheat
Lead me here:
For my pure love…

# മറ്റൊരുവൾ

അതിരാവിലെ ഞാൻ കണ്ണുകൾ തുറന്ന് എഴുന്നേറ്റു; എന്റടുത്ത് അച്ഛനും അമ്മയും നിൽക്കുന്നു. ഇരുവരും സ്നേഹത്തോടെ എന്നെ വാരിപ്പുണർന്നു പിറന്നാൾ ആശംസിച്ചു. ഇന്നെന്റെ 18-ാം പിറന്നാൾ ദിനമാണ്. എഴുന്നേറ്റ ഉടനെ ഞാൻ അച്ഛന്റെകൂടെ ഹാളിൽ ചെന്നിരുന്നു അച്ഛൻ ഫോണിൽ എന്തോചെയ്യുന്നു. ഞാൻ ഒന്നുടെ ശ്രദ്ധിച്ചുനോക്കി മകളെ മാപ്പ് നാടെ ലജ്ജിക്കു. അച്ഛനോട് ഞാൻ കാര്യം ചോദിച്ചു. അച്ഛന്റെ മറുപടി ഇങ്ങനായിരുന്നു. ഏതോ സ്ഥലത്ത് ഏതോ വനിത ഡോക്ടറെ ആരോരാൾ കുത്തികൊലപെടുത്തി. എന്നാലും കഷ്ടമായിപോയി ഒരു ജീവൻ പോയില്ലേ. എന്തായാലും നമ്മുടെ നാട്ടിൽ അല്ല നമുക്ക് കുഴപ്പം ഇല്ല. ഞാൻ ഭക്ഷണം കഴിച്ച് ടിവി കാണുമ്പോൾ വാർത്തായിൽ ഏതോ സ്ഥലത്ത് ആളുകൾ പരസ്പരം കലഹിക്കുന്നു ആക്രമിക്കുന്നു,രണ്ട് സ്ത്രീകളെ നഗ്നരാക്കി നടത്തികൊണ്ടുപോകുന്നു, ആക്രമിക്കുന്നു, ആളുകളെ കൊല്ലുന്നു ഒന്നും മനസിലാകുന്നില്ല. അച്ഛനോട് ഞാൻ കാര്യം ചോദിച്ചു. എന്താ സംഭവം? അച്ഛൻ മറുപടി പറഞ്ഞു, നമ്മുടെ രാജ്യത്ത് ഇന്ത്യയിൽ ഏതോ സ്ഥലത്ത് ആളുകൾ തമ്മിലുള്ള പ്രശ്നമാണ്. കഷ്ടം തന്നെ എത്രയെത്ര ആളുകളാണ് കൊല്ലപെടുന്നത്. എന്തായാലും നമ്മുടെ നാട്ടിൽ ഇങ്ങനത്തെ പ്രശ്നങ്ങൾ ഇല്ല ഭാഗ്യം. രാത്രിയിൽ വീണ്ടും വാർത്തയിൽ 5 വയസ്സ് പ്രായമുള്ള കുട്ടിയെ ക്രൂരമായി പീഡനത്തിനിരയാക്കി കൊലപെടുത്തി എന്നുകണ്ടു. അച്ഛൻ വാട്സാപ്പിൽ മകളെ മാപ്പ് നാടെ ലജ്ജിക്കു എന്ന് വീണ്ടും പോസ്റ്റിടുന്നതുകണ്ടു. ചോദിച്ചപോൾ, ഏതോ സ്ഥലത്ത് 5 വയസ്സ് പ്രായമുള്ള കുട്ടിയെ ക്രൂരമായി പീഡനത്തിനിരയാക്കി കൊലപെടുത്തി എന്നുപറഞ്ഞു. കഷ്ടം തന്നെ എന്തായാലും നമ്മുടെ നാട്ടിൽ അല്ല ഭാഗ്യം.



AJAY SURYA
MA SOCIOLOGY



എല്ലാം കേട്ടുകൊണ്ട് അവൾ വീണ്ടും ചോദിച്ചു നാളെ ഞാനും കൊല്ലാപെട്ടു എന്ന വാർത്തകേട്ടാൽ അച്ഛൻ എന്ത് ചെയ്യും? പ്രതികരണങ്ങൾ ഓ ലൈൻ പ്ലാറ്റ്ഫോംമിൽ മാത്രം ഒതുങ്ങുമ്പോൾ എത്ര ആദരാഞ്ജലികൾ പറഞ്ഞാലും എത്ര മാപ്പ് പറഞ്ഞിട്ടും ഇതിവിടെ അവസാനിക്കാൻ പോകുന്നില്ല. ഇനിയും ചാന്ദിനിമാർ ഉണ്ടാകും, വന്ദനമാർ ഉണ്ടാകും, കലാപങ്ങൾ ഉണ്ടാകും സ്ത്രീകൾ ഇനിയും നഗ്നരായി കൊണ്ടേയിരിക്കും ഇതിവിടെ അവസാനിക്കുന്നില്ല. ആദ്യം അവർ വന്ദനയെ തേടിയെത്തി ഞാനും നിങ്ങളും മിണ്ടിയില്ല. പിന്നീടവർ മണിപ്പൂരിൽ ചെന്നു അന്നും ഞാനും നിങ്ങളും മിണ്ടിയില്ല. പിന്നീട് ചാന്ദിനിയെ തേടി വന്നു അന്നും ഞാനും നിങ്ങളും മിണ്ടിയില്ല. ഒടുവിൽ അവർ എന്നെ തേടി വന്നു അന്ന് എനിക്ക് വേണ്ടി സംസാരിക്കാൻ ആരും ഉണ്ടായില്ല. (മാർട്ടിൻ നീയെമോള്ളേരുടെ വാക്കുകൾ കടം എടുത്തത്). സ്ത്രീ സുരക്ഷ ഉറപ്പുവരുത്താനും അത് നടപ്പിലാക്കാനും ഒരു ഭരണകൂടത്തിന്റെ ധർമ്മമാണ് പ്രാഥമിക ഉത്തരവാധിത്ത്വമാണ് സ്ത്രീകൾക്കും പൗരന്മാർക്കും സുരക്ഷ ഒരുക്കാൻ കഴിയാത്തിടത്തോളം ആ ഭരണകൂടം വെറും നോക്കുത്തിയാണ്. പ്രതികരണം നിലച്ച നാവും സമൂഹവും അടിമത്വത്തിനു തുല്ല്യമാണ്. മാറണം ഇന്ത്യ, മാറണം ഭരണകൂടം, മാറണം നമ്മുടെ ചിന്താശേഷിയും.

# WHAT IF THE AI RUNS AGAINST?





JOLSNA JAYAKUMAR
BA ECONOMICS

We live in a world of tremendous progress in technology. The adaptability to perform with sensational ideas reverses the whole way of human intelligence.A programmed version operates the whole world as 'THE SAVER AND THE DESTROYER'

The art of choosing the right way depends only upon satisfying the needs of us. Just like that, AI's are flawed to be the destroyer of the world in my chapter.Enhancing the authority in power can anticipate, viably the geoid by taking the essentials.The emergence of a great destroyer always comes from killing and to this extent it has tackled by massacring talents and opportunities.Through this,it claims indirectly that they are the next owners of the coming generations.The incredible "HORROR REPLACEMENT" examining every thick and thin that we all confronted as the substitutes in a way or other. According to the studies, two thirds of or 300 million jobs could be fully replaced by AI.The potentiality to consume the whole knowledge in just one spoon, thereby acquiring a huge reduction in the manual structuring. Because of this,we are subconsciously making our minds to withstand this adaptability. The adaptability of subdue! This programmed drive can cause diminished empathy,social nature and manipulations. The digitalised version started to digitalise us by affirming personalised assistance. Actually, it's breaking the capability of human creativity by their dependence.Also, through frequent usage, it makes the people more obsolete.

The critical dependence on the emergence of these tools that are in the top, reduces the capability and made incapable. Towards the authenticity of nurturing new ways of inventions, got an end which is not needed as it enhanced the power all ways.Although it lacks the pure human thought that can come up with more treasure than what all we know today. This fed AI only can outthrow the predictions that are based on algorithms and training datas.The very fundamental ideas couldn"t be own by AI as it is generated.Then there needs the literal HUMAN TOUCH. On to the other hand the art of Humanity vanished with the lack of understanding the human emotions.Additionally the privacy,security,ownership,accountability all stimulated by the humans transferred to the inhumans just by time.Thus,it eventually results in mechanial manipulation but the foremost issue was it's limitations.Now it's time for the question! Will it really serve well to mankind in the future or ? Towards the upcoming era, there may occur a human-induced calamity where this prominent invention gradually starts to conquer along with the programmed schedule and then it shifts upside down.Specifically, the uncontrollable growth will affect the Ethics, morality, concern, humanity etc.. The progressive version can be authorised as the SUPER AI, which upbrings a personalised robot that works for each person. Apart from human skills,emotions and capability, the significance of a systematic programme enhances the minds as well as the physic of the real world humans which is to work with high stability.Since we got these assurances in front there is a large chance of using our brain as brainless.Like a fiction AI may evolve to next stage where we can pursue anything and everything which we think of. Thus, it complexes not only the progress but also the destruction and about the rest,result of invention analysis depends.This stimulated machines make certain abstractions and concepts, as to maintain their level with the skilled.To be precise, it involves programmes that would rely on human intelligence.Here derives the literal meaning of the "Horror Replacement" and the "Destroyer" by marking down with the destruction of human civilization and enslave humanity halves the ways.




NOW IT'S TIME FOR THE KINGDOM TO EMERGENCE AS WHOLE !

# NARRATIVES AT ODDS: UNVEILING THE KERALA STORY AND EMBRACING UNITY IN 2018: EVERYONE IS A HERO



JOEL JACOB ELDHO
MA ENGLISH

A spectre is haunting Indian cinema, the spectre of Hindutva ideology. The dominant hegemonic majority and the conservative far-right state have united to solidify, materialise and manifest this spectre in visible spaces. Film as a medium embodies the socio-political aspects intertwined in the narratives of daily lives. Cinematic space is hence ideological, political and cultural. However, the improper use of ideology can beget manipulated audiences ready to take arms against each other. Cinema has the potential to negate and reinforce hegemonic ideologies and practices; it depends on the disseminators of those ideologies.

A similar case emerges with the recent far-right film 'The Kerala Story' by Sudipto Sen which unfolds the story of a Kerala woman named Shalini Unnikrishnan who is forcibly converted to Islam. The film also talks about other two women named Geetanjali and Nima but mainly focuses on the life of Shalini. Shalini is a Hindu woman who joins for nursing at a college in the Kasargod district of Kerala. The northern districts of Kerala are known for its Muslim majority. The opening shot at Kasargod College portrays a graffiti bearing terrorist sympathies and support for Bin Laden which is an anomaly in Kerala. Colleges in Kerala are usually spaces of secularism where friendship is based on religious concordance, not discordance.



This biased portrayal is indeed influenced by the Hindutva ideology of Savarkar and the ruling BJP party. BJP's aversion towards minority communities is shocking but not surprising due to their long history of communal violence. The film includes extreme propagandist and anti-Muslim content that the pro-BJP states of Uttar Pradesh and Madhya Pradesh made it tax free. PM Narendra Modi even publicly endorsed the film in one of his speeches. These practices throw light on the condition of art in anti-democratic India. A film that ridicules minority communities becomes so prominent that the state invests time in endorsing it and screening it in public universities like JNU.

